ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഇങ്ങനെയുള്ള ചർച്ച കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ ഭക്ഷ്യമന്ത്രി ഡെൽഹിയിൽനിന്നും വന്നുകഴിഞ്ഞതിനുശേഷം അവിടെ പോയതിന്റെ ഫലമെന്താണെന്നറിഞ്ഞ് അതിന്റെ വെളിച്ചത്തിൽ ചർച്ചചെയ്താലെ പ്രയോജനമുണ്ടാകയുള്ളൂ. അദ്ദേഹം വന്നുകഴിഞ്ഞിട്ട് അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ചർച്ചകൊണ്ട് ഫലം കാണും.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മുടെ ഭക്ഷ്യമനിസ്റ്റർ ഡെൽഹിയിൽ കൂടുതൽ അരി വാങ്ങുന്നതിനുവേണ്ടി പോയിരിക്കുകയാണ്. അപ്പോൾ നാം ഇവിടത്തെ ഗുരുതരമായ ഭക്ഷ്യസ്ഥിതിയേപ്പറ്റി ചർച്ച നടത്തിയാൽ അതു പേപ്പറിലും മറ്റും വന്ന് അടുത്ത ദിവസംതന്നെ ഡെൽഹിയിൽ.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. പ്രമേയം disallow ചെയ്യുന്നു.

Presentation of Report.

Shri P. S. Karthikeyan: Sir, I present the Report of the Public Accounts Committee for 1959-60.

LEGISLATIVE BUSINESS

THE KERALA AGRARIAN RELATIONS BILL.

Minister for Revenue **(Smt. K. R. Gouri):**

I move that the Kerala Agrarian Relations Bill, 1957 be finally passed.

Minister for Law **(Shri V. R. Krishna Iyer):**

I second it.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: സർ, കേരള കാർഷിക ബന്ധബിൽ അവസാനമായി പാസാക്കാൻപോകുന്ന ഈയവസരത്തിൽ ചില സംഗതികൾ ഈ സഭ മുൻപാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷപാർട്ടികളെ സംബന്ധിച്ചിടത്തോളം, വളരെ സൗഹൃദത്തോടുകൂടിയ സഹകരണം ഈ ബിൽ പാസാക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വ്യക്തമായ ഒരു പരമാർത്ഥം മാത്രമാണ്. ഇന്നു്, ഈ ഗവണ്മെൻറ് അധികാരത്തിൽ നിന്നു പോകണമെന്നുള്ള ഉദ്ദേശത്തിൽ, ഈ രാജ്യത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭണത്തിൽ ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലുള്ള ബഹുജനങ്ങളെ സംഘടിപ്പിക്കുന്നതിനു് തികഞ്ഞ ഉത്തരവാദിത്വമുള്ള ഈ രാജ്യത്തെ പ്രതിപക്ഷ എം. എൽ. എ. മാർ, ഇന്നു രാവും പകലും, ഉച്ചകഴിഞ്ഞു ഇവിടെ ഇരുന്നു് ഈ ബിൽ പാസാക്കിയെടുക്കാൻ ഈ ഗവണ്മെൻറിനെ സഹായിക്കുന്ന അവസരത്തിൽ, ഇവിടത്തെ ചീഫ് മിനിസ്റ്റർ, അടുത്ത കാലത്തു് തഞ്ചാവൂർ ഒരു പ്രസംഗം ചെയ്തതിൽ, ഇവിടത്തെ പ്രതിപക്ഷങ്ങൾ കാർഷികബന്ധബില്ലിനെതിരാണു്, അതു പാസാക്കുന്നതിൽ സഹായകമായ ഒരു നിലപാടല്ല സ്വീകരിച്ചിരിക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതായി പത്രറിപ്പോർട്ടുകൾ കാണുകയുണ്ടായി. അതു ശരിയാണെങ്കിൽ, വരുന്ന കാലത്തു്, ഈ ഗവണ്മെൻറ് അധികാരത്തിൽനിന്നും പോയിക്കഴിഞ്ഞതിനുശേഷം, ഞങ്ങളെ സമീപിക്കേണ്ട കാലത്തു്, തിരഞ്ഞെടുപ്പിനു വോട്ടുപിടിക്കുമ്പോൾ, ഞങ്ങൾ കാർഷികബന്ധബിൽ പാസാക്കിയവരാണു്, കോൺഗ്രസും പി. എസ്. പി. യും, മുസ്ലീംലീഗും അന്നു് അതിനെതിരായിരുന്നു, ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസബിൽ പാസാക്കി, അതിനും എതർപക്ഷങ്ങളും എതിരായിരുന്നു, എല്ലാ എതിർപ്പുകളെയും അതിജീവിച്ചു ഞങ്ങളും ബഹുജനങ്ങളുംകൂടെവേണ്ടി ഒട്ടേധികം ബില്ലുകളും പർപ്പടകം ചുട്ടെടുത്തതുപോലെ പാസാക്കിയെടുത്തതാണു്, നിങ്ങളും ഞങ്ങളുംകൂടെ വോട്ടർമാരുടെ എന്നു പ്രചരണം നടത്തുന്നതിനുള്ള ഒരു നാന്ദിയായിട്ടല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ ഒരു പ്രസ്താവന നടത്തിയതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. സർ, ഈ ഭാഗത്തിരിക്കുന്ന എല്ലാ അംഗങ്ങളും, വിശേഷിച്ചു ഞാനുംപ്പെട്ടുന്ന കോൺഗ്രസുപാർട്ടി ഭൂനയ നിയമത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു നിലപാടു സ്വീകരിച്ചിരുന്നുവെന്നു സംശയം പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. ഭൂനിയമനിർമ്മാണകാര്യത്തിൽ കോൺഗ്രസ്പാർട്ടിയുടെ നിലപാടെന്താണെന്നു്, കോൺഗ്രസിന്റെ ചരിത്രം അറിയാവുന്നവർക്കു വളരെ വ്യക്തമാകുന്നതാണു്. കോൺഗ്രസിന്റെ കറാച്ചി സമ്മേളനത്തിലും ഫൈസ്പൂർ സമ്മേളനത്തിലും, ആവഡി സമ്മേളനത്തിലും അമൃതസരസ് സമ്മേളനത്തിലും, അവസാനം നാഗപ്പൂർ സമ്മേളനത്തിലും ഈ കാര്യത്തെസംബന്ധിച്ചു്, ഈ രാജ്യത്തെ കാർഷികനിലയെ സംബന്ധിച്ചു്, ഭൂനിയമത്തെ സംബന്ധിച്ചു് വ്യക്തമായ ഒരു ചുവടുവയ്പു കോൺഗ്രസ്പാർട്ടിയിൽനിന്നു് ഉണ്ടായിട്ടുണ്ടു്. അങ്ങനെ പടിപ്പടിയായി കോൺഗ്രസുപാർട്ടി, ഭൂനയം സംബന്ധിച്ചു്, ഭൂനിയമപരിഷ്കാരം സംബന്ധിച്ചു് ധീരമായ ഒരു നിലപാടു് സ്വീകരിച്ചിട്ടുണ്ടെന്നും, ആ നിലപാടിന്റെ അടിസ്ഥാനത്തിൽതന്നെയാണു്, ഇവിടത്തെ പ്രതിപക്ഷങ്ങളും. പ്രത്യേകിച്ചു് കോൺഗ്രസുപാർട്ടി ഈ ബില്ലിനെ സമീപിച്ചിട്ടുള്ളതെന്നു വളരെ അഭിമാനത്തോടുകൂടി ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണു്. അങ്ങനെ ഈ നിയമത്തെ തടസപ്പെടുത്താനല്ല; പ്രത്യുത ഈ നിയമം കാര്യക്ഷമമാക്കിത്തീർക്കുന്നതിനും, ഈ നിയമം ഈ രാജ്യത്തെ കാർഷികസംവിധാനത്തെ, ഏറ്റവും പുരോഗമനപരമായ രീതിയിൽ രൂപപ്പെടുത്തുന്നതിനും, നമ്മുടെ രാജ്യത്തെ ഭക്ഷ്യപ്രശ്നത്തിൽ ഏറ്റവും അത്യാവശ്യമായ വിഭവങ്ങളുടെ വർദ്ധനവിനെ സാരമായി സഹായിക്കുന്നതിനും പര്യാപ്തമായ രീതിയിൽ ഈ നിയമം പാസാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് കോൺഗ്രസുപാർട്ടി ശ്രമിച്ചിട്ടുള്ളതെന്നു പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. അങ്ങനെ വ്യക്തമായ ഒരു നിലപാടു്, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസുപാർട്ടി, ആവശ്യമുള്ളതിനെല്ലാം ഭേദഗതികളും ഉന്നയിച്ചുകൊണ്ടു് — ആപാദചൂടം എതിർക്കുകയല്ല ചെയ്തതു് -- ഈ ബില്ലിലെ പല വകുപ്പുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങളെ സംബന്ധിച്ചു ഭേദഗതികളും ഉന്നയിച്ചുകൊണ്ടു് കോൺഗ്രസുപാർട്ടി ഏറ്റവും സഹായകമായ ഒരു നിലപാടു സ്വീകരിച്ചിരുന്നുവെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയും, ലീഗും ഏതാണ്ടു് അതേനിലപാടുതന്നെയാണു സ്വീകരിച്ചിരുന്നതു്. അങ്ങനെ ഈ ബിൽ, ഒരു ശാശ്വതമായ നിയമമായിത്തീരുന്നതിനുതകത്തക്കതാക്കിത്തീർക്കാൻ അങ്ങേയറ്റം സഹായകമായ രീതിയിൽ ഭേദഗതികളും അവതരിപ്പിച്ചും, യുക്തമായ നിർദ്ദേശങ്ങളും നൽകിയും സഹകരിച്ച പ്രതിപക്ഷത്തോടു് വളരെ എതിരായ ഒരു മനോഭാവമാണു് ഇവിടത്തെ ഭരിക്കുന്ന പാർട്ടി സ്വീകരിച്ചിട്ടുള്ളതെന്നുള്ള വസ്തുതയുംകൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഈ ഭാഗത്തുനിന്നും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളുടെ ഉള്ളടക്കം പരിശോധിച്ചാൽ, ഈ ബിൽ ഏറ്റവും പുരോഗമനപരമാക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും ഞങ്ങളും ശ്രമിച്ചിട്ടുള്ളതായി മനസിലാകുന്നതാണു്. എന്നാൽ, ഗവണ്മെന്റു ഭാഗത്തുനിന്നും അതിനെയെല്ലാം എതിർത്തു തോൽപ്പിക്കാനുള്ള ഒരു പ്രവണതയാണു് പ്രകടിപ്പിച്ചിട്ടുള്ളതെന്നു ഖേദത്തോടുകൂടി ഞാൻ പറയുകയാണു്. ഭൂനയം സംബന്ധിച്ചു്, ഇൻഡ്യയിലെ കോൺഗ്രസുഗവണ്മെന്റു ഭരിക്കുന്ന മറ്റു 13 സ്റ്റേറ്റുകളിലും വ്യക്തമായ ഒരു നയം ഇതിനകം കോൺഗ്രസുപാർട്ടി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും, അതു മൈസൂർ, ആന്ധ്ര മുതലായ സ്റ്റേറ്റുകളിൽ നിയമനിർമ്മാണരൂപത്തിൽ അവതരിപ്പിക്കുകയും, മറ്റു സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 1960-നകം ഭൂനിയമം പ്രയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ]

ള്ള നടപടികളും ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു പ്രത്യേകം ഇവിടെ പ്രസ്താവിക്കാനിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഭൂനയത്തെ സംബന്ധിച്ചിടത്തോളം കോൺഗ്രസുപാർട്ടി വ്യക്തവും ധീരവുമായ ഒരുനിലപാടു സ്വീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസുപാർട്ടിയുംപ്പെടെയുള്ള പ്രതിപക്ഷപാർട്ടികളും ഈ ബില്ലിനെസംബന്ധിച്ചും ഒരു നിലപാടു സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ ഞങ്ങളുടെ ഭേദഗതികളും സ്വീകരിക്കുന്ന കാര്യത്തിൽ, ഞാൻ ആദ്യം പറഞ്ഞതുപോലെ ഗവണ്മെൻറ് ഭാഗത്തുനിന്നും വൈമനസ്യം പ്രകടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്.

മതസ്ഥാപനങ്ങളുടെ സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം പരിധിയിൽ നിന്നും ഒഴിവാക്കണമെന്നു ഞങ്ങളും ആവശ്യപ്പെട്ടു. അതുപോലെതന്നെ പ്ലാന്റേഷനും പരിധിയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്നും ഞങ്ങളും ഭേദഗതിമൂലം ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതൊന്നും ഗവണ്മെൻറിനു സ്വീകാര്യമായില്ല. അതിനുപകരം, ഏതെങ്കിലും ഭൂമി അങ്ങനെ ഒഴിവാക്കേണ്ടതുണ്ടെങ്കിൽ, അതു ഭാവിയിൽ ഗവണ്മെൻറിന്റെ അധികാരത്തിനു വിധേയമായി, ഒരു നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണെന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണു്. അങ്ങനെ ഈ നിയമസഭയുടെ അധികാരത്തിൽതന്നെ കയ്യേറ്റം നടത്തിക്കൊണ്ടു്, ഗവണ്മെൻറ് എക്സിക്യൂട്ടീവു് അധികാരത്തെ ഉർവിനിയോഗം ചെയ്യാനുള്ള ഒരു പഴുതാണു് ഈ നടപടിമൂലം ഉണ്ടാക്കിവച്ചിരിക്കുന്നതു്. ഇതും ജനങ്ങളുടെയിടയിൽ സ്വാധീനം ചെലുത്തി ഭാവിയിൽ വോട്ടുസമ്പാദിക്കാനുള്ള ഒരു അടവായിട്ടേ കണക്കാക്കാൻ നിവൃത്തിയുള്ളൂ. ഈ നടപടിയെ ഞങ്ങളും ഈ മൂന്നാം വായനയുടെ അവസാനഘട്ടത്തിലും അങ്ങേയറ്റം എതിർക്കുകയാണു്. നിയമസഭയുടെ അധികാരത്തിന്മേലുള്ള ഈ കയ്യേറ്റം ആശാസ്യമായ ഒന്നല്ലെന്നുള്ള കാര്യം ഗവണ്മെൻറ് വ്യക്തമായി മനസിലാക്കേണ്ടതാണു്. കായൽനിലങ്ങളും പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണെന്നും ഞങ്ങളും വാദിച്ചിരുന്നു. ഈ രാജ്യത്തെ വിഭവങ്ങളും വർദ്ധിപ്പിക്കണമെന്നുള്ള പരമപ്രധാനമായ ലക്ഷ്യത്തിലെത്തിച്ചേരാൻ ഒട്ടൊക്കെ സഹായിക്കുന്ന കായൽകൃഷിയെ സംബന്ധിച്ചിടത്തോളം വേണ്ടത്ര പ്രോത്സാഹനം നൽകണമെങ്കിൽ, കായൽ നിലങ്ങളും പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണെന്നു ഞങ്ങളുടെ വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു. അതും ഈ ഗവണ്മെൻറിനു സ്വീകാര്യമായിത്തോന്നിയില്ല. ഇതിനും പുറമേ, ലാൻഡു ട്രിബ്യൂണലിന്റേയും, ലാൻഡു് ബോർഡിന്റേയും രൂപീകരണത്തെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങളും ഭേദഗതികളും മുഖേന ഞങ്ങളും വയ്ക്കുകയുണ്ടായി. അതും സ്വീകരിക്കാൻ ഗവണ്മെൻറ് തയ്യാറായില്ല. ലാൻഡു ബോർഡും, ലാൻഡു് ട്രിബ്യൂണലും ഗവണ്മെൻറിന്റെ സ്വാധീനത്തിൽ, കൈകടത്തലുകൾക്കു വിധേയമായിട്ടിരിക്കണമെന്നുള്ളതായിരുന്നു അതിനു കാരണം. ഗവണ്മെൻറിന്റെ കൈ, ഭരിക്കുന്ന പാർട്ടിയിലുള്ളവരുടെ സ്വാധീനം ലാൻഡുബോർഡിലും, ലാൻഡു ട്രിബ്യൂണലിലും ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അതിന്റെയും സംവിധാനം നടത്താൻ വ്യവസ്ഥചെയ്തിരിക്കുന്നതു്. ജൂഡീഷ്യറി അധികാരമുള്ള ഉദ്യോഗസ്ഥന്മാരെ ലാൻഡു് ബോർഡിലും, ട്രിബ്യൂണലിലും നിയമിച്ചാൽ നീതിപൂർവ്വകവും, നിഷ്പക്ഷവുമായ ഒരു നിലപാടു സ്വീകരിക്കുമായിരുന്നു. എന്നാൽ അങ്ങനെയൊരു നിലപാടു് ഈ ഗവണ്മെൻറ് സ്വീകരിക്കുകയില്ലെന്നു ഇക്കഴിഞ്ഞ രണ്ടു സംവത്സരക്കാലത്തെ പ്രവർത്തനങ്ങൾകൊണ്ടു നമുക്കു മനസിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഏതു കാര്യത്തിനും പാർട്ടി താൽപര്യത്തിനും, പ്രത്യേക പരിഗണനകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണു് ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതെന്നു അനുഭവപ്പെട്ടിരിക്കുന്നതിനാൽ, ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലുള്ള ലാൻഡു് ട്രിബ്യൂണലും, ലാൻഡു് ബോർഡും ഗവണ്മെൻറിന്റെ കൈകടത്തലിനും പാർട്ടിയുടെ താൽപര്യസംരക്ഷണത്തിനും വേണ്ടിയാണെന്നു വ്യക്തമായി ഊഹിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ലാൻഡ് ബോഡും, ട്രിബ്യൂണലും സംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നതു അനീതിയാണ്, തെറ്റാണ് എന്നുള്ള വിവരം അറിയിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, അതുപോലെ സീലിംഗ് കഴിഞ്ഞു മിച്ചംവരുന്ന ഭൂമിയുടെ വിതരണത്തെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തുനിന്നും വ്യക്തമായ ഒരു നിലപാടു സ്വീകരിച്ചിരുന്നു; അധികംവരുന്ന ഭൂമി പഞ്ചായത്തുകൾവഴി സഹകരണാടിസ്ഥാനത്തിൽ കൃഷിനടത്താൻ വിതരണം ചെയ്യണമെന്നായിരുന്നു ഞങ്ങളുടെ അഭിപ്രായം. നാഗപ്പൂർ റസല്യൂഷന്റെ തത്വത്തെ അടിസ്ഥാനമാക്കി ഞങ്ങൾ നൽകിയ ആ നിർദ്ദേശം ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. അധികംവരുന്ന ഭൂമിയെല്ലാം, പഞ്ചായത്തുകളെ ഏല്പിച്ചിട്ട്, ഭൂമിയില്ലാത്ത കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരെക്കൊണ്ടു കൃഷിനടത്താൻ നാഗപ്പൂർ പ്രമേയത്തിൽ ആവശ്യപ്പെട്ടിരുന്നതുപോലെ, ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനു, ഭൂമി തുണ്ടുതുണ്ടായി ഉൽപാദനം കുറയാതിരിക്കാനും, നമ്മുടെ കാർഷികവിഭവങ്ങൾ വർദ്ധിപ്പിക്കാനും സഹായകമായ വിധത്തിൽ ഞങ്ങൾ നൽകിയ ആ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടാണ് ഗവണ്മെന്റ് മിച്ചഭൂമി ഇഷ്ടംപോലെ വിതരണം ചെയ്യാനുള്ള വ്യവസ്ഥ സ്വീകരിച്ചിരിക്കുന്നതു്. ഈ രാജ്യത്തെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും, രാജ്യത്തിന്റെ ഭാവി ഭദ്രമാക്കുന്നതിനും ഒട്ടും പര്യാപ്തമല്ലാത്ത ഒരു നടപടിയാണിതെന്നുള്ള കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[Dy. Speaker in the Chair]

മറ്റൊരു കാര്യം, പരിധി നിശ്ചയിക്കുമ്പോൾ, വിസ്തീർണ്ണം മാത്രം മാനദണ്ഡമാക്കിയാൽ, അതു വെറും അശാസ്ത്രീയമായിരിക്കുമെന്നും, ആദായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് ഏക്കറേജ് അടിസ്ഥാനത്തിൽ വേണം പരിധി നിശ്ചയിക്കാനെന്നും ഞങ്ങൾ അഭിപ്രായപ്പെട്ടിരുന്നു. അങ്ങനെയൊരു ക്ലാസിഫിക്കേഷൻ ഭൂമിയെ സംബന്ധിച്ചിടത്തോളം ആവശ്യമാണെന്ന ഈ ഭാഗത്തുനിന്നും വളരെ ശക്തിയായി വാദിച്ചിരുന്നു. അതെല്ലാം അവഗണിച്ചുകൊണ്ടാണ് ഗവണ്മെന്റ് ഇന്നു് ഏക്കറേജടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നടത്തിയിരിക്കുന്നതു്. നമ്മുടെ രാജ്യത്തിന്റെ പ്രത്യേക ഭൂപ്രകൃതിയെ കണക്കിലെടുത്തുകൊണ്ടു്, വിവിധ വിഭാഗങ്ങളിലെ ഭൂമിയുടെ ആദായം വിവിധ രീതിയിലാണെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടു് സ്റ്റാൻഡേർഡ് ഏക്കറേജടിസ്ഥാനത്തിലുള്ള ഒരു ക്ലാസിഫിക്കേഷൻ കേരളത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണെന്ന ഞങ്ങൾ വാദിച്ചിരുന്നു. ആദായത്തെ അടിസ്ഥാനമാക്കി നോക്കിയാൽ, ഈ നാട്ടിലെ പല സ്ഥലത്തെ തെങ്ങിൻതോട്ടങ്ങളുടെ കാര്യംതന്നെ ഇതിനു തെളിവാണ്. പലതും വളരെ വ്യത്യസ്തമായിരിക്കും. ഞാൻ മുൻപൊരവസരത്തിൽ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ, ഏറ്റുമാനൂർ ഒരേക്കർ തെങ്ങിൻതോട്ടവും, വൈക്കത്തു് ഒരേക്കർ തെങ്ങിൻതോട്ടവും, ചെയ്മനത്തെ ഒരേക്കർ തെങ്ങിൻതോട്ടവും മന്ത്രി ശ്രീ. മജീദിന്റെ നാട്ടിലെ ഒരേക്കർ തെങ്ങിൻതോട്ടവും ആദായത്തിന്റെ കാര്യത്തിൽ എത്രമാത്രം വ്യത്യസ്തമായിരിക്കുമെന്നറിയാൻ വലിയ പരിശോധനയുടെ ആവശ്യമില്ല. ശ്രീ. കെ. ആർ. നാരായണന്റെ നാട്ടിലെ വടയാറിലുള്ള ഒരേക്കർ തെങ്ങിൻതോട്ടവും, ശ്രീ. എം. ഏ. ആൻറണിയുടെ നാട്ടിലെ ഒരേക്കർ തെങ്ങിൻതോട്ടവും തമ്മിൽ തുല്യനിലയിലുള്ള പരിശോധനയാണുള്ളതെങ്കിൽ അതിന്റെ അനീതി എത്രമാത്രമാണെന്നു നമുക്കൂഹിക്കാവുന്നതേയുള്ളു. തെങ്ങിൻതോട്ടങ്ങളുടെ കാര്യം ഇങ്ങനെയിരിക്കുമ്പോൾ, ഈ നിയമത്തിൽ പറയുന്നതനുസരിച്ചു ഒരു കുടുംബത്തിനു് 15 ഏക്കർ ഇരുപ്പുനിലം, അല്ലെങ്കിൽ തത്തുല്യമായ പറമ്പു് എന്നു് പരിധി നിശ്ചയിക്കുന്നതു തീരെ അനീതിയും, അശാസ്ത്രീയവുമാണെന്നു പറയാതെ നിവൃത്തിയില്ല. ചേർത്തല മുതലായ തീരപ്രദേശങ്ങളിലെ സ്ഥലവും, കിഴക്കൻ പ്രദേശങ്ങളിലെ ഭൂമിയും ഏക്കറേജടിസ്ഥാനത്തിൽ ആദായം പരിഗണിക്കാതെ പരിധി നിശ്ചയിക്കാൻ ഇടയാക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ]

യാതൊരു തത്പരീക്ഷയുമില്ലാത്ത നടപടിയാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ അനീതിയിൽ വ്യക്തമായി തുറന്നുകാണിക്കാൻ ഞങ്ങൾ ആവശ്യമായ പല ഭേദഗതികളും ഇവിടെ അവതരിപ്പിച്ചിരുന്നു. പക്ഷേ, അതെല്ലാം മാറ്റിവയ്ക്കുന്നുള്ള ഒരു താൽപര്യമാണു് ഗവണ്മെൻറു് ഭാഗത്തുനിന്നും പ്രദർശിപ്പിച്ചിട്ടുള്ളതു്. പ്ലാനിംഗ് കമ്മിഷൻ സീലിംഗ് കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു തത്പം അംഗീകരിച്ചിട്ടുള്ളതിൻറെ അടിസ്ഥാനത്തിലാണു് ഞങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചിരുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ അനുസൃതമായി ചെയ്തിട്ടുള്ള ഉൽപാദനവർദ്ധനവിനു സഹായകമായ രീതിയിലായിരിക്കണം ഭൂനിയമപരിഷ്കാരം നടപ്പിലാക്കുമ്പോൾ സീലിംഗ് നിശ്ചയിക്കേണ്ടതെന്നു് പ്ലാനിംഗ് കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ടു്. കൃഷിയുമായി ബന്ധപ്പെട്ടിടത്തോളം വളരെ അവശ്യമുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ഭൂനിയമം കൊണ്ടുവരുമ്പോൾ, ഉൽപാദനത്തെ സാരമായി സഹായിക്കുന്നതരത്തിലായിരിക്കണം അതിലെ വ്യവസ്ഥകൾ എന്നുള്ള കാര്യം നാം വിസ്മരിച്ചുകൂടാ. താത്പര്യകരമായ ആ അടിസ്ഥാനത്തിൽ മാത്രമായിരുന്നു ഞങ്ങൾ സീലിംഗ് കാര്യത്തിൽ ഗവണ്മെൻറിൻറെ ചില നയങ്ങളെ എതിർത്തതു്.

ഈ ബിൽ നടപ്പിലാക്കാൻ ഈ ഗവണ്മെൻറു് നിലനിൽക്കുമോ എന്നുള്ളതു് മറ്റൊരു പ്രശ്നമാണു്. ഈ ബിൽ നടപ്പിലാകാൻ പോകുന്ന അവസരത്തിൽ ഈ ഗവണ്മെൻറു നിലനിൽക്കുകയാണെങ്കിൽ അന്നും അഴിമതി ചെയ്യാനുള്ള പല വശങ്ങളും ബില്ലിൽ കാണുന്നുണ്ടു്. ജന്മിയോടു് കൂടിയാൻ ഭൂമി വാങ്ങുന്നതു സംബന്ധിച്ചു് ഗവണ്മെൻറിൽ പണം വന്നുചേരും. അങ്ങനെ ഈ വകയിൽ ഗവണ്മെൻറിലേക്കു് പണം വന്നുചേർന്നാൽ അതു് വിനിയോഗിക്കേണ്ടതിനെ സംബന്ധിച്ചു് ബില്ലിൽ വ്യക്തമായി ഒന്നും പ്രതിപാദിച്ചിട്ടില്ല. ഇപ്പോൾതന്നെ ആറരക്കോടിയോളം രൂപ കടം വരുത്തിയിരിക്കുന്നതും ഇനിയും കടം വാങ്ങാൻ തയ്യാറായിരിക്കുന്നതുമായ ഗവണ്മെൻറു മുകളിൽ പറഞ്ഞയിനത്തിൽവരുന്ന പണം എന്തുചെയ്യാൻ പോകുന്നുവെന്നു് ഞങ്ങൾ വളരെ സംശയത്തോടുകൂടി വീക്ഷിക്കുകയാണു്. ഇവിടത്തെ ഖജനാവിനെ ധൂർത്തടിച്ചു് പാർട്ടിയെ വളർത്താൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെൻറിനു് കൈയ്യിൽ ഈ പണം വച്ചുകൊണ്ടു് ഒരു ട്രസ്റ്റി ആയിരിക്കാൻ അവകാശമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു് ? ഈ പണം ഉപയോഗിക്കുന്ന കാര്യത്തിൽ വളരെ കൃത്യനിഷ്ഠയോടും ആത്മാർത്ഥമായും പെരുമാറിയില്ലെങ്കിൽ രാജ്യത്തിനു വലിയ വിപത്തു വരുത്തുമെന്നു് അനുസ്മരിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ആ പണം നിങ്ങളുടെ കയ്യിൽ വരാനുള്ള യാതൊരു സാഹചര്യവും ഉണ്ടാകുകയില്ലെന്നു കാണുന്നതു് വളരെ സന്തോഷകരമാണു്. ഏതായാലും ബില്ലിൻറെ അവസാനനാമിഷമായാലും ഗവണ്മെൻറിൻറെ അവസാനനിമിഷമായാലും ഞങ്ങൾ അവതരിപ്പിച്ച ഭേദഗതികളുടെ ആശയങ്ങൾ സ്വീകരിച്ചു് ഈ ബില്ലിനെ ശരിയായി നടപ്പിലാക്കാൻ യഥാർത്ഥത്തിൽ പുരോഗമനപരമായ ഒരു നിയമനിർമ്മാണമാക്കി തീർക്കാൻ ഞങ്ങളാഗ്രഹിക്കുകയാണു്. ആ ഭേദഗതികളിൽ ഞങ്ങൾ അവിടുന്നുരിച്ചിട്ടുള്ള ആശയങ്ങൾ സ്വീകരിച്ചു് ഈ ബില്ലിൽ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ വരുത്താൻ അവസാനനിമിഷത്തിലെങ്കിലും ഗവണ്മെൻറു തയ്യാറാകുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : നിയന്ത്രിതമായ ശുഭാപ്തി വിശ്വാസത്തോടു് നിർഭരമായ സമ്മിശ്ര വികാരങ്ങളോടുകൂടിയുമാണു് ഞാൻ ഈ ബില്ലിൻറെ മൂന്നാം വായനയിൽ പങ്കെടുക്കുന്നതു്. എൻറെ വികാരങ്ങളിൽ മുന്നിട്ടു നിൽക്കുന്നതു് ഉൽണ്ഠയാണെന്നു പറഞ്ഞാൽ അതേതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തെ സംബന്ധിച്ചുള്ളതുവികാരമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇടിക്കുള : സഭയിൽ ഇരുന്നുകൊണ്ട് പത്രം വായിക്കാമോ ?

ഡെ. സ്പീക്കർ : പാടില്ലെന്നു മുമ്പും റൂളിംഗ് കൊടുത്തിട്ടുണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : എന്നിട്ടും അങ്ങനെ ചെയ്യുന്നതു് എന്തുകൊണ്ടാണു് ?

ഡെ: സ്പീക്കർ : അങ്ങനെ ഉണ്ടാകുകയില്ല. വായിക്കുന്നുണ്ടെങ്കിൽ അതു നിറുത്തും.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ ബിൽ കൊണ്ടുവന്നതിലും അതു നിയമമാക്കിയതിലും ഈ സഭയ്ക്കുള്ള ഉദ്ദേശശുദ്ധിയെ ആരും ചോദ്യം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ നമ്മുടെ ഉദ്ദേശശുദ്ധി നിറവേറ്റാൻ, അല്ലെങ്കിൽ ആ ഉദ്ദേശങ്ങൾ നിറവേറ്റാൻ ഇതുകൊണ്ടു് എത്രത്തോളം സാധിക്കുമെന്നും ഉദ്ദേശിക്കാത്ത പ്രത്യാഘാതങ്ങൾ വല്ലതും ഉണ്ടാകുമോ എന്നുമുള്ള സംശയത്തിയെക്കുറിച്ചാണു് എനിക്കുള്ള ഉൽക്കണ്ഠ. അതെല്ലാം ഗർഭത്തിൽ കിടക്കുന്ന സംശയങ്ങളാണു്. എങ്കിലും ഒരു കാര്യം ഞാൻ തുറന്നു സമ്മതിക്കുകയാണു്. നാം ഇതിനുവേണ്ടി വളരെ പണവും ചെലവാക്കി വളരെ ദിവസങ്ങൾ ഈ ഭാഗത്തുള്ളവരും, ആ ഭാഗത്തുള്ളവരും അവരുടെ കുഴിവന്നു സരിച്ചുള്ള പ്രയത്നവും, പരിശ്രമവും ഇതിനു സംഭാവന ചെയ്തു. അങ്ങനെ ഒരു ഭഗീരഥപ്രയത്നത്തിന്റെ പര്യവസാനവേളയിൽ അതുമായി ബന്ധപ്പെട്ട ഒരു വ്യക്തിക്കുണ്ടാകേണ്ട ആത്മസംതൃപ്തി എനിക്കു ഇന്നു് ഉണ്ടായിട്ടില്ലെന്നു ഞാൻ തുറന്നു സമ്മതിക്കുകയാണു്. ഈ ബില്ലിന്റെ അലകും പിടിയും രൂപവും ഭാവവും ഇന്നത്തേതിൽനിന്നു വ്യത്യസ്തമാക്കാമായിരുന്നെന്നുള്ള ഒരു തോന്നലാണു് ഈ സന്ദർഭത്തിൽ എന്നിൽ തങ്ങിനിൽക്കുന്നതു്. ഇതു് ഞാൻ പറയുന്നതു് ഈ ഭാഗത്തുനിന്നു കൊണ്ടുവന്ന ഭേദഗതികളും ഏതെല്ലാം ഗവണ്മെന്റു സ്വീകരിച്ചു, അല്ലെങ്കിൽ സ്വീകരിക്കാതിരുന്നു എന്നുള്ള അടിസ്ഥാനത്തിലല്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സഭയ്ക്കും ഈ ഗവണ്മെന്റിനും അവരുടെ വിഭാഗത്തിന്മാരായ ഉപദേഷ്ടാക്കൾക്കും ഈ നിയമനിർമ്മാണത്തിനു വേണ്ടി നൽകാൻ കഴിയുമായിരുന്ന സംഭാവനയുടെ പൂർണ്ണത ഇതിൽ പതിഞ്ഞുകാണുന്നില്ലെന്നുള്ളതാണു് ഞാൻ പറയുന്നതിന്റെ അർത്ഥം. അതിനുള്ള കാരണങ്ങളെപ്പറ്റി ഞാൻ ചിന്തിക്കുകയും ആത്മപരിശോധന നടത്തുകയും ചെയ്തപ്പോൾ ഞാൻ എത്തിച്ചേർന്നിട്ടുള്ള നിഗമനം ഭരണകാര്യങ്ങളിലും മന്ത്രിസഭാപ്രവർത്തനങ്ങളിലും ഭരണകക്ഷി പൊതുതത്വങ്ങൾ നിർദ്ദേശിക്കുന്നതിൽ കവിഞ്ഞു് അനുദിനവും അനുനിമിഷവും ഇടപെട്ടുകൊണ്ടിരുന്നാൽ ഇങ്ങനെ മാത്രമെ സംഭവിക്കാൻ ഇടയുള്ളൂ എന്നാണു്. അതങ്ങനെയിരിക്കട്ടെ. ഈ ബില്ലിന്റെ ഉദ്ദേശം എന്നു് കാർഷിക പരിഷ്കരണത്തിലുമുള്ള ഉദ്ദേശംതന്നെയാണു്. നമ്മുടെ നാട്ടിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ദ്രുവീകരണസ്ഥാനം ഭൂമി കൈവശക്കാരനും തമ്മിലുള്ള വിടവു നികത്തുക, സാമൂഹ്യനീതി പുലർത്തുക എന്നുള്ള സംശയങ്ങൾതന്നെയാണു് ഇതിലുള്ളതു്. അതിൽ ആക്ഷേപത്തിനവകാശമില്ല. ഈ നിയമം നടപ്പിലായി പ്രവർത്തിപഥത്തിൽ വരുമ്പോൾ ഈ നാട്ടിൽ സാമ്പത്തികമായ അസമത്വങ്ങൾക്കു് പരിഹാരം കാണുന്നതിനുള്ള കാൽവയ്പായിരിക്കുമെന്നു് നാം വിചാരിക്കുന്നു. ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ ഇതിന്റെ ഫലമായി ആ ഉദ്ദേശങ്ങൾ എത്രത്തോളം നിറവേറ്റപ്പെടുമെന്നുള്ളതിനെപ്പറ്റി എനിക്കിപ്പോൾ വിധി പറയുക സാധ്യമല്ല. അതു് നമ്മുടെ ഉദ്ദേശത്തിനനുസരിച്ചു് വന്നുചേരട്ടെ എന്നു് പ്രാർത്ഥിക്കുമാത്രമേ ഈ സന്ദർഭത്തിൽ കരണീയമായിട്ടുള്ളൂ. ഈ ബില്ലിനെ ഒന്നൊത്തത്തിൽ പരിശോധിക്കുമ്പോൾ ഏറ്റവും പ്രധാനമായി മുഴച്ചുനിൽക്കുന്ന ഒരു വസ്തുത ഇതിൽ അടങ്ങിയിട്ടുള്ള വിവേചനാസ്വഭാവമാണു്. ഈ ബിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമുതൽ ഈ മൂന്നാം വായന നടക്കുന്ന സന്ദർഭത്തിലും ഇവിടെനിന്നും ഉന്നയിച്ചിട്ടുള്ള ആക്ഷേപമാണതു്. എന്നാൽ ആ ആക്ഷേപങ്ങൾക്കു് പരിഹാരം കാണുന്നതിനു പകരം അതിന്റെ അവസാനമാകുമ്പോഴേക്കും വിവേചനാസ്വഭാവം ഉൽക്കടമാക്കാനാണു് സാധിച്ചിട്ടുള്ളതെന്നു് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

വ്യസന സമേതം പ്രസ്താവിക്കുകയാണ്. അനർഹവും അവശ്യത്തിൽ കവിഞ്ഞതുമായ വിവേചനാസ്വാതന്ത്ര്യമുള്ള വകുപ്പുകൾ ഇതിലുണ്ടെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല പല നിർവചനങ്ങളും വകുപ്പുകളും പരിശോധിക്കുമ്പോൾ അതിൽ അടങ്ങിയിട്ടുള്ള വിവേചനസ്വാതന്ത്ര്യം നിയമപരമായും ഭരണഘടനാപരമായും എത്രത്തോളം സാധൂകരിക്കാമെന്നുള്ളതിനെപ്പറ്റി എനിക്ക് ബലമായ സംശയമുണ്ട്. കുടിയാന്മാരുടെ നിർവചനത്തിലും ചെറുകിടക്കാരെ സംബന്ധിച്ചുള്ള ഭാഗങ്ങളിലും മറ്റും വ്യക്തമായി കാണാവുന്ന സംഗതിയാണിത്. അപ്പോൾ ഇങ്ങനെയാണെല്ലോ ഈ ബില്ലിന്റെ പര്യവസാനം ഉണ്ടായതെന്നു എനിക്ക് ഖേദം ഇല്ലാതില്ല. ഈ നിയമത്തിനു കേന്ദ്രത്തിന്റെ അനുമതി ലഭിക്കുന്നതിലും ഇതിന്റെ പ്രവർത്തനത്തിൽ കാലതാമസവും കുഴപ്പങ്ങളും ഉണ്ടാകുകയാണെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഈ സഭ അഥവാ ഈ ഗവണ്മെന്റു പൂർണ്ണമായും വഹിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. കാരണം വലിയ വൈഷമ്യം ഇല്ലാതെ തന്നെ ഒഴിവാക്കേണ്ടതായ പല ന്യൂനതകളും ഇതിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതാണ് പരമാർത്ഥം. ഇതിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ ഏതു വേഗത്തിൽ നമുക്ക് നടപ്പിലാക്കാൻ കഴിയുമെന്നുള്ളതു പ്രധാനമായ ഒരു സംഗതിയാണ്. ഇതിൽ രണ്ടു കാര്യങ്ങളാണ് പ്രധാനമായിട്ടുള്ളതു്. സ്ഥിരാവകാശവും ഭൂവുടമകളാകാൻ കുടിയാന്മാക്കുള്ള അധികാരവും, പരിധി നിർണ്ണയവും, ഇതിൽ പരിധി നിർണ്ണയം എന്നാണ് നമുക്ക് നടപ്പിലാക്കാൻ കഴിയുക എന്നുള്ളതിനെപ്പറ്റി ഈ ബിൽ വായിച്ചാൽ ഒരു എത്തും പിടിയും കിട്ടാനില്ല. അതു സംബന്ധിച്ചു് വാദപ്രതിവാദം നടന്നപ്പോൾ ഞാൻ പറയുകയുണ്ടായി ഏഴാം വകുപ്പും 15ാം വകുപ്പും പ്രകാരമുള്ള ഒഴിപ്പിക്കലുകളെല്ലാം പരിസമാപിച്ച ശേഷം മാത്രമേ പരിധി നിർണ്ണയം നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നു്. 15-ാം വകുപ്പു ഏതു കാലത്തിനുള്ളിൽ നടപ്പാക്കണമെന്നുള്ളതിനെപ്പറ്റി ഇതിൽ യാതൊരു സമയനിർണ്ണയവും ഇല്ല. ഭേദഗതി അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയുടെ വെളിച്ചത്തിൽ അതിനു കാലനിർണ്ണയം ചെയ്തിട്ടുണ്ടെന്നു്. 15-ാം വകുപ്പു അതിന്റെ അവസാനഭാഗത്തിൽ ഞങ്ങൾക്ക അയച്ചുകിട്ടിയതു് വായിച്ചുനോക്കിയപ്പോൾ അങ്ങനെ ഒരു കാലനിർണ്ണയവും അതിൽ ചെയ്തിട്ടുള്ളതായി കണ്ടില്ല. അപ്പോൾ എത്രകാലം വേണമെങ്കിലും ചെറുകിട ഭൂവുടമസ്ഥനോ അവരുടെ കുടിയാന്മാക്കോ ഈ തീരുമാനത്തിലെത്താൻ കാത്തിരിക്കാമെന്നു് വരികയാണെങ്കിൽ പരിധിനിർണ്ണയം അത്രത്തോളം നീണ്ടുപോകുമെന്നുള്ളതു് തൽക്ഷണത്തിൽ നിഷേധിക്കാൻ വയ്യാത്തതാണ്.

ശ്രീ കെ. പി. ആർ. ഗോപാലൻ: ചെറുകിടക്കാരനു് 5 ഏക്കറിൽ കുറവല്ലേ ഉള്ളതു്. 15-ാം വകുപ്പു പരിധിയ്ക്കു എങ്ങനെ ബാധകമാകും.

ശ്രീ. എം. നാരായണക്കുറുപ്പ്: ഒരു കുടിയാനു നാലു ചെറുകിടക്കാരന്റെ കീഴിൽ ഭൂമിയുണ്ടെന്നു വിചാരിക്കുക. അപ്പോൾ ഇതു തീരുമാനിക്കുന്നതുവരെ അതു മുഴുവൻ കൈവശം വയ്ക്കണമെന്നാണോ പറയുന്നതു്. അപ്പോൾ ഗവണ്മെന്റിലേക്കു കൊടുക്കേണ്ടതു് ഏതു ഭൂമിയാണു്?

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ: കുടിയാനു് 15 ഏക്കറിൽ അധികമുണ്ടെങ്കിൽ കൂടുതലുള്ളതു സർക്കാരിനു വരുമല്ലോ. ചെറുകിട കൃഷിക്കാരനു് വരുകയില്ലല്ലോ?

ശ്രീ. എം. നാരായണക്കുറുപ്പ്: നാലു ചെറുകിട കൃഷിക്കാരന്റെ കീഴിലുള്ള ഒരു കുടിയാനാണെന്നു് വിചാരിക്കുക: ആ കുടിയാനു് ഒടുവിൽ എത്ര ഭൂമിയുണ്ടാകുമെന്നു തീരുമാനിക്കണമെങ്കിൽ ഈ ചെറുകിടകൃഷിക്കാർ എത്ര ഭൂമിയെല്ലാം ഒഴിപ്പിച്ചെടുക്കുമെന്നു് അറിയാതെ സാദ്ധ്യമല്ല. ഏഴാം വകുപ്പു പ്രകാരം തന്നെ അതിനു് ഒരു കൊല്ലത്തെ കാലനിർണ്ണയം ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

33671

അതിനുശേഷം അവ തീരുമാനിക്കപ്പെടാൻ ഇന്നത്തെ പരിതഃസ്ഥിതിയിൽ എത്രകാലം പിടിക്കുമെന്നതു കണ്ടറിയേണ്ട വസ്തുതയാണു്. ചെറുകിടകൃഷിക്കാരെ സംബന്ധിച്ചു് ഈ വകുപ്പിൽ ഒരു കാലനിർണ്ണയമില്ലാത്ത കാലത്തോളം പരിധി നിർണ്ണയം അനിശ്ചിതമായി നീണ്ടുപോകുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

സർ, ഈ വക കാര്യങ്ങളൊക്കെ തീരുമാനിക്കേണ്ടതു ലാൻഡ് ട്രിബ്യൂണലാണു്. ഇപ്പോൾ മാറിയ ഭേദഗതിപ്രകാരമുള്ള പരിതഃസ്ഥിതി അനുസരിച്ചു് ആ ട്രിബ്യൂണലിൽ രണ്ടു മെമ്പറന്മാരെ തെരഞ്ഞെടുക്കേണ്ടതു പഞ്ചായത്തുകളുടെ ആവശ്യമായിട്ടാണു്. മലബാറിൽ എല്ലായിടത്തും പഞ്ചായത്തുകൾ രൂപീകരിക്കുന്നതു, ഒരു പക്ഷേ ഇന്നത്തെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല. അതു വരാനിരിക്കുന്ന ഒരു കേരള പഞ്ചായത്തുബില്ലിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇതു നിസ്സാരമായ ഒരു ഭേദഗതിയായിരിക്കാമെങ്കിൽ കൂടിയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ലാൻഡ് ട്രിബ്യൂണലിനെ സംബന്ധിച്ചുള്ള വ്യവസ്ഥാവകുപ്പു് മാറാതെ മലബാറിനെ സംബന്ധിച്ചിടത്തോളം ലാൻഡ് ട്രിബ്യൂണൽ ബെഞ്ചത്തിൽ വരുകയില്ല. മുകുക്കത്തിൽ മറ്റൊരു ഭേദഗതി കൂടാതെ ആ പ്രദേശങ്ങളിൽ അതു നടക്കുകയില്ല. ഇങ്ങനെ പല വിധത്തിൽ കാലം ദീർഘിക്കാനുണ്ടു്.

പരിധി നിർണ്ണയത്തെപ്പറ്റി പറയുമ്പോൾ അതിൽ നാമംഗീകരിച്ച വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു വഞ്ചന ഉൾക്കൊള്ളുന്നുണ്ടു്. കാരണം, അതിൽ എന്താണു പറയുന്നതു്? ഈ നിയമം നടപ്പിലായശേഷം 15 ഏക്കറിൽ കവിഞ്ഞു് ആർക്കും ഉടമാവകാശം പാടില്ലെന്നാണു്. അതു മനസ്സിലാക്കാം. മറിച്ചു പറഞ്ഞാൽ 15 ഏക്കറിൽ കുറവായി വസ്തു കൈവശമുള്ളവർക്കു് അതുതോളം ഭൂമി കൈവശം വയ്ക്കുവാൻ ഇതു് അധികാരം നൽകുന്നു എന്നല്ലേ ഇതിനർത്ഥം. എന്നാൽ ഭൂമി വിലയ്ക്കു വാങ്ങുവാൻ നൽകുന്ന അധികാരത്തെ മുൻനിറുത്തി നോക്കിയാൽ ഒരു പൊരുത്തക്കേടു് അവിടെ കാണുന്നുണ്ടു്. ഒരാളിനു് നൂറേക്കർ ഉടമസ്ഥാവകാശമുണ്ടു്. എന്നാൽ അയാളുടെ കൈവശത്തിൽ ഒന്നുമില്ലെങ്കിൽ ഒരിഞ്ചു ഭൂമിപോലും അയാളുടെ ഉടമസ്ഥാവകാശത്തിലോ, കൈവശാവകാശത്തിലോ ഇരിക്കുകയില്ലെന്നാണു് ഈ നിയമം മൂലം വരുന്നതു്. അതു ശരിയല്ല. നാം ഉടമാവകാശത്തിലോ, കൈവശാവകാശത്തിലോ ഒരു പരിധി വച്ചാൽ ഏതു നീതിയുടെ പേരിൽ നോക്കിയാലും, ഉടമസ്ഥനായാലും. മറ്റാർക്കായാലും, അതു പരിധി അനുവദിക്കേണ്ടതായിരുന്നു. ഈ നിയമത്തിൽ അതു ചെയ്തിട്ടില്ലെന്നുള്ളതു് നീതിയുടെ പേരിൽ സാധൂകരിക്കാൻ നിവൃത്തിയില്ല. ഇതിനെ മുൻനിറുത്തിയായിരുന്നു ഉടമസ്ഥാവകാശത്തിനു് പരിധി നിർണ്ണയിക്കണമോ, കൈവശാവകാശത്തിനു മാത്രം പോരെ എന്നു ഞാൻ ചോദിച്ചതു്. അപ്പോൾ ഉടമസ്ഥൻ, കുടിയാനൊട്ടും വസ്തുവില്ലാതെ വാങ്ങിക്കൊണ്ടുപോകുമെന്നൊരു ദോഷമുണ്ടു്. പക്ഷേ കുടിയാനു് വസ്തു വാങ്ങിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നിട്ടും അതു ചെയ്യാതിരുന്നതുകൊണ്ടുള്ള ദോഷമാണു് അതെന്നും, അതിനു് നിയമകർത്താക്കൾ ഉത്തരവാദിയല്ലെന്നും മനസ്സിലാക്കണം. ഇരുപതോ, മുപ്പതോ, അൻപതോ ഏക്കർ വസ്തുവിന്റെ ഉടമസ്ഥനായ ഒരാളിനു് 15 ഏക്കർ വരെ പരിധി നിർണ്ണയിച്ചിട്ടും ഒരിഞ്ചു ഭൂമിപോലും ഇല്ലാതാക്കിത്തീർക്കുന്ന ഒരു നിയമം എത്രമാത്രം അനീതിയായിട്ടുള്ളതാണെന്നു് അഭ്യുദയത്തിരിക്കുന്നവർ ആലോചിക്കേണ്ടതാണു്.

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ : നിങ്ങൾ പറയുന്ന തരത്തിലാണെങ്കിൽ ജന്മാവകാശം നിർബന്ധമായി നിലനിറുത്തണമെന്നാണല്ലോ വരുന്നതു് ?

ശ്രീ. എം. നാരായണക്കുറുപ്പു് : ഞാൻ പറയുന്നതിന്റെ അർത്ഥം അതൊന്നുമല്ല. ജന്മിസമ്പ്രദായം ഉടനെ അവസാനിപ്പിക്കണമെങ്കിൽ അതു് അവസാനിപ്പിക്കണം. അല്ല നിറുത്താനനുവദിക്കുന്ന ഒരു നിയമം കൊണ്ടുവന്നാൽ ഫലത്തിൽ അതു നിന്നു കാണാനുള്ള ഒരു നിയമമായിരിക്കണം. അല്ലാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയല്ല. അതാണു് എനിക്കു് ആ ഭാഗത്തെ സംബന്ധിച്ചു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

ഇതുപോലെ ഉടമസ്ഥാവകാശം കൂടിയാന് വാങ്ങുവാൻ അധികാരം നൽകുന്ന 38-ാം വകുപ്പിന്റെ പ്രവർത്തനവും, അപരിഹാര്യമായിരിക്കാമെങ്കിലും, നീണ്ടുപോകുന്നതായി മാത്രമേ ഫലത്തിൽ വരുകയുള്ളൂ. ഏഴാം വകുപ്പിൻപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടി കഴിയുന്നതുവരെ സംരക്ഷിത കൂടിയാൻ ആരാണെന്ന വെളിവാക്കുകയില്ല. ഇവയാണ് എനിക്ക് പറയാനുള്ള പ്രധാന സംഗതികൾ.

കുടിയാന്മാരുടെ സ്ഥിരാവകാശത്തെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ കാണുന്ന വിവേചനത്തെ മുൻനിറുത്തിക്കൊണ്ടതന്നെ ഞാൻ പറയുന്നു, മലബാർപ്രദേശത്തെ സംബന്ധിച്ചിടത്തോളം വലിയ പുരോഗതിയൊന്നും ഈ നിയമത്തിലില്ലെന്നു്. വേണമെങ്കിൽ വളരെ സൂക്ഷ്മദൃഷ്ടിയോടെ പരിശോധിച്ചാൽ കുറെ ശതമാനം കുറവാണെന്നും പറയാം. എന്നാൽ ആ ഭാഗത്തെ കുടിയാന്മാരെ അപേക്ഷിച്ചു് തിരുവിതാംകൂർ പ്രദേശത്തുള്ളവരുടെ നില വളരെ ശോചനീയമാണെന്നു പറയാതെ തരമില്ല. കുടിയായ്മ താൽപ്പര്യം അധികം തെളിഞ്ഞുകണ്ടതു് മലബാർ ഭാഗത്തേക്കാണെന്നും ഇവിടെയുള്ള കുടിയാന്മാരുടെ പ്രതിനിധികൾ അവകാശവാദിച്ചില്ല എന്നുള്ള ഒരു പ്രതീതി ഈ ബില്ലിന്റെ കാര്യത്തിൽ കാണുന്നുണ്ടെന്നും പറയേണ്ടിയിരിക്കുന്നു.

ഈ നിയമത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ പല സന്ദർഭങ്ങളിൽ പുരോഗമനമല്ലെന്നും പിന്തിരിപ്പനാണെന്നും മറ്റുമുള്ള പദങ്ങൾ അന്യോന്യം കൈമാറുന്നതായി കണ്ടു. അതിന്റെ ആന്തരം മനസ്സിലായില്ല. ഇരുകൂട്ടരും പറയുന്നതു്, അവരവരുടെ ലക്ഷ്യമനുസരിച്ചു് സാമൂഹ്യക്ഷേമത്തിനുവേണ്ടി നല്ലതാണെന്നു അവർ കരുതുന്ന അഭിപ്രായങ്ങളെ മനസ്സിൽ വച്ചുകൊണ്ടാണു്. ആ നിലയിൽ സാമൂഹ്യക്ഷേമമാണു് ഇരുകൂട്ടരും നിർദ്ദേശിക്കുന്ന ഭേദഗതികളിൽ ഉൾക്കൊള്ളുന്നതെങ്കിൽ തീർച്ചയായും അതു പുരോഗമനപരമാണു്. യഥാർത്ഥ പുരോഗതിയാണെന്നു പറയുന്നതു് സമൂഹത്തിന്റെ അല്ലെങ്കിൽ സമുദായത്തിന്റെ പുരോഗതിക്കു് ഉതകുന്നവയായിരിക്കണം. അപ്പോൾ അതിലന്തർഭവിച്ചിരിക്കുന്നതു് ഓരോരുത്തർ അവരവരുടെ തത്പരങ്ങൾ ഏതു ദൃഷ്ടിയിൽകൂടി നോക്കുന്നു, അല്ലെങ്കിൽ വ്യാഖ്യാനിക്കുന്നു എന്നുള്ളതാണു്. വാസ്തവത്തിൽ ഈ നിയമം പുരോഗമനാത്മകമാണോ, അതോ പിന്തിരിപ്പനാണോ എന്നു തീരുമാനിക്കാനുള്ള വിധികർത്താക്കൾ ഇവിടെ പ്രസംഗിക്കുന്നവരാരുമായിരിക്കുകയില്ല; അതരെയാണോ ഈ നിയമം ബാധിക്കുന്നതു് അവരെയായിരിക്കും. അവസ്ഥ എല്ലാവരും ഓർക്കുന്നതു നന്നായിരിക്കും. ഞാനും ഓർക്കുന്നതു നന്നു്. ഭൂതിന്റെ വിശദാംശങ്ങളിലേക്കു് ഞാനിപ്പോൾ കടക്കുന്നില്ല. ഞാനാദ്യം സൂചിപ്പിച്ചതുപോലെ മുഴുവൻ സംതൃപ്തിയോടുകൂടിയല്ലെങ്കിലും നമ്മൾ ഉദ്ദേശിച്ച ഫലങ്ങൾ മുഴുവനും ഇപ്പോൾ പാസായ ബില്ലുകൊണ്ടുണ്ടായിട്ടില്ലെങ്കിലും ഉദ്ദേശിക്കാത്ത ഫലങ്ങൾ വന്നുചേരാതിരിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി ഈ ബില്ലിന്റെ മൂന്നാംവായനയിൽ പങ്കുചേരുകയും അതിനെ അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ. ആർ. രാഘവമേനോൻ: സർ, ഈ ബില്ലിനെപ്പറ്റി കുറച്ചുകാലമായി നാം ആലോചിച്ചുകൊണ്ടിരിക്കുന്നതാണു്. സുമാർ രണ്ടു കൊല്ലമായി ഈ ബില്ലിനെപ്പറ്റി ഈ സഭയും നാട്ടുകാരും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഈ ബിൽ ആദ്യം ഇവിടെ കൊണ്ടുവന്നു. സെലക്ട് കമ്മിറ്റിക്കയച്ചു. കേരളം മുഴുവൻ പര്യടനം നടത്തി തെളിവുകളും വാങ്ങി. വളരെ മെമ്മോറാണ്ടങ്ങളും തരുകയുണ്ടായി. ബിൽ ഒരു രൂപത്തിൽ ആദ്യം കൊണ്ടുവന്നു. സെലക്ട് കമ്മിറ്റിയിൽവച്ചു് ചില ഭേദഗതികളും വരുത്തി. അതിനുശേഷം എത്രയോ ഭേദഗതികൾ രണ്ടു ഭാഗത്തുനിന്നും കൊണ്ടുവരുകയുണ്ടായി. ബില്ലിന്റെ രണ്ടാം വായനയും ഇപ്പോൾ കഴിഞ്ഞിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി അതാലോചിക്കുവാനുള്ളതു്, എന്തുദ്ദേശത്തോടുകൂടിയാണു്, ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്, ആ ഉദ്ദേശം എത്രമാത്രം നിറവേറി, ഈ ബിൽ നടപ്പിൽകൊണ്ടുവരാൻ എത്രത്തോളം സാദ്ധ്യതയുണ്ടു്, ഇതിന്റെ ഫലം എന്താണു് എന്നെല്ലാമാണു്. ഈ ബില്ലിന്റെ ഫലത്തെപ്പറ്റി നമുക്കു് ഏതാണ്ടു് ഇപ്പോഴെ ഊഹിക്കാവുന്നതാണു്. ഇതു നടപ്പിൽകൊണ്ടുവരുവാൻ താമസമുണ്ടെങ്കിലും, ഫലമെന്താണെന്നറിയാൻ വിഷമമില്ല. രണ്ടും രണ്ടും നാലെന്നു പറയാൻ വളരെ കാലതാമസം വേണ്ടാ, അതു കണക്കാക്കാൻ ഒരു പക്ഷെ, കാലതാമസം വന്നാലും അറിയുന്നവർക്കു് അതു് എളുപ്പത്തിലറിയാം. ഈ ഭാഗക്കാരും തക്കിച്ചിട്ടുണ്ടെങ്കിലും ഇതിൽ വരുത്തിയ ഭേദഗതികളിൽ ചിലതെല്ലാം ഈ ഭാഗത്തുള്ളവർക്കു സ്വീകാര്യമായിരുന്നില്ല. ഈ ഭാഗത്തു നിന്നും കൊണ്ടുവന്ന ഭേദഗതികളും ഗവണ്മെൻറു് അംഗീകരിച്ചിട്ടില്ല. ഏതായാലും ഒരു പ്രധാനപ്പെട്ട ബില്ലാണു് ഇതു്. മന്ത്രി ഗവണ്മെൻറു് പറയുന്നതു്, 1960-നു മുമ്പുതന്നെ കാർഷിക ബിൽ പാസ്സാക്കണമെന്നാണു്. ചില രാജ്യങ്ങളിൽ ഇതിനകം പാസ്സാക്കിക്കഴിഞ്ഞു. ചില രാജ്യങ്ങളിൽ ഇന്നമാതിരിയാണെന്നു പരസ്യപ്പെടുത്തി. ഇതു സംബന്ധിച്ചു് ഇൻഡ്യ ഒട്ടാകെ ഒരു പ്ലാനിംഗു് ഉണ്ടായിരിക്കണമെന്നു കരുതി സെൻട്രൽ ഗവണ്മെൻറുതന്നെ ഒരു പ്ലാനിംഗു് കമ്മീഷനെ നിയമിച്ചു. കമ്മീഷൻ കൃഷിയെ സംബന്ധിച്ചും, ഭൂമിയെ സംബന്ധിച്ചും ഓരോ രാജ്യക്കാരും എന്താണു ചെയ്തുണ്ടതെന്നു അഭിപ്രായം പറഞ്ഞിട്ടുണ്ടു്. വാസ്തവത്തിൽ നമുക്കു് പ്രയാസമില്ലാതെ പാസ്സാക്കാൻ കഴിയുന്ന ഒരു ബില്ലാണു് ഇതു്. പ്ലാനിംഗു് കമ്മീഷൻ പറഞ്ഞിട്ടുള്ളതനുസരിച്ചു് ഒരു ബിൽ എഴുതികൊണ്ടുവന്നാൽ അതിൽ വളരെ തെറ്റു വരുകയില്ല. എന്തുകൊണ്ടെന്നാൽ അവർ ഒരു സംസ്ഥാനത്തേയൊ രണ്ടു സംസ്ഥാനത്തേയൊ കണക്കാക്കിയല്ല. എല്ലാ രാജ്യത്തെ ഭൂമിയുടെ നിലയേയും കൈവശങ്ങളേയുമൊക്കെ പരിഗണിച്ചാണു് ആ വക നിർദ്ദേശങ്ങളും കൊണ്ടുവന്നിട്ടുള്ളതു്. സമുദായം നന്നാകാനും ഭൂമിയിൽ കൂടുതൽ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനും വേണ്ടിയാണു് പ്ലാനിംഗു് കമ്മീഷൻ അങ്ങനെ നിർദ്ദേശിച്ചിട്ടുള്ളതു്. ആ ഉദ്ദേശത്തെ മുൻനിറുത്തിയാണോ ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്? ഇതു കാർഷികബന്ധബില്ലാണു്. കാർഷികവൃത്തിയുമായിട്ടു ഇതിനു വല്ല ബന്ധവുമുണ്ടോ എന്നാലോചിക്കേണ്ടതാണു്. നാം രണ്ടു കൊല്ലമായി ഇതിനെപ്പറ്റി ആലോചിക്കുന്നു. ഈ ബില്ലിനു കർഷകരുമായിട്ടുള്ള ബന്ധം എന്താണെന്നതിനെപ്പറ്റി നാലഞ്ചുവകുപ്പുകൾ വച്ചുകൊണ്ടു നമുക്കൊന്നു പരിശോധിക്കാം.

The House rose for lunch at 1 p. m. and reassembled at 2 p. m. with Mr. Speaker in the Chair.

2. p. m.

മി. സ്പീക്കർ: ഇന്നുതന്നെ ഈ ബില്ലിന്റെ മൂന്നാം വായനയെ സംബന്ധിച്ചുള്ള ചർച്ച അവസാനിപ്പിച്ചു സഭ പിരിയുകയാണോ, അതോ നേരത്തെ നിശ്ചയിച്ചിട്ടുള്ള പരിപാടിയനുസരിച്ചു നാളെകൂടി കൂടുകയാണോ വേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു ഈ സഭാതലത്തിലെ അംഗങ്ങളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാമെന്നു ഞാനാഗ്രഹിക്കുന്നു. ഇന്നത്തോടുകൂടി ചർച്ച അവസാനിച്ചില്ലെങ്കിൽ ഇന്നലെ ചെയ്ത മാതിരി ഇന്നും അല്പംകൂടി സഭ നീട്ടിവച്ചു ബില്ലിന്റെ ചർച്ച അവസാനിപ്പിക്കുകയാണോ നാളെക്കൂടി ഇരിക്കുകയാണോ വേണ്ടതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഞങ്ങൾക്കു് വളരെയൊക്കെ ഇതിനെക്കുറിച്ചു പറയാനുണ്ടു്. അതുകൊണ്ടു് പരിപാടിയനുസരിച്ചു നാളെക്കൂടി സഭ കൂടുന്നതായിരിക്കും നല്ലതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഇന്നുതന്നെ അവസാനിപ്പിക്കുന്നതായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. ഹസ്സൻ ഗനി: ഇന്നുതന്നെ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കാൻ സാധിക്കുമെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യുന്നതായിരിക്കും നല്ലതെന്നാണു് എന്റെയും അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : When such consultation is made, it is better that conflicting opinions do not come from the same party. I think it is better that Shri Joseph Chazhikatt and Shri Kunhiraman Nambiar consult the other members of their party and also take into account the opinion of their deputy Leader.

Shri M. Narayana Kurup : The only thing is, we have not so far curtailed any body, at this last stage nobody should feel that he is not allowed to express himself.

Mr. Speaker : Shri Thomman, what have you to say ?

Shri T. A. Thomman : I will submit the opinion of our party to you after some time after consulting our Leader and other Members of our party.

Mr. Speaker : I think we can sit for an hour more, i. e., till 6 o' clock and finish the business today. Shri Raghava Menon, you may continue your speech.

ശ്രീ. ആർ. രാഘവമേനോൻ : സർ, കൃഷിചെയ്യാത്തതായ ഉടമസ്ഥന്മാർക്ക ധാരാളം ഭൂമിയുണ്ടായിരിക്കുകയാണെങ്കിൽ അവർ അതിലെല്ലാം കൃഷി നടത്താതിരിക്കും എന്നാണ പറയുന്നത്. കൃഷിനടത്തുവാൻ ആഗ്രഹിക്കുന്നവർക്ക പരിധിയിൽക്കവിഞ്ഞ ഭൂമിയിൽ കൃഷിനടത്തുവാൻ ഉടമാവകാശം കൊടുക്കണമെന്നുള്ളതായിരുന്ന ആദ്യത്തെ ഉദ്ദേശം. എന്നാൽ അങ്ങനെയല്ലാ ഈ ബില്ലിൽ ചെയ്തിട്ടുള്ളത്. ഈ ബില്ലിൽ മുരുക്കംചില ഭൂവുടമസ്ഥന്മാരെ നാം നിശ്ചപ്പെടുത്തിയിട്ടുണ്ട്. 5 ഏക്കറും, അതിൽ താഴെയുമുള്ളവരെ ചെറുകിട ഭൂവുടമകളായി നിശ്ചപ്പെടുത്തിയിട്ടുണ്ട്. അതു ശരിയാണോ, തെറ്റാണോ എന്നൊന്നും ഞനിപ്പോൾ പറയുന്നില്ല. അവർ ഭൂവുടമകളും, ഭൂമിയിൽ നടപ്പുകാര്യം അതുകണക്കിൽ ഒന്നുകിൽ അവർക്ക കൂടിയാനിൽനിന്നു ഒഴിപ്പിക്കുവാനുള്ള അവകാശം കൊടുക്കണം. പ്ലാനിംഗ് കമ്മീഷൻ അങ്ങനെയാണു നിർദ്ദേശിച്ചിരിക്കുന്നതു. അങ്ങനെ ഒഴിപ്പിച്ചെടുക്കുകയാണെങ്കിൽ ചെറിയ ഭൂവുടമസ്ഥന്മാർക്ക മിച്ചഭൂമി വിതരണംചെയ്യുമ്പോൾ കിട്ടുമെന്നു പറയുന്നു അങ്ങനെ കിട്ടിയാൽ പോരാ. അവർക്ക് അവരുടെ ഭൂമിതന്നെ ഒഴിപ്പിച്ചെടുക്കുവാനുള്ള അവകാശമാണ ഉണ്ടായിരിക്കേണ്ടതു. ചെറുകിട ഭൂവുടമകളുടെ ഭൂമി പാട്ടത്തിനു എടുത്തിട്ടുള്ളവരും, ചെറു ഭൂവുടമകളും പാവപ്പെട്ടവരായതുകൊണ്ട് രണ്ടുകൂട്ടരുംകൂടി അതു ഭോഗിച്ചെടുക്കുവാൻ തീരുമാനിച്ചു. അതു വളരെ നല്ലൊരു കാര്യമാണ്. എന്തുകൊണ്ടെന്നുവച്ചാൽ ചെറുകിട ഭൂവുടമസ്ഥനു ആ ഭൂമികൊണ്ടുമാത്രം ജീവിക്കുവാൻ സാധ്യമല്ല. ചെറു ഭൂവുടമകൾക്ക വളരെ ചുരുങ്ങിയ തോതിലുള്ള ആദായമെ കിട്ടുകയുള്ളു. ഏതാണ്ട 35 ലക്ഷത്തോളം വരുന്ന തിരുവിതാംകൂർ കൊച്ചി വിഭാഗത്തെ ചെറു ഭൂവുടമകൾക്ക വളരെ ഗുണമാണ ചെയ്തിരിക്കുന്നതു. എന്നാൽ മലബാറിലുള്ളവരുടെ സ്ഥിതി വളരെ കഷ്ടമാണ്. മലബാറിൽ വസ്തുകൈവശക്കാരൻ സമ്മതിക്കുകയാണെങ്കിൽ ഉടമസ്ഥനു ഒഴിപ്പിച്ചുവാങ്ങാമെന്നാണ പറഞ്ഞിരിക്കുന്നതു. മലബാറിലുള്ള ഏതാണ്ട 5 ലക്ഷത്തോളംവരുന്ന ചെറു ഭൂവുടമകളുടെ ഭൂമിയുടെ വിലയിൽ 25 ശതമാനംപോലും കിട്ടാതെകണ്ട അവരുടെ വസ്തു അവരുടെ കയ്യിൽനിന്നു പോവുകയാണ്. അവിടെയെല്ലാം കൃഷിചെയ്യുന്ന ഭൂവുടമകളായി സ്വീകരിച്ചിട്ടില്ല. പിന്നെ 15 ഏക്കർവരെയുള്ള ഭൂവുടമകൾക്കും കൃഷിചെയ്യുവാനുള്ള സൗകര്യം ഈ ബിൽമൂലം കൊടുക്കുന്നില്ല. അവരിൽനിന്നു പകുതിയെടുക്കുവാനാണ നിശ്ചയിച്ചിരിക്കുന്നതു. എന്നാൽ 5 ഏക്കറിൽ കൂടുതൽ എടുക്കുവാൻ പാടില്ല. കൂടിയാനു 15 ഏക്കർവരെ കൈവശംവച്ചുകൊണ്ടിരിക്കാം. ഇങ്ങനെ രണ്ടുകൂട്ടർക്കും ഭൂമി കിട്ടാതിരിക്കുന്ന നിലയിലാണ് നാം നിയമം ഉണ്ടാക്കിയിരിക്കുന്നതു. സാധാരണ ഒരു കൂടിയാന്റെ കയ്യിൽ 15 ഏക്കറെ ഉണ്ടായിരിക്കുകയുള്ളു. അപ്പോൾ കൂടിയാനിൽനിന്നു ഉടമസ്ഥനു ഒഴിപ്പിച്ചെടുക്കുവാൻ സാധ്യമല്ല. വലിയ ഭൂവുടമകളായി ഈ രാജ്യത്തു വളരെ കുറച്ചു ആളു

LIBRARY ARCHIVES Kerala Legislative Assembly

കളെയുള്ളൂ. അവക്ക് ഒട്ടും ഒഴിപ്പിച്ചെടുക്കുവാൻ പാടില്ല. കൃഷിചെയ്യുന്ന വക്ക് മാത്രമെ സ്ഥിരാവകാശം ഉള്ളുവെന്നും, അവക്കുമാത്രമേ ഉടമാവകാശം ഉള്ളുവെന്നും ഉള്ള ഒരു നിയമമാണ് നാം ഉണ്ടാക്കിയിരിക്കുന്നത്. അതു കൊണ്ട് ഒരു ഭൂവുടമസ്ഥനും അവന്റെ ഭൂമി ഒഴിപ്പിച്ചെടുക്കുവാൻ സാദ്ധ്യമല്ല. വലിയ ഭൂവുടമസ്ഥനെ പരിധിനിശ്ചയിച്ചിട്ടുള്ളതുകൊണ്ട് 15 ഏക്കറിൽ കവിഞ്ഞുള്ള ഭൂമിക്ക അയാൾക്ക വിലകിട്ടുമെന്നു പറയുന്നു. ഇതൊക്കെയാണെങ്കിലും ബില്ലിലെനില. ചെറുഭൂവുടമസ്ഥനു മാക്കറുവിലകൊടുക്കുന്നില്ല. റെന്ററിന്റെ 12 ഇരട്ടിയാണ് മലബാറിൽ നിശ്ചയിച്ചിരിക്കുന്ന വില. അതിനു അവർ സമ്മതിക്കുന്നില്ലെങ്കിൽ ഫെയർ റെന്ററിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുമെന്നാണ് പറയുന്നതു. മൊത്തം വിളവിന്റെ നാലിലൊന്നാണ് ഫെയർറെന്റ നിശ്ചയിച്ചിട്ടുള്ളതു. അപ്പോൾ അവക്ക കിട്ടുന്നതു വളരെ ചെറിയൊരു ആദായമായിരിക്കും. ആ ആദായത്തിന്റെ 16 ഇരട്ടിയായിരിക്കും അവർക്ക വിലകിട്ടുന്നതു. അങ്ങനെപ്പോകുമ്പോൾ ഈ നിയമം എടുത്തുനോക്കിയാൽ കൃഷിക്കാരനുമാത്രമെ കൃഷി ഉടമകളായിരിക്കുവാൻ പാടുള്ളു എന്നാണ് വരുന്നതു. കൃഷി ഉടമസ്ഥനു ഭൂമി ഒട്ടും കൊടുക്കുവാൻ പാടില്ലെന്നാണ് ഈ നിയമം പറയുന്നതു. അങ്ങനെയുള്ള നില സ്വീകരിക്കുന്നതു ശരിയായിട്ടുള്ളതല്ല. അതു പ്ലാനിംഗ് കമ്മിഷന്റെ അഭിപ്രായത്തിനു വിരുദ്ധമാണ്. അവർ പറഞ്ഞിരിക്കുന്നതു ചെറു ഭൂവുടമകൾക്ക അവരുടെ വസ്തുക്കളെല്ലാം ഒഴിപ്പിച്ചെടുക്കാമെന്നാണ്. മേലാലുള്ളവക്ക നേർപകുതി ഒഴിപ്പിച്ചെടുക്കാം എന്നു പറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തു ഏതാനും കുട്ടിക്കാർക്കുമാത്രം ഭൂവുടമാവകാശം കൊടുത്തുകൊണ്ട് ബാക്കിയുള്ളവരുടെ ഉടമാവകാശം ഇല്ലാതാക്കുകയാണ് ഈ നിയമംമൂലം ചെയ്തിരിക്കുന്നതു. എന്നാൽ അവരുടെ ഭൂമിക്ക മാക്കറുവില കൊടുത്തിട്ടില്ല. കൊടുക്കുന്ന വിലതന്നെ പത്തു പ്രാവശ്യമായിട്ടാണ് കൊടുക്കുവാൻപോകുന്നതു. ഫെയർറെന്റെ അനുസരിച്ചു വില കണക്കാക്കി 25 ശതമാനത്തിൽ കൂടുതലുള്ളതു പത്തു കൊല്ലംകൊണ്ടാണ് കൊടുക്കുവാൻ പോകുന്നതു. നാലിലൊന്നു സംഖ്യ രൊക്കമായി കൊടുക്കുകയാണെങ്കിൽ വളരെ കുറച്ചു സംഖ്യയെ കൊടുക്കേണ്ടിവരികയുള്ളു.

ചില സ്ഥലങ്ങളിൽ നാലണയ്ക്കും, നാലരണയ്ക്കും പറമ്പുപാട്ടത്തിനു കൊടുത്തിട്ടുണ്ട്. അവരുടെ കാര്യം പറയാനുമില്ല. ചെറു ഭൂവുടമകൾക്ക അവരുടെ ഭൂമി മുഴുവൻ കൊടുത്തു കൃഷിനടത്തിച്ചു ഈ നാട്ടിലെ കൃഷി വർദ്ധിപ്പിക്കണമെന്നുള്ളതാണ് പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശം. ഇപ്പോൾ വലിയ ഭൂവുടമസ്ഥന്മാരായ പലരും അവരുടെ കുടികളെ പല രാജ്യങ്ങളിലും അയച്ചു ഉന്നത വിദ്യാഭ്യാസം നടത്തിച്ചിട്ടുണ്ട്. ഇനി അങ്ങനെയുള്ള നിലയിലൊന്നും അവർ കുടികളെ പഠിപ്പിക്കേണ്ടാ എന്നാണ് വച്ചിരിക്കുന്നതു ഈ നിയമപ്രകാരം വലിയ ഭൂവുടമകൾക്ക് പണ്ടു ചെയ്തിരുന്നതുപോലെ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഈ നിയമം നടപ്പിലാക്കുന്നതിനു ചുരുങ്ങിയതു ഒരു കൊല്ലമെങ്കിലും വേണ്ടിവരും. ടെബ്യൂണലിനെ നിശ്ചയിച്ചിരിക്കുന്നതിൽ വലിയ തകരാറുകളുണ്ട്. അതു കുറെക്കൂടി നല്ലനിലയിൽ ചെയ്യുമായിരുന്നു.

ഇനി എനിക്ക പറയുവാനുള്ളതു മതസ്ഥാപനങ്ങളെപ്പറ്റിയാണ്. മതസ്ഥാപനങ്ങളെസംബന്ധിച്ചു ചെയ്യുവാൻപാടില്ലാത്ത പലതും നാം ഈ നിയമത്തിൽ ചെയ്തിട്ടുണ്ട്. മതസ്ഥാപനങ്ങളുടെ ആദായം ഒരിക്കലും കുറയ്ക്കുവാൻ പാടില്ല. മതസ്ഥാപനങ്ങളുടെ കുടിയാന്മാർക്കല്ലാതെ മറ്റാർക്കും ഭൂമികൊടുക്കുവാൻ പാടില്ലാ എന്നുള്ള തത്വത്തിലാണ് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നതു. മതസ്ഥാപനങ്ങളെ ഈ നിയമത്തിൽനിന്നു ഒഴിവാക്കുന്നതിനുപകരം അവരെ ദ്രോഹിക്കുകയാണ് ചെയ്തിരിക്കുന്നതു. മേലാൽ അവർക്ക ഭൂമിവാങ്ങുവാൻ പാടില്ലാ അവരെയും സീലിംഗിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ട്. അവരുടെ വസ്തുക്കളെല്ലാം കുടിയാനു കൊടുത്തിരിക്കുകയാണ്. മതസ്ഥാപനങ്ങളെ ഈ നിയമത്തിൽനിന്നു ഒഴിവാക്കേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ഇതു ശണ്ഠകൊണ്ടു പറയുന്നതല്ല. ഇവിടെ പാർട്ടി ശവങ്ങൾതാണ് കിടക്കുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാമ്മുവമേനോൻ]

മതവും ഒക്കെ രാഷ്ട്രീയമാണു്. എപ്പോഴും ലാൻറ ലാഡിന്റെ ലിക്വിഡേറ്റ ചെയ്യുകയാണു്. നാം ഒരു നിയമമുണ്ടാക്കുന്നതു നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടിയായിരിക്കണം. കോവാച്ചറേറിവു് സൊസൈറ്റികൾമൂലം ധാരാളം വിളവുണ്ടാക്കി നമ്മുടെ രാജ്യത്തു ഭക്ഷണക്ഷാമം തീർക്കണം, എന്നു പറയുന്നതിനുപകരം ഭൂമിയുടെ നാലിലൊരുഭാഗം വിലപോലും വാങ്ങിച്ചുകൊടുക്കാതെ അതു 16 ഇൻസ്റ്റാൾമെൻറായിട്ടു കൊടുക്കുകയാണു് ഇതുമൂലം ഭൂവുടമകൾ നശിച്ചു് ഈ രാജ്യത്തു വളരെ കുഴപ്പങ്ങൾ ഉണ്ടാകും അതാണു് ഫലം. അതു ഞാൻ അപ്പോഴപ്പോൾ പറഞ്ഞിട്ടുണ്ടു്. നാം ഒരു അഗ്രിക്കൾച്ചറൽ ബിൽ പാസ്സാക്കി. അതിൽ ഭൂടമസ്ഥന്മാരുടെ സ്ഥിതി എന്താണെന്നു നോക്കണം. പ്ലാനിംഗ് കമ്മീഷൻ അഭിപ്രായം പറഞ്ഞിട്ടുണ്ടു്. പക്ഷെ അതു തിരെ അവഗണിച്ചിരിക്കയാണു്. അതിനൊക്കെ വിപരീതമായിട്ടാണു് ഈ ബിൽ പാസ്സാക്കിയിരിക്കുന്നതു്. അതു ശരിയല്ല. നമ്മുടേതു് ഒരു ചെറിയ രാജ്യമാണു്. ഇവിടെ രണ്ടുരുണ്ടു്, പെപ്പുരുണ്ടു്, മറ്റു മണിക്രാപ്പുകളുണ്ടു്. സുഖമായിട്ടു് ഒരുമാതിരി അങ്ങനെ കഴിഞ്ഞുകൂടാൻ നിവൃത്തിയുള്ളവരായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ പ്രസംഗങ്ങൾ ഇങ്ങനെ തുടരണമെന്നാണോ ? എനിക്കു് ചില വെർബൽ അൾട്ടറേഷൻസ് വരുത്താനുണ്ടു്.

Sir, I have to make a few verbal alterations.

1. In Clause 2(12) omit 'for the purpose of this Act' Clause 2 തുടങ്ങുന്നതുതന്നെ. 'for the purposes of this Act' എന്നാണു്. അതുകൊണ്ടു് ഇതു് ഇവിടെ ആവശ്യമില്ല.

2. In Clause 2(24) (v) for 'holding under Pattazhi Devaswom' substitute 'holding directly under the Pattazhi Devaswom.'

3. In sub clause (29) omit 'in a kanam deed.'

The definition of kanom which we have accepted is as follows:

(18) "kanam" means the transfer for consideration in money or in kind or in both, by a landlord of an interest in specific immovable property to another for the latter's enjoyment, whether described in the documents evidencing the transaction as kanam or kanapattom, the incidents of which transfer include—

(a) a right in the transferee to hold the said property liable for the consideration paid by him or due to him;

(b) the liability of the transferor to pay to the transferee interest on such consideration unless otherwise agreed to by the parties; and

(c) payment of michavaram, or customary dues or renewal on the expiry of any specified period,

and in areas in the State other than Malabar includes such transfer of interest in specific immovable property which is described in the document creating the transaction as Otti, Karipanayam, Panayam, Nirpanayam or by any other name and which has the incidents specified in items (a) and (b) specified above and also the following incidents:—

LIBRARY ARCHIVES Kerala Legislative Assembly

(i) renewal on the expiry of any specified period; and

(ii) payment of customary dues:

Provided that kanapattom or any other demise governed by the Travancore Jenmi and Kudiyan Act of 1071 or the Kanam Tenancy Act, 1955, shall not be deemed to be a kanam.

Explanation.—For the purpose of this clause, in a case where there has been no stipulation in the document evidencing the transaction for renewal on the expiry of any specified period, but there has been a renewal or has been payment of renewal fees it shall be deemed that there had been a provision for such renewal in the document.

അതെല്ലാം കാണമായിട്ട നാം അംഗീകരിക്കുകയാണ്. മിച്ചവാരവും കൂടി അതിൽ വരുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : അതിലൊക്കെ സംശയങ്ങളുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : കാണം ഡീഡ് എന്നുള്ളതു ഡിലീറ്റ ചെയ്യണമെന്നേ പറയുന്നുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : എനിക്ക വിരോധമില്ല.

Mr. Speaker: Other documents also create kanam and also Michavarom.

ശ്രീ. എം. നാരായണക്കുറുപ്പ് : പക്ഷെ കാണംഭാരാണ് മിച്ചവാരം കൊടുക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : മി. കുറുപ്പ് വളരെ ആലോചിച്ചിട്ടാണ് ഇതു പറയുന്നതു്. നാം ഇപ്പോൾ കാണം ഡീഡു് മാത്രമെ നോക്കുന്നുള്ളൂ. ബാക്കിയുള്ള ഇൻസിഡൻസ് എല്ലാം അതിലുണ്ട്. പണയം കാണമായിട്ട എഴുത്തിട്ടുള്ളതുമാത്രം എടുത്തു കളയുകയാണ്. There may be no deed for kanam but only a decree or order.

ശ്രീ. എം. നാരായണക്കുറുപ്പ് : ഞാൻ ഈ പറയുന്നതിന്റെ ഉദ്ദേശം യഥാർത്ഥത്തിൽ വേറെ തർക്കത്തിനിടവരുത്തരുതെന്ന കരുതിയാണ്. കാണം ഡീഡ് എന്നുള്ളതു മിച്ചവാരം കൊടുക്കുന്നതാണെന്നു പറയുന്നു. അങ്ങനെയുള്ള വിഷമത വരുത്തരുതെന്നേയുള്ളൂ.

Smt. K. R. Gouri: I thought it better to say that explicitly.

Then in Clause 2(32) in the second proviso, for 'nilam' occurring in the first place substitute 'any nilam' and after 'single paddy crop' add 'which shall be the principal crop'.

This is just to fill in an omission.

In Clause 7(5)(iii) for the word 'outstanding' substitute 'so remaining.'

That is a better wording.

In Clause 7(7) for 'the subordinate judge or the principal subordinate judge as the case may be, of the subordinate judges court having jurisdiction over the area in which the holding is situate. He shall hear the appeal as *persona designata* and his decision thereon shall be final', substitute 'the court of the subordinate

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

judge having jurisdiction over the area in which the holding is situate. The decision of the court on such appeal shall be final, subject to the provisions of section 76'.

N.B.--Amendments similar to this with suitable modifications will be necessary in Clause 10(10), 16, 18(10), 36(5), 51(1), and 66 consequent on the addition of Clause 76.

This is consequential to the addition of a new clause 76.

In Clause 10(1) for 'in accordance with the provisions of' substitute 'as provided in'

In Clause 10(4) for 'having in his possession or in the possession of the members of his family' substitute 'having in his possession or, where he is a member of a family, in the possession of the members of his family including himself' and after 'in the aggregate' where the expression occurs for the second time; add 'as the case may be.'

ശ്രീ. ടി. എ. തൊമ്മൻ : സർ, ബഹുമാനപ്പെട്ട മന്ത്രി വായിക്കുന്നതു് ഫോളോചെയ്യാൻ സാധിക്കുന്നില്ല. ഇങ്ങനെ ഓടിച്ചു വായിച്ചുകൊണ്ടു പോയാൽ എന്തെങ്കിലും പാകപ്പിഴയുണ്ടോ എന്നു നോക്കാൻ സാധിക്കയില്ല. അതുകൊണ്ടു് ഇതെല്ലാം ഒന്നു് എഴുതിക്കിട്ടിയാൽ കൊള്ളാം.

മി. സ്പീക്കർ : ഇതെല്ലാം കൺസിക്വൻഷ്യൽ ആയിട്ടുള്ള മാറ്റങ്ങളാണു്.

പൊന്നറ ശ്രീ. ശ്രീധരൻ : നേരത്തെ ഇവിടെ വച്ചുമാറിയിട്ടുള്ളതല്ലാതെ പലതും മാറിയതായി കാണുന്നു. ചിലയിടത്തു് ഏതെങ്കിലും ഒരു വാക്കു മാറിയിട്ടുണ്ടായിരിക്കും. എന്നാൽ അതുകാരണം പൊതുവിൽ വലിയ ചെയ്ഞ്ചസ് വരികയാണു്. ഇങ്ങനെ അതാരോട്ടം ഒരുത്തരവാദിത്വവും ഇല്ലാതെ ഇങ്ങനെ മന്ത്രി വായിച്ചുകൊണ്ടുപോകുകയാണെങ്കിൽ ഞങ്ങളിവിടെ പിന്നെന്തിനാണിരിക്കുന്നതു് ?

മി. സ്പീക്കർ : ചെയ്ഞ്ചസ് വല്ലതും ഉണ്ടോ എന്നു ഞാൻ ശ്രദ്ധിച്ചുകൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : പത്തിരുപതു അമെൻഡുമെൻഡു ഇതുവരെ അവതരിപ്പിച്ചുകഴിഞ്ഞു. ഇനിയും ക്ലാസ്സുകളുണ്ടു്. ഇതിങ്ങനെ ഓടിച്ചുവായിച്ചുകൊണ്ടു പോകാനുള്ളതല്ല. ഇതു് ബഹുമാനപ്പെട്ട സ്പീക്കർ കൺസിഡർ ചെയ്യേണ്ടതാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : നാളെവരെ അസംബ്ലിയുണ്ടു്. ഇതെല്ലാം ഒന്നു പഠിക്കാൻ സമയം തന്നിട്ടു് നാളെ തീരുമാനിച്ചാൽ മതി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : മൂന്നാം വായനയിലുള്ള പ്രസംഗം ഒന്നരണ്ടു കഴിഞ്ഞതിന്റെ പശ്ചാത്തലത്തിൽ ഇനിയും ഭേദഗതികളും ഈ സമയത്തു് അവതരിപ്പിക്കാമോ എന്നുള്ളതിനെസംബന്ധിച്ചു് റൂളിംഗ് നൽകണം.

മി. സ്പീക്കർ: റൂളിംഗ് നൽകുന്നതിനു പ്രതിബന്ധമൊന്നുമില്ല. അമെൻഡുമെൻറുകളും സ്വീകരിച്ചതിന്റെ ഫലമായി കൺസിക്വൻഷ്യലായിവന്നിട്ടുള്ളതു മാറുകയെന്നേയുള്ളു. വേറെ ഭേദഗതികളൊന്നുമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഈ പറയുന്ന അമെൻഡുമെൻറുകളും ഞങ്ങൾക്കു് എഴുതിത്തരാൻ ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri :

In Clause 18 (3) (b) for the words 'he shall pay as purchase price in a lump'' substitute 'he shall pay to the land tribunal in a lump in such manner as may be prescribed'

In Clause 18 (5) (b) (ii) for 'contract rent' where the expression occurs for the first time, substitute 'contract rent or where fair rent has been fixed in respect of the holding under any law in force immediately before the commencement of this Act, such fair rent.'

In Clause 18 (8) for 'establish his claim' substitute 'establish his objections and claims' and add in the first part 'within such time as may be specified.'

In Clause 31 for 'the rights of the Government' substitute 'the rights of the Government and any local authority.'

In Clause 43 (1) for 'owned by the intermediary or the cultivating tenant or his family' substitute 'owned by the intermediary or the cultivating tenant where such intermediary or the cultivating tenant is a member of a family by such family.'

In clause 45 (1) (i) for 'the Malabar Tenancy Act, 1929' substitute 'any law in force before the commencement of this Act, 'and in (iii) Explanation to that sub-clause, for 'the Malabar Tenancy Act, 1929' substitute 'any law in force before the commencement of this Act' and for 'the said Malabar Tenancy Act' substitute 'such law'

In clause 52, for 'the compensation shall be the amount calculated on the basis of the scales specified in Schedule II' substitute 'the compensation shall be the aggregate of—

(i) the value of structures, wells and embankments of a permanent nature, situated in the land and belonging to the landowner or the intermediary, as the case may be; and (ii) the percentage of the value of interest of the landowner or the intermediary in respect of the land and the improvements other than those falling under Clause (i) according to the scales specified in Schedule II.

In Clause 54 (3) after 'shall be paid' add 'by the Land Board.'

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഇപ്പോൾ പറഞ്ഞ ഭേദഗതികളും consequential and verbal എന്നു മാത്രമാണെന്നു പറയാൻ പറ്റില്ല. ചിലതെങ്കിലും substantial ആയിട്ടുള്ളതാണ്. അതു സ്ഥിതിക്കു സ്വീക്കുക്ക ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണ്. അവ നിയമസഭയിൽ വോട്ടിനിട്ടു തീരുമാനിക്കേണ്ടതാണ്. ഇതെല്ലാം ശരിയായിട്ടു എഴുതി വന്നിട്ടേ ഇതു വോട്ടിനിട്ടു പാസ്സാക്കാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: I have not been able to examine them. There are some amendments which are purely consequential and verbal, among the amendments now moved by the Minister. But I have not been able to go through the whole list and decide which amendments are purely verbal, which are purely consequential and which are of a radical nature.

Shri T. A. Thomman: That change suggested to clause 52 regarding purchase value, is an important change. It is not consequential.

ശ്രീമതി കെ. ആർ. ഗൗരി: സർ, 52 നശേഷം അതു് ക്ലോസ് 63 വന്നതു്. അതു റീ ഡ്രാഫ്റ്റ് ചെയ്തു കൊണ്ടുവരാമെന്നു പറഞ്ഞു. അതു റീഡ്രാഫ്റ്റ് ചെയ്തിട്ടു് അതു് അഡാപ്റ്റ് ചെയ്കയായിരുന്നു. ഇതിൽ കൺസിക്വൻഷ്യലല്ലാതെ വേറൊന്നുമില്ല. അച്ചടിയിൽ ചില മിസ്റ്റേക്കുകളാണു്. അതു ശരിപ്പെടുത്താനുള്ള ഭേദഗതികളാണു്. ലാൻഡ് ബോർഡിനും, ട്രിബ്യൂണലിനും കാലാവധി ഫിക്സ് ചെയ്തിട്ടില്ല. ഇതുമല്ലാതെ മറ്റൊന്നുമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, മുൻപു് ഇവിടെ കൊണ്ടുവന്നിട്ടുള്ള ചില ഭേദഗതികളും സഹകരിച്ചതായും, ചിലതു തള്ളിയതായും പറഞ്ഞിട്ടുണ്ടു്. അതു അച്ചടിച്ചുവന്നപ്പോൾ ചില പിശകുകളും വന്നിട്ടുണ്ടെന്നു പറയുന്നു. ഇനിയും ഇത്തരം കുഴപ്പങ്ങൾ ഉണ്ടാകുമല്ലോ. അച്ചടിയിൽ പിശകുപറ്റുകയും, ഒരിക്കൽ സഹകരിച്ചതു് ഇല്ലാതെവരികയും മാറ്റം ചെയ്യുന്നതു് എന്തൊരു നിയമനിർമ്മാണമാണെന്നു മനസിലാകുന്നില്ല.

Shri T. A. Thomman: I wish to submit, Sir, that clause 63 deals with ceiling in Chapter III where as Clause 52 is in Chapter II dealing with tenancies. So, one is not consequential to the other. They are entirely two different chapters and clauses 52 and 63 deal with payment to different persons on different basis.

Mr. Speaker: The Speaker's power is defined in Rule 102. That rule says: "When a Bill is passed by the Assembly, the Speaker shall have power to correct patent errors and make such changes in the Bill as are consequential on the amendments accepted by the Assembly". If these amendments are within the scope of my power, definitely I can do it; otherwise, I cannot do it.

ശ്രീ ജോസഫ് ചാഴിക്കാടൻ: സർ, അതിനു് അങ്ങേക്കു പവ്വറുണ്ടോ എന്നറിയണമെങ്കിൽതന്നെ ഈ അമെൻഡ്മെന്റിൽ ചിലപ്പോൾ ഭേദഗതികളും എല്ലാം എഴുതിവച്ചു പഠിക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: സഭ തുടങ്ങിയപ്പോൾ, എല്ലാവരുടേയും അഭിപ്രായം അറിയുന്നതിനായി ഞാൻ ഒരു സജഷൻ വയ്ക്കുകയുണ്ടായി. കുറെക്കൂടി താമസിച്ചാലും ഇന്നതന്നെ ഇതവസാനിപ്പിക്കാമോ, അതിനു് എല്ലാവരും തയ്യാറാണോ എന്നു ചോദിച്ചു. പാർട്ടിയുടെ അഭിപ്രായമായിട്ടല്ല; ശ്രീ. ടി. എ. തൊമ്മൻ ഖണ്ഡിതമായിട്ടല്ലെങ്കിലും ഒരു അഭിപ്രായം പറഞ്ഞു. എങ്ങനെ വേണമെന്നറിയിച്ചാൽ കൊള്ളാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇന്നതന്നെ ഇതു സാധിക്കുമെന്നു തോന്നുന്നില്ല. ഇതു സംബന്ധിച്ച ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കാത്ത ചിലർക്കുകൂടി സംസാരിക്കാൻ അവസരമുണ്ടു്. അഞ്ചുമണിക്കുമുമ്പു് ഇരിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഭേദഗതികൾ എഴുതി തന്നാൽ നാളെ അവസാനിപ്പിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഇന്നു 11 മണിക്കു കൂടിയതു് ഇന്നുതന്നെ അവസാനിപ്പിക്കാമെന്നുള്ള ധാരണയിലായിരുന്നു. നാളെയും സമയം വേണമെങ്കിൽ അഞ്ചുമണിക്കുശേഷം ഇരിക്കണമെന്നില്ല.

മി. സ്പീക്കർ : നാളെക്കൂടി വേണമെന്നുണ്ടെങ്കിൽ അഞ്ചുമണിക്കുശേഷം ഇരിക്കണമെന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇന്നുതന്നെ തീരുമെന്നുള്ള ധാരണയിലല്ല, 11 മണിക്കു കൂടിയതു്. ബഹുമാനപ്പെട്ട മന്ത്രിക്കു എല്ലാം നോക്കാൻ സമയം വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി തെറ്റിദ്ധരിച്ചു പറയുന്നതാണു്.

Shri C. Achutha Menon : We can meet tomorrow also and finish voting on this.

Mr. Speaker : In the meantime if those amendments are handed over to me, I can choose from them those which are not simply consequential and those which are not patent errors. Omissions also can occur, but such amendments have to be specifically put and carried. No discussion and debate is necessary.

Shri M. Narayana Kurup : On our part, even if a clause is to be re-opened for further consideration, we are agreeable. But we are particular to go through the amendments ourselves, before they are put.

Mr. Speaker : Apart from consequential amendments and patent errors, omissions also might occur. Unless we fill in those omissions, there will be lacunae. So, it is better to go through the amendments very carefully. For that a copy of the amendments may be made available to the Members.

Now, Shri Joseph Chazhikatt can speak.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, കഴിഞ്ഞ പത്തിരുപതു മുപ്പതു കൊല്ലക്കാലമായി ഈ രാജ്യത്തു് ജനങ്ങൾ വിശ്വസിച്ചിരുന്നതും, അവകാശപ്പെട്ടിരുന്നതുമായ സംഗതികൾക്കു് സ്ഥിരമായ വ്യത്യാസം വരുന്ന ഒരു ബില്ലാണു് നമ്മുടെ മുമ്പാകെ ഇപ്പോൾ ഇരിക്കുന്നതു്. ദീർഘമായ ചർച്ചകൾക്കുശേഷം മൂന്നാം വായന നടത്തി പെട്ടെന്നു പാസ്സാക്കാനാണു് ഇതു വിടെ അവതരിപ്പിച്ചിരിക്കുന്നതു്. കുറച്ചുമുമ്പു് ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചപ്പോൾ, വേണമെങ്കിൽ ഇന്നുതന്നെ ഇതിന്റെ മൂന്നാം വായന നടത്താൻ ഈ ഭാഗത്തിരിക്കുന്നവർ കൂടുതൽ സമയം അസംബ്ലി കൂടുന്നതിൽ അനുകൂലമായ അഭിപ്രായമാണു് പറഞ്ഞതു്. ഞാൻ മാത്രമേ അതിനെതിരായി നാളത്തേക്കു മാറ്റണമെന്നു പറഞ്ഞുള്ളൂ. അങ്ങനെയിരിക്കുമ്പോഴാണു് ഈ ബിൽ അവതരിപ്പിച്ച റവന്യൂമന്ത്രി തന്നെ, ഇതിനു് അനുപതിൽ ചിലപ്പോൾ ഭേദഗതികൾ, അതും ഈ ഭാഗത്തിരിക്കുന്നവർ പലരും ചില വശങ്ങളെ പരാമർശിച്ചു പ്രസംഗിച്ചതിനുശേഷം, കൊണ്ടുവന്നിരിക്കുന്നതു്. ഞാൻ ഒന്നു സമ്മതിക്കാം. ഇതിൽ, ഒന്നാം വകുപ്പിലെ, നാലും, അഞ്ചും വകുപ്പിലെ മൂന്നും ഉൾപ്പെടെ എട്ടു് എന്നു് ഒരു പിശകു പറ്റിയതാണെങ്കിൽ, അതായതു് നാലും, മൂന്നും എട്ടു് എന്ന പിശകായി വന്നുപോയിട്ടുള്ളതു തിരുത്താനാണെങ്കിൽ അതു സമ്മതിക്കാം. എന്നാൽ, ഇവിടെ അവതരിപ്പിച്ച ബില്ലിലെ, കൺസീക്വൻഷ്യലായ ചില ഭേദഗതികളും ഈ ഭാഗത്തെ ചില മെമ്പറന്മാർ ചൂണ്ടിക്കാണിച്ചതിനു ശേഷം ഗവണ്മെന്റ് ഭാഗത്തുനിന്നും ഭേദഗതിയായി കൊണ്ടുവരുന്നതു ശരിയല്ലെന്നാണു് എന്റെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാടൻ]

സർ, ഈ ബില്ലിനെപ്പറ്റി ഞാൻ ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ് ഇതിന്റെ ഭവിഷ്യത്തുകളെപ്പറ്റി. ഇങ്ങനെയൊരു നിയമം വരാൻ പോകുന്നുവെന്നറിഞ്ഞപ്പോൾതന്നെ നമ്മുടെ നാട്ടിലെ ഭൂമിക്കു വില കുറഞ്ഞു. മുമ്പ് സ്വർണ്ണത്തെയും, വെള്ളിയേയുംകാൾ വിലയുള്ളതു് ഭൂമിയായിരുന്നു. പണമുണ്ടെങ്കിൽ ആർക്കും നിക്ഷേപിക്കാൻ, സ്ഥിരമായി നിക്ഷേപിക്കാനുള്ള ഒരു സ്ഥാപനമായിരുന്നു ഭൂമി. ഇന്നു് ആ ഭൂമി പതിനഞ്ചു ഏക്കറിൽ കൂടുതൽ ഒരു കുടുംബത്തിനു് കൈവശം വയ്ക്കാൻ അർഹതയില്ലാത്ത വ്യവസ്ഥയാണു് ഈ നിയമംമൂലം അംഗീകരിച്ചിരിക്കുന്നതു്. അതുകൊണ്ടാണു് ഭൂമിയുടെ വില കുറഞ്ഞതു്. തന്നിമിത്തം സാമ്പത്തികമായി ഈ നാട്ടിൽ പല കുഴപ്പങ്ങളും നേരിട്ടിട്ടുണ്ടു്. സാധാരണ നിയമനിർമ്മാണം നടത്തുമ്പോൾ, എന്നുമുതൽ പ്രയോഗത്തിൽ വരുന്നുവെന്നതിനു് അതു പാസ്സായതിനുശേഷം ഉള്ള കാലമായിരിക്കും പരിഗണിക്കുക. ഈ നിയമമാണെങ്കിൽ 1957 ഏപ്രിൽ 11 മുതൽ പാസ്സായതായി പരിഗണിക്കുന്നതാണെന്നാണു് ഇതിന്റെ പല ഭാഗത്തും കാണുന്നതു്. അതായതു് ഇതു പാസ്സാകുന്ന കാലത്തിനു രണ്ടു കൊല്ലം മുമ്പു മുതൽ ഇതു പ്രയോഗത്തിൽ വന്നതായി അംഗീകരിക്കണമെന്നാണു് പറയുന്നതു്. ഇതെത്ര ക്രമവിരുദ്ധമാണെന്നോക്കണം. നാം ഇന്നു് മൂന്നാം വായനയ്ക്കു് അയച്ചുകൊണ്ടിരിക്കുന്ന ഈ ബില്ലിൽ പല ഭേദഗതിയും എഴുതി പിടിപ്പിച്ചിരിക്കുകയാണു്, ഇതു് 1957 ഏപ്രിൽ 11-ാം തീയതി മുതൽ നടപ്പാക്കിയിരിക്കുന്നതായി കരുതിക്കൊള്ളണമെന്നു്. സർ, ഇങ്ങനെയുള്ള നിയമം ഉണ്ടാക്കാമോ എന്നാണു ഞാൻ ചോദിക്കുന്നതു്? ഇതിന്റെ അരംഭകാലത്തുതന്നെ ഞാൻ പറഞ്ഞതാണു്, ഇവിടെ അധികം ഭൂമിയൊന്നും ഇതിനിടയിൽ സർക്കാരിനു കിട്ടാൻ പോകുന്നില്ലെന്നു്. അഞ്ചേക്കറിൽ താഴെ ഭൂമിയുള്ളവരാണു് നല്ല ഒരു വിഭാഗം. പരിധി കുഴിഞ്ഞു് ഭൂമിയുള്ളവരുടെ കയ്യിൽനിന്നും കുറെ ഭൂമി കിട്ടിയാൽതന്നെയും, പത്തു ധർമ്മക്കാർ ചേർന്നു് പിച്ചതെണ്ടി കിട്ടുന്ന കാശു് പത്തു ചിലരുടെയിൽനിന്നും ശേഖരിച്ചിട്ടു് അതു് പത്തുണ്ടു ധർമ്മക്കാർക്കായി വീതിക്കുന്നതുപോലെയാണു്, ഈ നിയമംമൂലം കുറേയുള്ള ഭൂമി പലരുടെ കയ്യിൽനിന്നും വാങ്ങി മറ്റു ചിലർക്കായി വീതിച്ചുകൊടുക്കുന്നതു്. ഇതിനേക്കാൾ വളരെ പ്രായോഗികമായ ഒരു വഴി ഞാൻ നിർദ്ദേശിച്ചിരുന്നു. ഈ സംസ്ഥാനത്തു് 1965 ജനുവരി 1-ാം തീയതി മുതൽ യാതൊരുത്തരും 15 ഏക്കർ ഭൂമിയിൽ കൂടുതൽ അല്ലെങ്കിൽ തത്തുല്യമായ പറമ്പു് കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ല. അങ്ങനെ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടാൽ ശിക്ഷാർഹരായിരിക്കുന്നതാണു്. എന്നൊരു നിയമപ്രഖ്യാപനം നടത്തിയിട്ടു് നാം വീട്ടിൽ പോയിരുന്നാൽ മതിയായിരുന്നു. ഒരു ബുദ്ധിപ്പാടുമില്ല, ലാൻഡു് ട്രിബ്യൂണൽ വേണ്ട, ലാൻഡു് ബോഡു് വേണ്ട മറ്റു കുഴപ്പങ്ങളും ഒന്നുംതന്നെ ഉണ്ടാകുമായിരുന്നില്ല. ജനങ്ങൾ അവരുടെ യുക്തംപോലെ ഇഷ്ടംപോലെ, ഭൂമി അധികമുണ്ടെങ്കിൽ മക്കൾക്കോ, മരുമക്കൾക്കോ, ഭാര്യയ്ക്കോ, വാല്യക്കാർക്കോ, ഇഷ്ടജനങ്ങൾക്കോ ദാനമായിട്ടോ, വിലയായിട്ടോ, എങ്ങനെയെങ്കിലും കൊടുത്തും വാങ്ങിച്ചും കാലാവധിക്കുള്ളിൽ എല്ലാം ഭദ്രമാക്കുമായിരുന്നു. ഗവണ്മെന്റിനു് അതുകൊണ്ടു് ജോലി എളുപ്പത്തിൽ സാധിക്കുമായിരുന്നു. വളരെ കർശനമായി ആ പ്രഖ്യാപനം പ്രയോഗത്തിൽ വരുത്തിയാൽ മതിയായിരുന്നു. അതായതു്, 1965 ജനുവരി 1-ാം തീയതി മുതൽ ആരുടെ കൈവശവും 15 ഏക്കറിൽ കൂടുതൽ ഭൂമി ഇരിക്കാൻ പാടില്ലെന്നു്, അതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവരെ കർശനമായ ശിക്ഷയ്ക്കു വിധേയരാക്കുമെന്നും. അങ്ങനെ ചെയ്തിരുന്നെങ്കിൽ നാളെമുതൽ ആളുകൾ ഈ നാട്ടിലെ ഭൂമി മുഴുവൻ ഒരു വ്യവസ്ഥാപിതമായ രീതിയിൽ ഇന്നു ഗവണ്മെന്റു വിതരണം ചെയ്യാൻ എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിടുമോ അതൊന്നും കൂടാതെ അവരവർ തന്നെ ആ ജോലി നിഷ്പ്രയാസമായിരുന്നു. അതു ചെയ്യാതെ, ഇപ്പോൾ നിയമം കൊണ്ടുവന്നിരിക്കുന്നു, ഇതിൽ പറയുന്ന വ്യവസ്ഥകൾ 1957 ഏപ്രിൽ 11-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കുന്നതാണെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Shri K. M. George in the Chair.]

സർ, ഈ ബില്ലിലെ ചില സംഗതികളും വളരെ കാര്യമായിട്ട് ചിന്തിക്കേണ്ടതാണ്. ഈ രാജ്യത്തെ സമുദായനീതിയെ ഇതു് എങ്ങനെ ബാധിക്കുമെന്നു ചോദിച്ചാൽ ചില സമുദായത്തെ ഇതു വളരെ പ്രതികൂലമായിട്ട് ബാധിക്കുന്നതാണ്. നായർ സമുദായത്തെ ഇതു് ഭയങ്കരമായി അഫക്റ്റ് ചെയ്യും. ഇതു നടപ്പായാൽ പിറ്റേദിവസം മുതൽ നായർ സമുദായം നശിക്കാൻ തുടങ്ങുമെന്നുള്ളതു തീർച്ചയാണ്. നായർ സമുദായത്തിന്റെ ആചാരപ്രകാരം സമുദായത്തിലെ സ്ത്രീകളാണ് വസ്തുവിന്റെ അവകാശികൾ. സാധാരണ ബാന്ധവക്കാരായി വരുന്നവർ ഭൂരിസ്ഥലത്തുള്ളവരായിരിക്കും. സ്ത്രീകളുടെ പേരിലായിരിക്കും വസ്തു ഉള്ളതു്. അങ്ങനെയുള്ള വസ്തുക്കൾ അധികവും വാരത്തിനോ, പാട്ടത്തിനോ ആരെയെങ്കിലും ഏല്പിച്ചിട്ട് അതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടായിരിക്കും ആ കുടുംബം കഴിഞ്ഞു വരുന്നതു്. ഇപ്പോഴാണെങ്കിൽ, പാട്ടം, വാരം, പങ്കുപാട്ടം, ഓടച്ചാർത്തു്, ഒറ്റി എന്നുവേണ്ടാ എല്ലാതരത്തിലുള്ള കൂടിയായ്മയ്ക്കും സ്ഥിരാവകാശവും മറവും കൊടുക്കുന്ന നിയമങ്ങളാണ് ഇതിൽ ഉണ്ടാക്കി വച്ചിരിക്കുന്നതു്. ഇതു പ്രയോഗത്തിൽ വന്നാൽ അനവധി അനവധി നായർകുടുംബങ്ങൾ കേരളത്തിൽ നശിക്കുകയായിരിക്കും ചെയ്യുന്നതു്. ഇന്നത്തെ മര്യാദപ്പാട്ടത്തിന്റെ പന്ത്രണ്ടിരട്ടി കാമ്പൻസേഷൻ വാങ്ങിയിട്ട് അവർ എന്നന്നേക്കുമായി പട്ടിണികിടന്നു വാങ്ങിക്കൊള്ളണമെന്നാണ് ഇതിൽ പറയുന്നതു്. അതും പന്ത്രണ്ടു കൊല്ലംകൊണ്ടു് വാങ്ങിക്കൊള്ളണം. അങ്ങനെ പന്ത്രണ്ടു കൊല്ലം കഴിഞ്ഞാൽ എല്ലാ നായന്മാരും ചത്തുകൊള്ളണമെന്നാണ്, അവർക്കു രക്ഷാമാർഗ്ഗം വേറെ ഇല്ലല്ലോ. ഈ ബില്ലിൽ സാമുദായികമായി ഇങ്ങനെ ഒരു അപകടമുണ്ടു്. ഒറ്റിയെ സംബന്ധിച്ചിടത്തോളം മലബാറിൽ വലിയ കുഴപ്പമില്ലെന്നു തോന്നുന്നു; തിരുവിതാംകൂർ-കൊച്ചിയിലാണെങ്കിൽ വലിയ കുഴപ്പമാണ്. ശ്രീ. നാരായണക്കുറുപ്പു പറയുന്നു, മലബാറിലും കുഴപ്പമാണ്, പേടിച്ചു് അവർ പറയാതിരിക്കുകയാണെന്നു്; പറഞ്ഞാലും ഫലമില്ലല്ലോ.

ശ്രീ. കെ. പി. ആർ. ഗോപാലൻ : ഈ ഇടക്കാലത്തു് ക്രിസ്ത്യാനികളും നായന്മാരുംകൂടി കാലാവസ്ഥ വന്നിട്ടുള്ളതുകൊണ്ടു് അതു വിഷമം

3 p. m.] വരികയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മറിച്ചാണ്, നായന്മാരിൽ പലരും ക്രിസ്ത്യാനികളും ആയിട്ടുണ്ടു്. നായർ സ്ത്രീകളും പ്രസവിച്ചാൽ മാത്രമേ നായന്മാരാകുകയുള്ളൂ.

ശ്രീ. കെ. പി. ആർ. ഗോപാലൻ : കാലത്തു കൂലിച്ചു് കുറി തൊട്ടു നടന്നാൽ നായരാകുമെന്നു ശ്രീ. മന്നത്തു പത്മനാഭൻ പ്രസംഗിച്ചു നടക്കുന്നുണ്ടു്. അദ്ദേഹത്തിന്റെകൂടെ ബഹുമാനപ്പെട്ട മെമ്പറും ഉണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മന്നം പറഞ്ഞതുപോലെ കാലത്തു കൂലിച്ചു കുറിയിട്ടു നടന്നാൽ നായരാകുമെങ്കിൽ നിങ്ങളും അങ്ങനെ ചെയ്യണം.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഇപ്പോൾ നായന്മാരുടെ നേതാവു് പി. കെ. വാസുദേവൻ നായരും മന്ത്രി കൃഷ്ണയ്യരും ആണെന്നറിയാമോ ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : കൃഷ്ണയ്യർ എങ്ങനെയാകുമെന്നു് എനിക്കറിഞ്ഞുകൂടാ.

ചെയർമാൻ : ബില്ലിനെപ്പറ്റി സംസാരിക്കാൻ ശ്രദ്ധിച്ചാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഞാൻ പറയുന്നതു് ഈ ബിൽ മൂലം സ്ഥായിയായ ഉപദ്രവം ചില സമുദായങ്ങൾക്കു വരുന്നുണ്ടെന്നാണ്. അതിനെപ്പറ്റിയും നാം കാര്യമായി ആലോചിക്കേണ്ടേ ? ഇതുകൊണ്ടു് ലാഭമുള്ള സമുദായവുമുണ്ടു്. ഈഴവസമുദായത്തിനു് ലാഭമുണ്ടു്. വല്ലവരുടെയും പറമ്പിൽ കുടികിടക്കുകയും മറവുള്ളവരുടെ ഭൂമി കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ഈഴവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ജോസഫ് ചാഴിക്കാട്ട്]

വക്ക ലാഭമാണ്. ക്രിസ്ത്യാനികൾക്ക കുറച്ച ലാഭമുണ്ടാകും. ക്രിസ്ത്യാനികൾ പലരും നാഗർകൂടംബങ്ങളിലെ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. ആ നിലയിൽ കൂടുതൽ ദോഷം വരുന്നതു് നായക്കും കൂടുതൽ ഗുണം വരുന്നതു് ഈഴവക്കുമാണു്. കുറച്ചു ഗുണം ക്രിസ്ത്യാനികൾക്കും കിട്ടും. അതിനുള്ള ആഗ്രഹം ഇതിനകത്തുകൂടി പോകുന്നുണ്ട്. അതു ശരിയാക്കേണ്ടതാണു്. ജന്മിക്കരം ബിൽ വന്നപ്പോൾ കൂടി നമ്പൂതിരിയുടെ കാര്യം തീർന്നു. അവരും ദേവസ്വങ്ങളും നശിച്ചു. ഇനി അവരുടെ ഉദകക്രിയ ചെയ്താൽ മതി. ജന്മിക്കരം ബിൽ തിരിച്ചു വരാതെ അവരെ രക്ഷിക്കാൻ നിവൃത്തിയില്ല. ഇനി ഈ ബില്ലിലുള്ള ചില അസാംഗത്യങ്ങളെപ്പറ്റി പറയണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. മാസം ആയിരവും രണ്ടായിരവും രൂപ ശമ്പളം വാങ്ങുന്നവർക്കു പരിധിവരെ ഭൂമി വച്ചുകൊണ്ടിരിക്കാം. ഒരു കൃഷിക്കാരനു് അതേ അവസരത്തിൽ അതുപോലെ ഭൂമിയേ പാടുള്ളൂ. അപ്പോൾ രണ്ടായിരം രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കു് ഈ മാക്സിമം ഭൂമി കൊടുക്കാൻപാടില്ലെന്നാണു് എന്റെ അഭിപ്രായം. അതു നീതിയല്ല. കൃഷിക്കാരൻ നശിച്ചു കാണണമെന്നാണു് ഈ ഗവണ്മെന്റിന്റെ ഉദ്ദേശമെന്നു തോന്നുന്നു. കൃഷിക്കാരൻ കൃഷി ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടു് ഇപ്പോൾ ഇൻകമിലാബു് വിളിക്കാൻ ആളു കിട്ടുന്നില്ല. അവർ നശിച്ചു കഴിഞ്ഞാൽ ഇൻകമിലാബു് വിളിക്കാൻ വേണ്ടിടത്തോളം ആളു കിട്ടും ഗവണ്മെന്റു പറയുന്നതു് ഈ ബിൽ കൃഷിക്കാരനെ സഹായിക്കാനാണെന്നാണു്. അങ്ങനെ അവരെ സഹായിക്കുന്ന ചില ഭാഗങ്ങളും ഉണ്ടു്. അന്യന്റെ വസ്തു കയ്യിൽ വച്ചു കൃഷി ചെയ്യുന്നവർക്കു് സ്ഥിരാവകാശം കൊടുക്കുന്നുണ്ടു്. എന്നാൽ ഈ ബിൽ മൂലം നശിക്കുകയും ഗുണപ്പെടുകയും ചെയ്യുന്ന ആളുകളുടെ സംഖ്യ കണക്കാക്കിയാൽ നശിക്കുന്നവരുടെ സംഖ്യയായിരിക്കും കൂടുതലെന്നാണു് എന്റെ അഭിപ്രായം.

ലാൻഡു് ട്രിബ്യൂണലിൽ പഞ്ചായത്തിലെ രണ്ടു മെമ്പറന്മാരും മറ്റൊരാളും വേണമെന്നുള്ളതിനെ ഈ ഭാഗത്തുനിന്നും ശക്തിയായി എതിർത്തിട്ടും പാസ്സാക്കി. അതു ഗുണകരമാണെന്നു് എനിക്കു് അഭിപ്രായമില്ല. അതുപോലെതന്നെ മിച്ചഭൂമി സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യത്തക്ക തരത്തിൽ വിതരണം ചെയ്യണമെന്നു് ഈ ഭാഗത്തുനിന്നും വളരെ ശക്തിയായി വാദിച്ചിട്ടും അതംഗീകരിച്ചില്ല. ആ വശത്തിരിക്കുന്ന ആളുകളുടെ ഉദ്ദേശം കമ്മ്യൂണിസ്റ്റുകാർക്കു് ഓരോരുത്തർക്കും അഞ്ചു് ഏക്കർ വീതം കൊടുക്കണമെന്നാണെന്നും അതുകൊണ്ടാണു് സഹകരണാടിസ്ഥാനത്തിൽ ഭൂമി കൊടുക്കുന്നതിനു് തയ്യാറാകാത്തതെന്നും ഈ ഭാഗത്തിരിക്കുന്നവർ പറയുകയും വിശ്വസിക്കുകയും ചെയ്താൽ അതിൽ ആക്ഷേപിക്കാനില്ല. സഹകരണവും കൂട്ടുകൃഷിയും വേണമെന്നു് എല്ലാവരും പ്രസംഗിക്കുന്നുണ്ടു്. സഹകരണാടിസ്ഥാനത്തിൽ ഭൂമി കൊടുക്കുന്നതിനു് ഈ ഭാഗത്തുനിന്നും ഭേദഗതി കൊണ്ടുവന്നു. മിച്ചഭൂമി ഇഷ്ടമുള്ളവർക്കു കൊടുക്കുന്നതിനുള്ള സൗകര്യം നഷ്ടപ്പെടുന്നതുകൊണ്ടു് അതു സ്വീകരിച്ചില്ലെന്നേയുള്ളൂ. മിച്ചഭൂമി എത്ര കിട്ടുമെന്നു പറയാൻ കഴിയുകയില്ലെങ്കിലും കമ്മ്യൂണിസ്റ്റുകാരുടെ പുറകെ നടക്കുന്ന ആളുകൾക്കു് അത്യാവശ്യക്കാർ കൊടുക്കാനുള്ള ഭൂമിയുണ്ടാകും. സഹകരണാടിസ്ഥാനത്തിൽ ഭൂമി വീതിക്കണമെന്നു പറഞ്ഞതു് ഗവണ്മെന്റു കേൾക്കാതിരുന്നതു് തെറ്റാണു് ഒരുദ്ദേശപരവുമാണെന്നു ഞാൻ ബലമായി പ്രസ്താവിച്ചുകൊള്ളുന്നു.

അടുത്തതായി കായൽ കൃഷിയെപ്പറ്റിയാണു് എനിക്കു പറയാനുള്ളതു്. കായൽ വലിയ ബ്ലാക്കായി കൊടുത്തില്ലെങ്കിൽ ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ വലിയ ചിലവുകൾ ഉണ്ടാകും. ഒരു ചതുരശ്രമൈൽ കായൽ നിലത്തിനു് നാലു മൈൽ വരമ്പു കെട്ടണം. അതിനു് ഒരു ലക്ഷം രൂപ ചെലവു വരും. അതു രണ്ടുപേക്കായാൽ അവ മൈൽ വരമ്പു കെട്ടണം. അപ്പോൾ ഒന്നര ലക്ഷം രൂപ ചെലവു വരും. അതു നാലുപേക്ക വീതിച്ചാൽ എട്ടു മൈൽ വരമ്പു കെട്ടണം. അപ്പോൾ രൂപാ രണ്ടു ലക്ഷം ചെലവു വരും. ഇതു പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. അതുപോലെതന്നെ ഇവിടെ എസ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

ററിനെപ്പററിയും കണ്ണക്ഷോഭം ചെയ്യു. നല്ല തോട്ടങ്ങളം ബ്ലാക്കായി ഒഴിച്ചിടണം. അന്നന്ന ഗവണ്മെൻറ് വേണ്ടത ചെയ്യകൊള്ളുമെന്ന വച്ചാൽ അതിൻെറ അടിയിൽ കിടക്കുന്നത് ദുരുദ്ദേശമാണ്. അപ്പോൾ ഒരു എസ്റ്റേറ്റ് ഒഴിച്ചിടാം, ഞങ്ങളുടെ പാർട്ടിക്ക് എന്ന കൊടുക്കുമെന്നുള്ള നിലയിൽ ആലോചിക്കാം. മൂന്നോ നാലോ ലക്ഷം രൂപ വാങ്ങി ഗസറ്റിൽ പരസ്യവും ചെയ്യാം. അങ്ങനെ കൈക്കലിയുകയല്ലേ അതു ചെയ്യുന്നതെന്ന ഞാൻ ചോദിക്കുകയാണ്. അല്ലെങ്കിൽ ഇപ്പോഴെ അഞ്ചക്കറിൽ കൂടുതൽ ഉള്ളതു ഒഴിവാക്കുന്നുവെന്ന പറഞ്ഞാൽ പോരെ. തോട്ടങ്ങളം ഒഴിവാക്കാമെന്ന ഗവണ്മെൻറിനു ഗസറ്റിൽ പ്രസ്യപ്പെടുത്താമെന്നുള്ള ഒരു വ്യവസ്ഥ വച്ചിട്ടുള്ളതുവഴി അനേക ലക്ഷം രൂപ കൈക്കലി വാങ്ങാനുള്ള അവസരമുണ്ടെന്ന ഞാൻ ധൈര്യമായി പറയുന്നു. നിങ്ങളം അങ്ങനെ ചെയ്യണമെന്ന നിർബ്ബന്ധമില്ല. ഈ നിയമം പാസ്സാക്കി ഈ നിയമത്തിൻെറ ആനുകൂല്യങ്ങളം എടുത്തു മൂന്നു കൊല്ലം ഇവിടെ സ്വസ്ഥമായി ഇരിക്കാമെന്ന വിചാരിക്കയാണ്. എല്ലാവക്കും കൊള്ളാവുന്ന നിയമം ഉണ്ടാക്കിയിട്ടു പോകണമെന്നാണ് ഞങ്ങളം പറയുന്നത് നിങ്ങളം ഉദ്ദേശിക്കുന്നതു നിലാവുള്ളതുകൊണ്ടു വെളുപ്പോളം കക്കാമെന്നാണ്. ചില കുള്ളന്മാർ പാക്ക പറിക്കാൻ കേറി ഓരോന്നിലായിട്ടു പറിച്ചു പറിച്ചു് ഒടുവിൽ നേരം വെളുക്കുമ്പോളം ഉടമസ്ഥൻ കണ്ടുപിടിക്കും. അതു പോലെ വെളുപ്പോളം കക്കരുതു്. ഒരു പാർട്ടിക്കും അതു ഭൂഷണമല്ല. മത സ്ഥാപനങ്ങളെയും പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണ്. നിങ്ങൾക്കു് ദൈവവുമില്ല; ദൈവവിശ്വാസവുമില്ല. എങ്കിലും ഞാൻ പറയുന്നതു് ഒന്നു് കേൾക്കണം. ഇവിടെ കന്യാസ്ത്രീ മഠങ്ങളുണ്ടു്. കന്യാസ്ത്രീയായി ഒരു കുട്ടിയെ മഠത്തിലേയ്ക്കു വിടുമ്പോൾ ഒരേക്കർ ഭൂമി കൊടുക്കും. അങ്ങനെ ഒരു പത്തുപേർ ആകുമ്പോൾ ആ മഠത്തിനു് ഒരമ്പതേക്കർ സ്വന്തമായി കാണും. കുട്ടികളെ കല്യാണം കഴിപ്പിക്കുന്നതിനും മറ്റുമായി ഉദ്ദേശിച്ചിരുന്ന സ്വത്തായിരിക്കും ആ കുട്ടി മഠത്തിൽ പോകുമ്പോൾ കൊടുക്കുന്നതു്. അതുപോലെ തന്നെ കത്തനാരായിട്ടു പോകുന്നവക്കു, പാടിമൊണി കൊടുക്കുന്നുണ്ടു്. ഈ പാടിമൊണി എന്നു പറഞ്ഞതു് ഇവിടെ ചിലർക്കു മനസ്സിലായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഞാൻ മുമ്പൊരിക്കൽ സിസേറിയൻ ആപ്പറേഷൻ എന്നു പറഞ്ഞതു ചിലക്കു മനസ്സിലായില്ല. പലരും പല തരത്തിലാണു് മനസ്സിലാക്കിയതു്. ഇതു് പൈതൃക സ്വത്താണു്. അതു് ഒരു സഭയുടെ സ്വത്തായിട്ടാണു്. തീരുന്നതു്. എല്ലാംകൂടി ചേർത്തു് വയ്ക്കുമ്പോൾ കൂടുതൽ കാണും. അതെടുക്കാൻ പാടില്ല. പിന്നെ ഇതിലുള്ള ഒരു സെക്ഷൻപ്രകാരം അവരോരോരുത്തരും കുടുംബമായിത്തീർന്നാൽ വസ്തു കൊടുക്കുമായിരിക്കും. എന്നാൽ അവക്കു് അങ്ങനെ ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ടു് റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനു് 15 ഏക്കറിൽ കൂടുതൽ കൊടുക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയല്ല. ഇങ്ങനെ പല രുടെയായി ഒന്നിച്ചു ചേർന്നിട്ടുള്ളതു മുഴുവൻ അവക്കു വിട്ടുകൊടുക്കേണ്ടതാണു്. ഇതുപോലെ ഈ ബില്ലിൽ അനേകം സംശതികളം ഉണ്ടു്. അതൊക്കെ പറയാൻ ഇരുന്നപ്പോഴാണു് ബഹുമാനപ്പെട്ട മന്ത്രി അവപതിൽ ചിലവനം ഭേദഗതി കൊണ്ടുവന്നതു്. ആദ്യം എഴുതിയ ബിൽ ഒന്നു്, പിന്നെ അതിൻെറ അലകും പിടിയും മാറ്റിയ കുറച്ചു കടലാസ്, കൂടാതെ മന്ത്രിയുടെ വായിൽനിന്നും പുറപ്പെട്ട കുറച്ചു ശബ്ദം. ഇതൊക്കെയാണു് ഞങ്ങളം ഇന്നു പാസ്സാക്കിത്തരേണ്ടതു്. ഇങ്ങനെ എവിടെയെങ്കിലും വന്നിട്ടുണ്ടോ? ഈ കൊണ്ടുവന്ന ഭേദഗതികളം കൺസിക്വൻഷ്യൽ ആയിട്ടുള്ളതല്ല. അവസാനമായി ഞാൻ പറയുന്നതു് ഈ ബില്ലിൽ വളരെ മാറ്റങ്ങളം വരുത്തേണ്ടതുണ്ടെന്നാണു്. മാറ്റാൻ മനസ്സില്ലെങ്കിൽ വേണ്ട, മാറ്റേണ്ട കാലം വരുമ്പോൾ മാറ്റാം. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ഇതിൻെറ പേരു തന്നെ തെറ്റാണെന്നാണു് ഞാൻ പറയുന്നതു്. അഗ്രേറിയൻ ബിൽ എന്നു പറഞ്ഞാൽ മനസ്സിലാക്കാം. റിലേഷൻസ് എന്നു കൂടി ചേർത്തിട്ടുള്ളതു ശരിയല്ല. Agrarian means relating to land, regulating the land, distribution of land. അതുകൊണ്ടു് അഗ്രേറിയൻ റിലേഷൻസ് ബിൽ അതായതു്, കൃഷിക്കാരൻെറ സംബന്ധക്കാരൻെറ നിയമമെന്നാണു് നിങ്ങളം ഉദ്ദേശിക്കുന്നതെങ്കിൽ അതു് ശരിയാണു്. അല്ലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ങ്കിൽ 'റിലേഷൻസ്' എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. റോമിൽ ആദ്യം ഈ ബിൽ വന്നപ്പോൾ ലെക്സ് അഗ്രേറിയാ എന്നാണ് പേരു കൊടുത്തിട്ടുള്ളത്.

ശ്രീ. ആർ. പ്രകാശം : ഈ പ്രസംഗം നിയന്ത്രിക്കാൻ യാതൊരു വകുപ്പുമില്ലേ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇങ്ങോട്ടു പറഞ്ഞാൽ ഞാൻ നിറുത്തിയേക്കാം. കുറച്ച് പ്രകാശം കാണണമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഞാൻ പറഞ്ഞ ഭേദഗതികൾകൂടി ഈ ബില്ലിൽ വരുത്തി പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : മൂന്നാം വായന വട്ടത്തിൽ ഈ ബില്ലിനെ ഞാൻ ഹൃദയംഗമായി അനുകൂലിക്കുന്നു. എത്രയും വേഗത്തിൽ ബിൽ പാസ്സാക്കി നടപ്പിലാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള ഒരു ബിൽ പാസ്സാക്കിയെടുക്കാൻ എത്ര വിഷമമുണ്ടെന്നുള്ളതിനു തെളിവു കിട്ടാൻ മറ്റൊരിടം പോകേണ്ട ആവശ്യമില്ല. അതു ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കഴിഞ്ഞ ചില മാസങ്ങളിലായി നാം നേരിട്ടു അനുഭവിക്കുന്ന സംഗതികളാണ്. ഇവിടെ വിവിധ ഭാഗങ്ങളിൽനിന്നും ബില്ലിനെ അനുകൂലിക്കുന്നുണ്ടെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്നത്തെ കേരളത്തിലെ സ്ഥിതിയിൽ അല്ലെങ്കിൽ ഇൻഡ്യയിലെ പൊതുസ്ഥിതിയിൽ അങ്ങനെ പറയുന്നതാണ് ക്ഷേമം. അതു പറച്ചിലിലല്ല അതിന്റെ പ്രാധാന്യം കിടക്കുന്നത്. ഇവിടെ വന്നിട്ടുള്ള ഭേദഗതികളിലേക്കും ഇവിടെയുണ്ടായിട്ടുള്ള അഭിപ്രായപ്രകടനങ്ങളിലേക്കും കടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതൊക്കെ രേഖാമൂലമായി ഇവിടെ കിടപ്പുണ്ട്. അവയിലൊക്കെ പ്രതിഫലിയ്ക്കുന്നതെന്താണ് ? ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം യാദൃശ്ചികമായിട്ടോ കേവലം കുറെ ആളുകളുടെ ആഗ്രഹത്തിന്റെ ഫലമായിട്ടോ വരുന്ന ഒന്നല്ല. ഈ ബില്ലിന്റെ ചർച്ചാവേളയിൽ തന്നെ മലബാറിൽ കൃഷിക്കാർക്ക് അനുകൂലമായി അതാതു കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള നിയമങ്ങളെ സംബന്ധിച്ചു സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും കൃഷിക്കാരും പുരോഗമന വാദികളും നേരിടേണ്ടി വന്ന വൈഷമ്യങ്ങളെപ്പറ്റിയും സൂചനകളുണ്ടായിട്ടുണ്ട്. അങ്ങനെ മൊത്തത്തിൽ പരിശോധിക്കയാണെങ്കിൽ കഴിഞ്ഞ കാൽനൂറ്റാണ്ടു കാലമായി കൃഷിക്കാർ സംഘടിതമായി ആവശ്യപ്പെടുന്ന ഒട്ടുമുക്കാലും സംഗതികളും ഈ ബില്ലിലെ പല വകുപ്പുകളായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ള ചിലതിനെ പൊതുവിൽ ഒന്നു സ്പർശിക്കണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ഭൂമിയിൽ സ്ഥിരാവകാശം കിട്ടണമെന്നുള്ളതു കൃഷി ചെയ്യുന്ന ആളുകളുടെ വളരെ പ്രധാനമായിട്ടുള്ള ഒരാവശ്യമാണ്. നമ്മുടെ കേരളം നോക്കുകയാണെങ്കിൽ, വ്യത്യസ്ത ഭരണസംപ്രദായങ്ങളുടെ കീഴിൽ കഴിഞ്ഞുകൂടിയ പ്രദേശങ്ങളിൽ വ്യത്യസ്ത സംപ്രദായങ്ങളും കാണാം. പൊതുവിൽ പറഞ്ഞാൽ, ശരിക്കു ഭൂമിയിൽ അദ്ധ്വാനിക്കുന്ന ആളുകൾക്ക് അതിൽ സ്ഥിരമായിട്ടുള്ള ഒരവകാശം കിട്ടുകയെന്നുള്ളതു ഒരു പ്രോസ്സസ്സായി ഉയർന്നു വന്നിട്ടുണ്ട്. മലബാറിൽ 1930-ൽ ആണ് ഒരു കുടിയായ്മ നിയമം ഉണ്ടായതെങ്കിൽകൂടി ശരിക്കു ഭൂമിയിൽ കൃഷി നടത്തുന്ന ആളുകൾക്ക് വളരെ നിയന്ത്രിതമായിട്ടുള്ള ഒരു സ്ഥിരാവകാശം ലഭിച്ചതു 1942-ൽ ആണ്. പിന്നെ 1954-ൽ ആണ് അതു പ്രായോഗികമായി നടപ്പിലായതു. ഈ ബില്ലിലാണെങ്കിൽ, ഭൂമിയിൽ ഇറങ്ങി അദ്ധ്വാനിക്കുന്ന ആളുകൾക്ക് സ്ഥിരാവകാശം കിട്ടുന്നതിനുള്ള ഒരു പരിശ്രമം വളരെ വിപുലമായ തോതിൽ നടന്നിട്ടുണ്ട്. ഏതെങ്കിലും ഒരു വിഭാഗത്തിനു ഭൂമിയിൽ സ്ഥിരാവകാശം കിട്ടുന്നില്ല എന്ന ആക്ഷേപം ഇവിടെ കേട്ടിട്ടില്ല. എന്റെ അഭിപ്രായത്തിൽ ഭൂമിയിൽ ഇറങ്ങി പണിയെടുക്കുന്ന എല്ലാ വിഭാഗക്കാർക്കും സ്ഥിരാവകാശം കൊടുക്കത്തക്കവിധത്തിൽ ഈ ബില്ലിൽ നിബന്ധനയുണ്ടെന്നാണ്. വാരക്കാർക്കു മറ്റുള്ളവർക്കു കിട്ടിയതു പോലുള്ള അവകാശം കിട്ടിയില്ലെങ്കിലും ഒരു ചെറിയ നിയന്ത്രണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ച്ചു് സ്ഥിരാവകാശം അനുവദിക്കുന്നുണ്ടു്. എനിക്കു് ഈ അവസരത്തിൽ ചോദിക്കാനുള്ളതു് വല്ലവരേയും ഇക്കൂട്ടത്തിൽ വിട്ടുകളഞ്ഞോ എന്നാണു്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ അദ്ധ്വാനിക്കുന്ന ഭൂമിയിൽ സ്ഥിരാവകാശം കിട്ടണമെന്നുള്ളതു് മനുഷ്യനു് ശ്വാസം കഴിക്കണമെന്നുള്ളതുപോലെ അവശ്യമായ ഒരു കാര്യമാണു്. അങ്ങനെ വല്ലവർക്കും ഈ അവകാശം കിട്ടാതെ പോയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇല്ലെന്നാണു് എനിക്കു് തോന്നുന്നതു്.

ഒരു പരിഷ്ക്കാരത്തെ തടഞ്ഞു വെയ്ക്കുന്നതിനായി പല വാദമുഖങ്ങളും ഇവിടെ ഉയർന്നു വരികയുണ്ടായി. അതൊന്നും കണക്കാക്കാതെതന്നെയാണു് വളരെ വിപുലമായ തോതിൽ കൃഷിക്കാർക്കുള്ള സംരക്ഷണാവകാശങ്ങളും ഇവിടെ ചേർത്തിട്ടുള്ളതു്. ഇതിനൊന്നും സമ്മതമില്ലാത്തവർ കാണിക്കുന്ന പ്രതിഷേധം പല രൂപത്തിലും പുറത്തു ചാടുന്നുണ്ടു്. ജാതിയുടെ കാഴ്ചപ്പാടിലും, മതത്തിന്റെ നോട്ടത്തിലും അതിനെ ദുർവ്യാഖ്യാനം ചെയ്യുന്നുണ്ടു്. അവനവൻ പ്രതിനിധീകരിക്കുന്ന സ്ഥാപിത താൽപ്പര്യങ്ങൾക്കു് അപകടം വരുമ്പോൾ ഇതിലധികം ഭീഷണികളും കോമാളിത്തരങ്ങളും ഇങ്ങനെയുള്ളവർ ഇറക്കിവിടും. ഇതിനു മുൻപും ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അപ്പോഴെല്ലാം ഇത്തരം എതിർപ്പുകളും, കോമാളിത്തരങ്ങളും നല്ല കാര്യങ്ങൾക്കുവേണ്ടി വഴിമാറി കൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്.

ഈ ബില്ലിന്റെ മറ്റൊരുദ്ദേശം പാട്ടത്തിന്റെ കാര്യത്തിൽ ഒരു നിശ്ചയം വേണമെന്നുള്ളതാണു്, പാട്ടത്തിന്റെ കാര്യം മലബാറിനെ സംബന്ധിച്ചിടത്തോളം എനിക്കു് വളരെ നിശ്ചയമായി പറയാൻ കഴിയും. വസ്തു ഉടമസ്ഥന്റെ മര്യാദയും, മര്യാദകേടും അനുസരിച്ചു് ഇഷ്ടമുള്ള തുക പാട്ടം കണക്കാക്കുക എന്നനിലയാണു് തുടർന്നു വന്നതു്. എന്നാൽ മലബാർ കുടിയായ്മ നിയമം അക്കാര്യത്തിൽ കൃഷിക്കാരനു് അനുകൂലമായിട്ടും, ജന്മിക്കു പ്രതികൂലമായിട്ടും ചില വ്യവസ്ഥകൾ കൈക്കൊണ്ടു. 1942-ൽ പ്രാബല്യത്തിൽ വന്ന വ്യവസ്ഥ പ്രകാരം പാട്ടം തീർച്ചപ്പെടുത്തുന്ന കാര്യത്തിൽ അറുവിളവിന്റെ മൂന്നിൽ രണ്ടു് ജന്മിയ്ക്കു് എന്നായിരുന്നു. പക്ഷെ, പിന്നീടുണ്ടായ മാറ്റങ്ങളിൽ കൂടിയാനു് അനുകൂലമായ വ്യവസ്ഥകളുൾപ്പെടുത്തി അറുവിളവിൽ നിന്നും കൃഷിച്ചെലവു് കഴിച്ചു് നേർപകുതി മാത്രം ജന്മിയ്ക്കു് എന്നായി. കാലം ചെല്ലുന്തോറും കൂടിയാനു അനുകൂലമായ ഒരു നിലപാടു് സർക്കാർ സ്വീകരിച്ചുപോരുന്നതു് സ്വാഭാവികമാണു്. അങ്ങിനെയുള്ള ഒരു അനുകൂല്യം ഈ ബില്ലിലും ചെയ്തിട്ടുണ്ടെന്നല്ലാതെ, വസ്തുവുടമസ്ഥന്മാരെ പാടെ നിഷേധിയ്ക്കുന്ന മനോഭാവമാണു് ഈ ഗവണ്മെന്റു് കൈക്കൊള്ളുന്നതെന്നു ഇവിടെ ചിലർ പറഞ്ഞതു് ശരിയല്ല. പാട്ടം ഇന്ന രീതിയിലെ കണക്കാക്കുകയുള്ളു എന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ കൊടുക്കാനുള്ള പാട്ടത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങുവാനുള്ള ഭൂമിയുടെ വില നിശ്ചയിക്കുന്നുണ്ടു്. കൂടിയാൻ ഭൂമി വിലയ്ക്കു വാങ്ങുവാൻ അനുവദിക്കപ്പെടുന്നുണ്ടെന്നുള്ളതു് ശരിതന്നെ. അതേ സംബന്ധിച്ചു പ്രതിപക്ഷഭാഗത്തുനിന്നും പുറപ്പെടുവിച്ച അഭിപ്രായങ്ങളും വിസ്മയാവഹം തന്നെ. ഉള്ളുഭൂമി മുഴുവൻ വിലയ്ക്കു് വാങ്ങുവാൻ കൂടിയാനെ നിർബന്ധിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ വേണമെന്നൊരു പക്ഷം, ഉടമസ്ഥനു് യാതൊന്നും കൊടുക്കാതിരിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നു് മറ്റൊരു പക്ഷം. ഇപ്പോഴത്തെ നിലയിൽ ഉടമസ്ഥനായിട്ടുള്ള ആളുകൾ കുറെക്കാലം കൂടി വസ്തുവിലുള്ള അയാളുടെ അവകാശം തുടർന്നു കൊണ്ടുപോകുവാൻ അനുവദിച്ചാലെന്താണു് എന്നു് മറ്റൊരു പക്ഷം. ഒരടിക്കുതന്നെ ഈ രാജ്യത്തെ കുടിയായ്മ എല്ലാം അവസാനിപ്പിച്ചു്, ഭൂമിയിൽനിന്നും മദ്ധ്യവർത്തിത്വത്തെ തുടച്ചു നീക്കി യഥാർത്ഥ കർഷകനു് ഭൂമി നൽകണമെന്ന വാദിക്കപ്പെടുന്നുണ്ടു്. എനിക്കു് തോന്നുന്നതു്, മേലാൽ ഭൂമി വ്യവസ്ഥിതി വളരാതിരിക്കുവാനുള്ള ഒരു ശ്രമമാണു് നാം എടുക്കേണ്ടതു് എന്നാണു്. മറുപക്ഷം അത്യാവശ്യപ്പെടുന്ന മാതിരി വസ്തു ഉടമസ്ഥന്മാരെ ഇതേ നിലയിൽ തുടർന്നു പോകുവാൻ അനുവദിക്കുകയും, അതേയവസരത്തിൽ കുടിയായ്മയെ അവസാനിപ്പിക്കുകയും ചെയ്യുന്ന വ്യവസ്ഥിതി, എങ്ങനെ ഫലത്തിൽ കൊണ്ടുവരാൻ കഴിയും എന്നു്

[ശ്രീ. ഇ. പി. ഗോപാലൻ]

എനിക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. ഭൂമിയുടെ കാര്യത്തിൽ ആളുകൾക്ക് വളരെയധികം താൽപ്പര്യം ഉണ്ട്. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ ഇനി മുതൽക്ക് ഭൂമി ഉടമസ്ഥൻ എന്നോ, പാട്ടക്കാർ എന്നോ ഒന്നും ആവശ്യമില്ലെന്ന വാദിച്ചാൽ അതു നടപ്പിൽ കൊണ്ടുവരുവാൻ കുറെ പ്രയാസമുണ്ട്. എന്നാൽ അത്തരത്തിലൊരു സ്ഥിതിവിശേഷത്തിലേക്ക് ഡവലപ്പ് ചെയ്തുവരേണ്ടതാണ്. അങ്ങനെ അതു സിസ്റ്റം ഡെവലപ്പ് ചെയ്തുകൊണ്ടു വരികയാണോ വേണ്ടതു്, അതോ ഒറ്റയടിക്ക് ഇതെല്ലാം ശരിപ്പെടുത്തണമെന്നു വെറുതെ വാദിക്കുകയോ വേണ്ടതു്. ഈ ബില്ലു് ഇവിടത്തെ കുടിയായ്മ സമ്പ്രദായത്തെ ക്രമേണ അവസാനിപ്പിക്കുവാൻ ഉപകരിക്കുന്ന ഒന്നാണെന്നാണ് എന്റെ അഭിപ്രായം.

ഈ ബില്ലിൽ ഭൂമി വാങ്ങുവാനുള്ള സൗകര്യം കൂടിയേ തീരൂ കിടപ്പുണ്ടു്. പിന്നെ ഉള്ളതു് പ്രതിഫലത്തെപ്പറ്റിയാണ്. പ്രതിഫലത്തെ സംബന്ധിച്ചു് ഈ ബില്ലിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളും ന്യായമാണോ, അന്യായമാണോ എന്നു ചോദിച്ചാൽ മറുപടി പറയാൻ വിഷമമുണ്ടു്. ഇതു് അന്യായമാണെന്നു പണം വാങ്ങാനുള്ളവർ പറയും. ന്യായമാണെന്നു കൊടുക്കേണ്ടവരും പറയും. ഒരു നിലത്തിലുണ്ടാകുന്ന നെല്ലിന്റെ പാട്ടമല്ലേ കൊടുക്കാൻ സാധിക്കുകയുള്ളു. അതു നിലയ്ക്കു് അതു പാട്ടത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രതിഫലം നിശ്ചയിക്കുകയും,.....

ശ്രീ. കെ. ചന്ദ്രശേഖരൻ: ഉണ്ടാകാത്ത നെല്ലിനു് പാട്ടം കൊടുക്കണ്ടാ എന്നൊരു വ്യവസ്ഥ ഈ ബില്ലിലുണ്ടോ ?

ശ്രീ. ഇ. പി. ഗോപാലൻ: അങ്ങനെ ഒരു വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ഉണ്ടാകാത്ത നെല്ലിനു പാട്ടം കൊടുക്കേണ്ടി വരുകയുമില്ല. ഈ രാജ്യത്തെ ചെറുകിട ഭൂമികളെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പരിഗണിക്കേണ്ടതായിട്ടില്ല. കുടിയാന്മാരിൽനിന്നും ന്യായമായും, അല്ലാതെയും പാട്ടം തുടങ്ങിയവ വാങ്ങിക്കൊണ്ടിരുന്നവർക്കു് മേലാൽ അങ്ങനെ വാങ്ങാൻ സാധിക്കാതെ വരും എന്നു കാണുമ്പോൾ ചില പരിഭ്രമങ്ങളൊക്കെ ഉണ്ടാകും. വസ്തുവുടമസ്ഥന്മാരെയും, കുടിയാന്മാരെയും ഒരു പോലെ കണക്കിലെടുത്തുകൊണ്ടു്, ഇരു കൂട്ടർക്കും നീതിചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇവിടെ പ്രതിഫലത്തിന്റെ തോതു് നിശ്ചയിച്ചിട്ടുള്ളതു്. അങ്ങനെ ഒരു തോതു് നിശ്ചയിക്കുമ്പോൾ ചിലർക്കു് കുറഞ്ഞു എന്നുവരാം. അങ്ങനെ കുറയുന്ന കേസ്സുകളും ഉണ്ടാകും. ഇല്ലെന്നു പറയുന്നില്ല. പ്രതിഫലത്തിന്റെ കാര്യത്തിൽ വളരെ നഷ്ടം വരുന്ന സന്ദർഭങ്ങളിൽ അവരെ സഹായിക്കാൻ കഴിയുമാറുള്ള ചില ഏർപ്പാടുകളും ഈ ബില്ലിൽ ഉണ്ടു്. അതൊന്നും പരിശോധിക്കാതെ ഇവിടെ വച്ചതെന്നു് ന്യായാന്യായങ്ങളുന്നയിക്കുന്നതിൽ വലിയ കുഴപ്പമൊന്നുമില്ല. എന്നാൽ മറ്റാർക്കോ വേണ്ടിയുള്ള ഒരു മറിച്ചിലാണു് ഇവിടെ നടക്കുന്നതു്. പ്രതിഫലത്തെ സംബന്ധിച്ചിടത്തോളം ആർക്കും ഒരു ആക്ഷേപവുമില്ലാത്ത ഒരു നില കൈക്കൊള്ളുവാൻ സാധ്യമാണോ ? കഴിവുള്ളിടത്തോളം കുടിയാനും, വസ്തുവുടമസ്ഥനും ദോഷമില്ലാത്ത ഒരു വ്യവസ്ഥ ചെയ്യുവാനാണു് ഭൂമിച്ചിട്ടുള്ളതു്. പ്രതിഫലത്തെ സംബന്ധിച്ചിടത്തോളം മൊത്തമായിട്ടു് എനിക്കു് ഇതാണു് പറയുവാനുള്ളതു്.

ഈ ബില്ലിനെ സംബന്ധിച്ചു് ഗുണദോഷവിവേചനം ചെയ്യുമ്പോൾ എതിരായി ബാധിക്കുന്നവരുടെയും, ദോഷം സംഭവിക്കുന്നവരുടേയും മാത്രം കാര്യങ്ങൾ എടുത്തു് പെരുപ്പിച്ചു പറയുക ; അതേ അവസരത്തിൽ ഈ ബില്ലിനെ അനുകൂലിക്കുകയും ചെയ്യുക ; ഈ നിലപാടു് മനസ്സിലാക്കുവാൻ വിഷമമുണ്ടു്. നാം ഇവിടെ തീരുമാനിച്ച വ്യവസ്ഥകൾ അതു അപകടം പിടിച്ചവയാണെന്നു ഞാൻ കരുതുന്നില്ല. ഓരോ കാര്യവും എടുക്കുമ്പോൾ കഴിഞ്ഞിക്കോലിട്ടു തൂക്കി വയ്ക്കണം, അങ്ങനെ തീരുമാനിക്കണം എന്നൊക്കെ പറയാം. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടുള്ള കാര്യത്തിൽ അങ്ങനെ തുക്കി വ്യവസ്ഥകളേർപ്പെടുത്തുവാൻ പ്രയാസമുണ്ട്. ശ്രീ. നാരായണക്കുറുപ്പ് ഈ ബില്ലിനെ സംബന്ധിച്ച്, കുറെയൊക്കെ സന്തോഷവും, കുറെയൊക്കെ സന്താപവും പ്രകടിപ്പിച്ചുകണ്ടു. തന്റെ കക്ഷിയിൽപ്പെട്ട ശ്രീ. ചാഴിക്കാടൻ ബില്ലിനെ അങ്ങേയറ്റം എതിർത്തു കാണുന്നതിലാണോ സന്താപം ? ഇതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സാമൂഹ്യ സാമ്പത്തികപ്രശ്നമായതുകൊണ്ടു് വിവിധതാൽപ്പര്യക്കാർ വൈതൃസ്ത നിലപാടുകളും സ്വീകരിക്കും. പരിധി നിർണ്ണയിക്കുന്നകാര്യത്തിലും, ചില നിർണ്ണയങ്ങളും, നിയന്ത്രണങ്ങളും ഒക്കെ വച്ചിട്ടുണ്ടു്. അവയും സ്വീകാര്യമായിട്ടുള്ളതാണെന്നാണു് എന്റെയും അഭിപ്രായം. ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതോടെ, മിച്ചഭൂമി വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചു് സ്വാഭാവികമായി ചില നടപടികളുംകൈക്കൊണ്ടിവരും. ഇതിനെ സംബന്ധിച്ചു് വാദപ്രതിവാദം നടന്ന അവസരത്തിൽ വളരെ വിചിത്രമായ ഒരു സ്ഥിതിവിശേഷം കാണുകയുണ്ടായി. മിച്ചഭൂമി എടുക്കുന്നതു് പ്രതിഫലം കൊടുത്തിട്ടാണു്. അതു പിടിക്കുന്ന വീതിച്ചു കിട്ടുന്നവർ നിശ്ചിത ബാധ്യതകളുമേറെറടുക്കണം. ഈ കായ്ങ്ങളെല്ലാം കൈകാര്യം ചെയ്യാനുള്ള ലാൻഡ് ബോർഡും, ലാൻഡ് ട്രിബ്യൂണലും കമ്മ്യൂണിസ്റ്റുകാർ അവരുടെ സ്വന്തം ആളുകൾക്കു ഭൂമി കൊടുക്കുവാൻ വേണ്ടി ഉണ്ടാക്കിയവയാണു് എന്നേടത്തോളം പറഞ്ഞൊത്തിച്ചു കേട്ടപ്പോൾ ഇതൊക്കെയുമാകാമോ അധ്യാപനം എന്നു ഞാൻ വിചാരിച്ചുപോയി. ഈ ബില്ലിലെ വ്യവസ്ഥപ്രകാരമുണ്ടാക്കുന്ന ലാൻഡ് ബോർഡ്, മുൻകൂട്ടി കണ്ടുവെച്ച ആളുകൾക്കു് ഭൂമി വീതിച്ചുകൊടുക്കാനാണു എന്നു പറയുന്നതിൽനിന്നും ഇവർ പരിധി നിർണ്ണയത്തിനെതുകണ്ടെതിരാണെന്നു തെളിയുന്നു. നിയമ പരിജ്ഞാനം കുറവായ എന്നെപ്പോലുള്ളവർക്കു് ഈ നാട്ടിലെ കാര്യങ്ങളെ സംബന്ധിച്ചു് കുറെയൊക്കെ പരിജ്ഞാനമുണ്ടു്. ഇത്തരം പ്രോഷണങ്ങൾ നടത്തുന്നവർ എന്തുദ്ദേശം വച്ചുകൊണ്ടായിരുന്നാലും ശരി, ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളും, ഇവിടെ ചെയ്തിട്ടുള്ള പ്രസ്താവനകളും ഈ രാജ്യത്തെ കൃഷിക്കാരെ ഒന്നു കിട്ടിയാൽ മയക്കാനും, അമർത്താനുമുള്ള വിഷമുണ്ടകളാണെന്നു കാണാൻ കഴിയും. മിച്ചഭൂമി വിറ്റു് കാശാക്കുവാൻ ഭൂവുടമസ്ഥന്മാരെ അനുവദിക്കണമെന്നു മറെറാരുഘട്ടത്തിൽ വാദിക്കുന്നവർ, "കുന്തം കുടം കൊണ്ടു് കൊണ്ടല്ലെങ്കിൽ" ഈബില്ലിനെ എതിർക്കുന്ന വൃത്തികെട്ടഅടവാണെടുക്കുന്നതു്. മിച്ചഭൂമി യാതൊരു പരിതഃസ്ഥിതിയിലും ഉണ്ടാകാതിരിക്കാൻ ചെയ്ത ശ്രമം പരാജയപ്പെട്ടുവെന്നു കണ്ടപ്പോൾ, പ്രതിഫലം തൊട്ടുള്ള പ്രശ്നങ്ങളിൽ ഭൂവുടമസ്ഥന്മാർക്കുവേണ്ടി വാദിക്കാൻ തുടങ്ങി. ഇങ്ങനെയുള്ള ഉദാഹരണങ്ങളും ഇതിനുമുമ്പും ചരിത്രം കണ്ടിട്ടുള്ളതാണു്. ഈ ബിൽ പാസ്സാക്കുന്നതിനെതിരായി ഇവിടത്തെ പതിനായിരക്കാരും, ഇരുപതിനായിരക്കാരും ആയ വമ്പിച്ച ഭൂവുടമസ്ഥന്മാർ പേപിടിച്ചു് ഇളകിയിരിക്കുകയാണു്. പത്തുമുപ്പതു കൊല്ലം കർഷകരുടെ ഇടയിൽ ഉണ്ടായിട്ടുള്ള പ്രക്ഷോഭണങ്ങളുടെ ഫലമായി ഭൂനയകാര്യത്തിൽ കുറെയെല്ലാം പരിവർത്തനം വരുത്തുവാൻ ഈ രാജ്യം പക്വമായിട്ടുണ്ടെന്നു് എനിക്കു് ധൈര്യസമേതം പറയാൻ കഴിയും. ഞാൻ ഇതു പറയുന്നതു്, അക്കാര്യത്തിൽ എനിക്കു് നേരിട്ട ചില അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതുകൊണ്ടാണു്. ഇതെല്ലാം കഴിഞ്ഞു് പ്രതിപക്ഷത്തുള്ളവർ പറയുകയാണു്, ഈ ബില്ലു് പാസ്സായിക്കഴിഞ്ഞാൽ അതു നടപ്പാക്കുന്നതിനു് വളരെ പ്രയാസമുണ്ടാകും എന്നു്. ഇത്തരത്തിലുള്ള ഒരു സാമൂഹ്യപ്രവർത്തന നിയമം നടപ്പിൽ വരുത്തുന്നതിനു് ചില വിഷമതകളെല്ലാം ഉണ്ടാകും. സ്ഥാപിത താൽപ്പര്യക്കാർ അവരാലാകുന്ന തടസ്ഥങ്ങളുണ്ടാക്കും. എന്നാൽ ഇൻഡ്യയിലാകമാനമുള്ള അന്തരീക്ഷം ഈ നിയമം നടപ്പിലാക്കുന്നതിനു അനുകൂലമാണു്. ഇൻഡ്യയിൽ പൊതുവിൽ ഭൂനിയമം പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള ഭാവം പ്രദർശിപ്പിക്കപ്പെടുന്നുണ്ടു്. ആ നിലയ്ക്കു് കേരളത്തിൽ ഇത്തരത്തിലൊരു നിയമം ഉണ്ടാക്കി നടപ്പിൽ വരുത്തുവാൻ പുരോഗമനശക്തികളുടെ സുശക്തമായ പിൻതുണ ഗവണ്മെൻറിനു ഉണ്ടായിരിക്കും എന്നു് എനിക്കു് ഇവിടെ രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഈ നിയമനിർമ്മാണംവഴി കേരളസംസ്ഥാനത്തു കാർഷികപരിഷ്കാരം നടപ്പിലാക്കണമെന്നുപറയുമ്പോൾ, അങ്ങനെ നടപ്പിലാക്കുന്നതു ഒരു ജാതിയേയോ, അല്ലെങ്കിൽ ഒരു മതവിഭാഗത്തെയോ കല്പിച്ചുകൂട്ടി ദ്രോഹിക്കുവാനാണു് എന്നുള്ള വാദഗതികൊണ്ടുക്ക യാതൊരുവിലയും കല്പിക്കേണ്ടതില്ല. മഹത്തായ ബഹുജനാധിപത്യപ്രസ്ഥാനത്തിന്റെ സൃഷ്ടിയാണു് ഈ ബിൽ എന്നതിനാൽ, ഇതു് അടിയന്തിരമായും നടപ്പിലാക്കണമെന്നു ഞാനാഗ്രഹിക്കുകയാണു്. വളരെ പ്രാധാന്യമർഹിക്കുന്ന പല കാര്യങ്ങളും ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതിലൊന്നു ലാൻഡ് ട്രൈബ്യൂണൽതന്നെ. സെലക്ട് കമ്മിറ്റി സ്റ്റേജിലും അതിനുശേഷവും ഫലപ്രദമായരീതിയിൽ അതെങ്ങനെ സംഘടിപ്പിക്കാമെന്നുള്ളതിനെക്കുറിച്ചു നാം വളരെവളരെ ആലോചിച്ചു. ബില്ലിൽ നിർദ്ദേശിച്ച കാര്യങ്ങൾ ഫലപ്രദമായ വിധത്തിൽ നടപ്പിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അതിനെക്കുറിച്ചു് അന്വേഷണം നടത്തിയതു്. ഈ ബിൽ ഡ്രാഫ്റ്റ് ചെയ്ത അവസരത്തിൽ ഒരുദ്യോഗസ്ഥനെയാണു് ലാൻഡ് ട്രൈബ്യൂണലായി കണക്കാക്കപ്പെട്ടിരുന്നതു്. നാം ഉണ്ടാക്കുന്ന നിയമത്തിൽ കുറവുകളുണ്ടാകാം; കുറങ്ങളുമുണ്ടാകാം. അതിനു് പരിഹാരം കാണാനുള്ള മാർഗ്ഗവുമില്ലാ. എങ്കിലും, സാമൂഹ്യനിയമങ്ങൾ നടപ്പിലാക്കാനുള്ള മെഷ്യനറിയുടെ കാര്യത്തിലാണു് ജഡ്യാപേക്ഷയങ്ങൾ കിടക്കുന്നതെന്നു പറഞ്ഞതിരുന്നു. അതുകൊണ്ടു് ട്രൈബ്യൂണലിൽ പഞ്ചായത്തുകളുടെ രണ്ടു പ്രതിനിധികളും നിയമപരിജ്ഞാനമുള്ള ഒരാളും വേണമെന്നു നാം തീരുമാനിച്ചു. അതു് നമുക്കു ചെയ്യാവുന്നതിൽവച്ചു് ഏറ്റവും പ്രധാനമായ ഒരു കാര്യമാണു്. അതിന്റെ പ്രവർത്തനം കുക്ഷിപിടിച്ചുകൊണ്ടാകുമെന്നു് പറഞ്ഞുണ്ടാക്കുന്നതിനോടു ഞാൻ യോജിയ്ക്കുന്നില്ല. ഈ വകുപ്പിനെമാത്രമല്ലാ ഈ ബില്ലിൽ വളരെ വിപുലമായ ആശയഗതിയോടുകൂടി ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകളെപ്പോലും ആക്ഷേപിക്കുന്നതായികേട്ടു. കുക്ഷിപരിശോധനവച്ചുകൊണ്ടു് പ്രവർത്തിക്കുമെന്നു പറഞ്ഞുകൊണ്ടാണു് ആരോപണങ്ങൾ വന്നതു്. കുക്ഷികളുടെ പേരിൽ അണയിട്ടുവന്നവരാണിതുപറയുന്നതു്. ഇൻഡ്യാരാജ്യം ഒട്ടുക്കു എടുത്തുനോക്കിയാലും, സംസ്ഥാനങ്ങളായിട്ടു എടുത്തുനോക്കിയാലും വാസ്തവത്തിൽ ഇന്നു നടക്കുന്നതു ഒരു പാർട്ടിയുടെ ഭരണമാണു്. കോൺസ്റ്റിറ്റ്യൂഷനിൽ നിർദ്ദേശിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളടക്കം എല്ലാ കാര്യങ്ങളും ഈ രാജ്യത്തുനടക്കുന്നതു ഒരു പാർട്ടിയാണു എന്നുള്ളതുകൊണ്ടു് അതു കുക്ഷിപരിശോധനവച്ചുകൊണ്ടാണു പ്രവർത്തിക്കുന്നതെന്നു പറയേണ്ടിവരും. സുപ്രീംകോടതിയിലെ ജഡ്ജിമാരെ നിശ്ചയിക്കുന്നതു പ്രസിഡണ്ടാണു്. അങ്ങനെ നിശ്ചയിക്കുന്നതും നിശ്ചയിക്കുവാൻ ഇടവരുന്നതും ഒരു കുക്ഷിയുടെ ആളുകളെയാണു് എന്നു പറയേണ്ടിവരും. അതു മനസ്സിൽവച്ചുകൊണ്ടു് ഒരു കുക്ഷി അധികാരത്തിലിരിക്കുമ്പോൾ ആ കുക്ഷി ചെയ്യുന്നതെല്ലാം ആ കുക്ഷിയുടെ കാര്യംമാത്രം അടിസ്ഥാനമാക്കിയാണു ചെയ്യുന്നതെന്നു പറഞ്ഞുതുടങ്ങിയാൽ ഇന്നു് ഇൻഡ്യയിൽ നടത്തുന്ന എല്ലാ ഏർപ്പാടും ഉടനടി മാറേണ്ടിവരും. ഈ നിയമനിർമ്മാണം ചെയ്യുമ്പോൾ അതു ഒരു കുക്ഷിക്കുവേണ്ടിയാണെന്നു പറയുന്നതു്, അതു് പറഞ്ഞ ആളുടെ അധഃപതനത്തെയാണു കാണിക്കുന്നതു്. ഈ ബിൽ ഇവിടെ നടപ്പിലാക്കാൻ പാടില്ല എന്നു് പറഞ്ഞുകേട്ടു. ഈ ബിൽ നടപ്പിലാക്കുവാൻ കാലമായിട്ടില്ലാ എന്നൊക്കെ പറയുന്നതു മനുഷ്യർഹിയ്ക്കാത്ത വാദമാണു്. ഇതാർക്കും എപ്പോൾവേണമെങ്കിലും എന്തിനേക്കുറിച്ചും പറയാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ചില നിയമനിർമ്മാണം കുക്ഷികൾക്കുവേണ്ടി മാത്രമല്ല, വ്യക്തികൾക്കുവേണ്ടിമാത്രമാണെന്നു പറഞ്ഞാൽ എന്താണതിനെപ്പറ്റി പറയാനുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : കൃഷിക്കാരെ വ്യക്തികളെന്നുള്ള തരത്തിലാണു് എടുത്തുപറയുന്നതെങ്കിൽ എനിക്കതിനു വിരോധമല്ല. കൃഷിക്കാരനു വ്യക്തിയെന്നുള്ള നിലയിൽ കൊടുക്കുന്നതുകൊണ്ടു് ഒരു തരക്കേടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിയെന്നുള്ള നിലയിൽ ഭൂമി വിതരണംചെയ്യുമ്പോൾ കൃഷിക്കാരനായ കൃഷ്ണൻനായർക്കും ഒരു സേപ്പിനും മറവുമായിരിക്കും അതു കിട്ടുന്നതു്. ഈ മാതിരി സങ്കുചിതമായ വാദങ്ങളല്ലാതെ, പാട്ടം കുറഞ്ഞുകിട്ടേണ്ട ആളുകൾക്കുവേണ്ടി വല്ലതും പറയുവാൻ ഉണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. പാട്ടം കുറച്ചതിനെപ്പറ്റിയും മറവും ഒന്നും പറയാനില്ലാത്തതുകൊണ്ടാണു് ഈമാതിരിയുള്ള ആരോപണങ്ങളും വളഞ്ഞവാദങ്ങളും കൊണ്ടുവരുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇപ്പോൾ പാസ്സാക്കിയിട്ടുള്ള 75-ാം വകുപ്പു് ആക്കവേണ്ടിയാണെന്നു പറയാമോ ?

ശ്രീ. ഇ. പി. ഗോപാലൻ : ബില്ലിലെ 75-ാം വകുപ്പു ആക്കവേണ്ടിയാണെന്നു മി. വിശ്വനാഥനു സംശയമുണ്ടോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : സംശയമുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : മിച്ചഭൂമി വിറ്റു കാശാക്കുവാൻ സാധ്യമല്ലെന്നുകണ്ടുകൊണ്ടു്, അതറിഞ്ഞിട്ടുപോരെ ?

Chairman : I appeal to you to confine yourself to the relevant subject.

ശ്രീ. ഇ. പി. ഗോപാലൻ : അതുകൊണ്ടു് ഈ നിയമസഭാതലത്തിൽവച്ചു എനിക്കു പറയുവാനുള്ളതു ഈ ബിൽ പാസ്സായിക്കഴിഞ്ഞു അതു നടപ്പിലാക്കുന്ന അവസരത്തിൽ നേരിടുവുന്ന വിഷമങ്ങളേയും നിയമസംബന്ധിയായ അവ്യക്തതകളേയും തക്ക സന്ദർഭത്തിൽ പരിഹരിക്കുവുന്നതാണു് എന്നാണു്. ഇത്തരത്തിലൊരു നിലപാടിനുപകരം ബില്ലിനെ എതിർക്കുന്ന സ്ഥാപിതതാല്പര്യക്കാരുടെ ചട്ടുകമാവരുതെന്നാണെന്റെ അഭ്യർത്ഥന. കാൺസിക്വൻഷ്യൽ അമെൻഡുമെൻഡുപോലും സംശയദൃഷ്ടിയോടുകൂടിയാണു ഇവിടെ വീക്ഷിക്കുന്നതു്. വാസ്തവത്തിൽ ഇതു നടപ്പിലാക്കുമ്പോൾ ചില ബുദ്ധിമുട്ടുകളുണ്ടാവാം. അതൊക്കെ തീർക്കുവാൻ നമുക്കു സാധിക്കും. ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തിൽ പങ്കാളിയാവുന്നതു് എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണു്. ഈ നിയമം പാസ്സാക്കുന്നതിൽ ഒരുദ്ദേശമുണ്ടെന്നു പറയുന്ന ശ്രീമാൻ വിശ്വനാഥനെപ്പോലെയുള്ള സ്നേഹിതന്മാരോടു എനിക്കു പറയുവാനുള്ളതു അവർ ഇതിനെ എതിർക്കുന്നതു ആക്കവേണ്ടിയാണെന്നു് ഒരിക്കൽകൂടി ആലോചിച്ചുനോക്കണമെന്നാണു്.

പ്ലാനിംഗ്കമ്മീഷന്റെ നിർദ്ദേശങ്ങളും മുഴുവനുമായംഗീകരിച്ചു് ഈ സ്റ്റേറ്റിൽ ഒരു നിയമനിർമ്മാണം നടത്താൻ പറയുമെന്നുദ്ദേശിയ്ക്കുന്നുണ്ടോ ? ശ്രീ. വിശ്വനാഥനെപ്പോലെയുള്ള സുഹൃത്തുക്കളോടു് ഞാനപേക്ഷിയ്ക്കുന്നു ! ഇതുകണ്ടു് വിപുലമായ പരിഷ്കാരങ്ങളടങ്ങുന്ന വല്ല നിയമങ്ങളും മറ്റേതെങ്കിലും നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോ ? മലബാറിലെ കർഷകർക്കുവേണ്ടി ഒരു നിയമനിർമ്മാണം നടത്തണമെന്നു വാദിച്ചകാലത്തു കാൺഗ്രസ്സു് പാർട്ടിയുടെ കാരുണ്യവും വിപ്ലവവുംകണ്ടില്ല. മലബാറിലെ കർഷകർ ദീർഘകാലമായി നടത്തിയിട്ടുള്ള സമരത്തിന്റെ ഫലമായിട്ടാണു് അവിടെ ചില നിയമങ്ങളുണ്ടായതു്. അതൊന്നുമിപ്പോൾ നിങ്ങൾക്കറിവുണ്ടാവുകയില്ല. അക്കാലംതൊട്ടു് കർഷകപ്രസ്ഥാനത്തിൽനിന്നു് പ്രവൃത്തിച്ച എനിക്കു് ഈ നിയമനിർമ്മാണത്തിൽ പങ്കാളിയാകുവാൻ സാധിച്ചതു ചാരിതാർത്ഥ്യജനകമാണു്. ഇവിടെ പ്രസംഗിച്ചിട്ടുള്ള പല സ്നേഹിതന്മാരും ഒരു കാര്യം പ്രത്യേകം സ്മരിക്കേണ്ടതാണു്. ഇവിടത്തെ കാൺഗ്രസ്സുകാരിൽ ചിലർ ഇതുപോലെയുള്ള ഒരു നിയമം കൊണ്ടുവരുന്നതിനു പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. അവർ ശ്രമിച്ചിട്ടുള്ള അവസരങ്ങളിലെല്ലാം കാൺഗ്രസ്സുകക്ഷിയിൽപ്പെട്ടവർതന്നെ ഇതിനെ എതിർത്തു തോൽപ്പിച്ചിട്ടുമുണ്ടു്. ഈ സ്ഥിതിവിശേഷത്തിലാണു് ഈ ബിൽ ഇവിടെ വരുന്നതും പാസ്സാക്കണമെന്നു് ഞങ്ങളാവശ്യപ്പെടുന്നതും.

Shri Malethu Gopinatha Pillai : May I know whether the member knows he is inside the House ?

LIBRARY ARCHIVES Kerala Legislative Assembly

Chairman : Well, I cannot give a definite ruling on that. I have already appealed to Mr. Gopalan to confine himself to the relevant subject.

ശ്രീ. ഇ. പി. ഗോപാലൻ : സർ, നമ്മളം പരസ്പരം അറിയാത്ത ആളുകളല്ല. ഈ ബില്ലെന്നുകേട്ടാൽ കലിവരുന്ന ആളുകളുണ്ട്. സ്വയം പറയുന്നതല്ലാതെ മറ്റുള്ളവർ പറയുന്നതു് കേൾക്കാൻ അവർക്കു വയ്യാ. അവർക്കു പറഞ്ഞുമാത്രമെ ശീലമുള്ളു. അങ്ങോട്ടുപറയുന്നതു കേൾക്കുന്നതിനു അവർക്കു വിഷമമാണു്. വളരെ ഭേദഗതികളും ഇവിടെ കൊണ്ടുവന്നു. പല ഭേദഗതികളും നാമിവിടെ ചർച്ചചെയ്തിട്ടുണ്ടു്. ഇത്തരം ഫലപ്രദമായ നിയമങ്ങളും കൊണ്ടുവരുമ്പോൾ കുഴിയുന്നിടത്തോളം ഇൻഡ്യാരാജ്യത്തു ഇതേവരെ അംഗീകരിച്ചിട്ടുള്ള പൊതുതത്വങ്ങളിൽനിന്നകറ്റിക്കൊണ്ടുകൂടാ അതിനെക്കുറിച്ചു പറയുവാൻ. ഇൻഡ്യൻ നാഷനൽകോൺഗ്രസ്സ് ശൂന്യകാലത്തു് പ്രചരിപ്പിച്ച കാര്യങ്ങളും, അന്നു് ആ പ്രചരണത്തിന്റെ ഫലമായിട്ടാണു് കൃഷിക്കാർക്കു ചില അവകാശബോധങ്ങളും ഉണ്ടായിട്ടുള്ളതു്. ആ അവകാശബോധം വളർന്നുവന്നിട്ടാണു് ഇങ്ങനെ ഒരു നിയമനിർമ്മാണം ഇവിടെയുണ്ടായിട്ടുള്ളതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ കോൺഗ്രസ്സിനുള്ള കടമ അവർ വ്യക്തമായും ധരിക്കുന്നതുനന്നു്. കക്ഷിപരിഗണനവച്ചുകൊണ്ടു് പറയുന്ന ആളുകളും ഇവിടെയുണ്ടു്. കക്ഷിപരിഗണനയ്ക്കു അതീതമായി നിന്നുകൊണ്ടു് ഇതു നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാവരും സഹായിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ദൂരവ്യാപകമായ നല്ല ഫലങ്ങളും ഉണ്ടാക്കുന്ന ഒരു നിയമമാണിതു് എന്നു് ഉറപ്പിച്ചുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റെല്ലാവാദങ്ങളും പരാജയപ്പെട്ടപ്പോൾ പാർട്ടിപരിഗണനവച്ചുകൊണ്ടാണു് ഈ ബിൽ തയാറാക്കിയിട്ടുള്ളതു് എന്നു് വാദിയ്ക്കുന്നു. സ്വതന്ത്രപാർട്ടിയിലെ സ്ഥാപിതതാല്പര്യക്കാർക്കുവേണ്ടിയാണു് തങ്ങളിതെല്ലാം പറഞ്ഞുകൂട്ടുന്നതെന്നവരറിയുന്നുണ്ടോ? ഈ നാട്ടിലെ ബഹുഭൂരിപക്ഷംവരുന്ന കർഷകരുടേയും, കർഷകത്തൊഴിലാളികളുടേയും വളരെക്കാലമായി അവർ ആഗ്രഹിച്ചുകൊണ്ടിരുന്നതായ പ്രതീക്ഷകളും ഇപ്പോൾ സഫലമാക്കാൻ സാധിച്ചു എന്നുള്ളതാണു്. ഈ പ്രതീക്ഷകളും താല്പര്യങ്ങളും പുത്തനല്ല; എന്നു് ഞാനും സമ്മതിക്കുന്നു. പക്ഷെ ഞങ്ങളും ഇന്നധികാരത്തിൽ വന്നിട്ടില്ലായിരുന്നുകിൽ ഇപ്പോഴും ഇതു പൂർത്തിയാക്കാൻ സാധിക്കയില്ലായിരുന്നു. അതാണല്ലോ നാം അനുഭവംകൊണ്ടു് മനസ്സിലാക്കിയിട്ടുള്ളതു്. ഇതിനുവേണ്ടി നടത്തിയിട്ടുള്ള പ്രക്ഷോഭണങ്ങളും അതിനെതിരായി ഗവണ്മെൻറും മറ്റു സ്ഥാപിതതാൽപ്പര്യക്കാരും പ്രവർത്തിച്ചിട്ടുള്ളതുമൊക്കെ കണ്ടുകൊണ്ടാണല്ലോ നാം 1959-ൽ എത്തിയതു്. ഭൂപരിഷ്കരണത്തിനുവേണ്ടി ജനങ്ങളുടെ ഭാഗത്തുനിന്നു് വളരെക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണു് അവസാനം കോൺഗ്രസ്സ് നാഗപ്പൂർ സമ്മേളനത്തിൽ ഇതുസംബന്ധിച്ചുള്ള ഒരു പ്രമേയം പാസ്സാക്കുന്നതിനു് ഇടയായതും, അതേതുടർന്നു കോൺഗ്രസ്സുകാർ ഭരണം നടത്തുന്ന ചില സ്റ്റേറ്റുകളിൽ അതിനുവേണ്ടിയുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുള്ളതും. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം പാസ്സാക്കുന്നതിനു് കമ്മ്യൂണിസ്റ്റുപാർട്ടിയല്ലാതെ മറ്റേതെങ്കിലും ഒരു കക്ഷി ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടോ എന്നുള്ളതു നിങ്ങളും ഒരു ആത്മപരിശോധന നടത്തണം. അതെല്ലാം എങ്ങനേയും ഇരിക്കട്ടെ. ഈ നിയമം നടപ്പാക്കാൻ നമ്മെല്ലാം സഹകരിച്ചു് പ്രവർത്തിക്കണം. ഇതു കേരളത്തിലെ അരുപാദനിക്കുന്ന കർഷകജനവിഭാഗത്തിനു് വേണ്ടിയുള്ള ഒരു നിയമമാണു്. ഇതുകൊണ്ടു് കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരെ സഹായിക്കാൻ കഴിയും എന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. കെ. ആർ. നാരായണൻ : സർ, കുറേങ്ങളും കുറവുകളും വളരെയുണ്ടെങ്കിലും ഇപ്രകാരമുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്യാൻ സാധിച്ചതു വളരെ സന്തോഷകരമാണു്. സമുദായത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ടു് ശ്രീമാൻ ചാഴിക്കാടൻ പറഞ്ഞതുപോലെയല്ല,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നതു്. കറാച്ചിയിൽ ആരംഭിച്ചു നാഗപ്പൂർവരെ ഇൻഡ്യയൊട്ടാകെ ഭീജത്രയാത്ര നടത്തിക്കൊണ്ടിരിക്കുന്ന കാൺഗ്രസ്സുകാരന്റെ നിലയാണു് ഞാൻ പറയുന്നതു്. ഇന്നു് ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കുവാനും ഇത്ര ചുരുങ്ങിയ കാലത്തിനിടയ്ക്കു് ഇതു പാസാക്കി എടുക്കുവാനും ഇടയായതു കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യം ഭരിക്കുന്നതുകൊണ്ടാണെന്നു അവകാശപ്പെടുന്നവരും ഒരു പക്ഷെ ആ വശത്തു കണ്ടേക്കാം. അല്ലാതെ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നതുകൊണ്ടു് ഈ ദുർഘടം ഞങ്ങൾക്കു വന്നുവെന്നു കരുതുന്നവരുമുണ്ടു്. ഈ ബിൽ ഗുണം ചെയ്യുമെന്നും അതല്ല, ദോഷം ചെയ്യുമെന്നും അഭിപ്രായപ്രകടനങ്ങളും നടത്തുന്നവരും കണ്ടേക്കാം. പക്ഷെ കേരളം ഇൻഡ്യയുടെ ഒരു ഭാഗമാണെന്നും ഇൻഡ്യയുടെ എല്ലാ ഭാഗത്തും കമ്മ്യൂണിസ്റ്റുകാർ ഭരിക്കാൻ പോകുന്നില്ലെങ്കിൽ കൂടിയും ഈ ബിൽ ഇപ്പോൾ പാസാക്കിക്കൊണ്ടിരിക്കുന്ന ഒരു ഘട്ടമാണു്. എന്നും ഈ ഘട്ടത്തിൽ ആരു ഭരിച്ചാലും ഇതു പാസായിത്തന്നെ തീരണം എന്നുള്ളതാണു് പരമാർത്ഥം, ഇൻഡ്യാ ഇപ്പോൾ ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിയിലേക്കു് പ്രയാണം ചെയ്തു കൊണ്ടിരിക്കുകയാണു്. അതുകൊണ്ടെന്നിക്കു് ആ ഭാഗത്തിരിക്കുന്നവരെ അറിയിക്കുവാനുള്ളതു് നിങ്ങൾ ഭരിക്കുന്നതുകൊണ്ടുമാത്രം ഇതു പാസാക്കാൻ സാധിച്ചു എന്നു പറയുന്നതു് അത്ര ശരിയല്ല എന്നാണു്. ഈ ബില്ലിന്റെ ആത്മാവു് മുഴുവൻതന്നെ പ്ലാനിംഗ് കമ്മീഷൻ ആവിഷ്കരിച്ചിട്ടുള്ളതാണു്. ഇന്നു് ഇൻഡ്യയിൽ പല ഭാഗത്തും നടത്തിവരുന്നതു് ഈ പരീക്ഷാരത്തിന്റെ ആവിഷ്കരണമാണു്. എല്ലാ ഭ്രനയബില്ലുകൾക്കും ശ്രുപവും ശബ്ദവും പ്രാണനും നൽകുന്നതു് പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമാണു്. അല്ലാതെ കമ്മ്യൂണിസ്റ്റുഭരണം വന്നതുകൊണ്ടു് ഈ ബില്ലു് വന്നു എന്നു എന്റെ സ്നേഹിതൻ ശ്രീമാൻ ഗോപാലൻ പറഞ്ഞതു കേൾക്കുമ്പോൾ ഈ ചരിത്രവസ്തുതകൾ മറക്കരുതു് എന്നാണു് എനിക്കു പറയാനുള്ളതു്. കാക്കയും വന്നു പനമ്പഴവും വീണു എന്നുമാത്രം. കാക്ക വന്നില്ലെങ്കിലും പനമ്പഴം വീഴേണ്ടതായിരുന്നു. വീഴുകയും ചെയ്യുമായിരുന്നു. അതുകൊണ്ടു് ഞങ്ങൾ വന്നതുകൊണ്ടു് ഈ ബിൽ പാസാക്കി എന്നാരെങ്കിലും അഹങ്കരിക്കുന്നുണ്ടെങ്കിൽ അതു് വേണ്ടെന്നു് അറിയിക്കുകയാണു്. നമ്മുടെ ഉത്തരവാദിത്വമുള്ള ചില മന്ത്രിമാർ ഇവിടത്തെ പ്രതിപക്ഷങ്ങൾ ഈ ബില്ലിനെതിരായി നിൽക്കുന്നു എന്നു ഈ സംസ്ഥാനത്തിനകത്തും പുറത്തും ചില പ്രസ്താവനകൾ ചെയ്തിട്ടുണ്ടു്. അതു് സത്യവിരുദ്ധമാണു്. ഈ ബിൽ അവതരിപ്പിച്ചതുമുതൽ ഇന്നുവരെയുള്ള നടപടികൾ എടുത്തു നോക്കിയാൽ കാണാം പ്രതിപക്ഷങ്ങൾ ഇതിനെ എതിർത്തിട്ടില്ല. നേരെമറിച്ചു് വസ്തുനിഷ്ഠമായും പ്രായോഗികമായും ബില്ലിനെപ്പറ്റി വിമർശനം നടത്തി സൃഷ്ടിപരമായും പ്രായോഗികമായുമുള്ള നിർദ്ദേശങ്ങൾ കൊടുക്കുക മാത്രമാണു് ചെയ്തിട്ടുള്ളതു്. ഇതു് ബില്ലിനെതിരാണെന്നു പറയുന്നതു് ഏതു വിധമാണെന്നു എനിക്കു് മനസിലാകുന്നില്ല. ഇതു് എതിരാണെന്നു പറയുന്നതു എതിരു് എന്താണെന്നു് അറിയാൻ പാടില്ലാത്തതുകൊണ്ടാണു്. ഇങ്ങനെ ഉത്തരവാദിത്വമുള്ള മന്ത്രിമാരും മറ്റുള്ളവരും പ്രചരണം നടത്തുന്നതു് എന്തെങ്കിലും രാഷ്ട്രീയമായ ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം. പ്രതിപക്ഷങ്ങൾ ഈ ബില്ലിനെ എതിർക്കുന്നു എന്നു പറയുന്നതു് അതു് തിരുത്തുവാൻ ഞാൻ അപേക്ഷിക്കുകയാണു്. കറുത്ത പൂണ്ടിക്കാണിച്ചുകൊണ്ടു് സൃഷ്ടിപരമായി നന്നാക്കാൻ നോക്കുമ്പോൾ എതിരാണെന്നും ഈ ബില്ലിനെ ഇല്ലാതാക്കുവാനാണെന്നും പറഞ്ഞു സത്യത്തിന്റെ മേഖലയിൽ നിന്നും പരസ്യത്തിന്റെ മേഖലയിലേയ്ക്കു മന്ത്രിമാർ ചിറകു് വിരിച്ചു് പറക്കുന്നതു് ഖേദകരമാണു്. ഈ പീഠികയോടുകൂടിത്തന്നെ ഒരു കാര്യം മൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

ഈ ബിൽ സെലക്ട് കമ്മറ്റിക്കു് പോയതിന്റെ ശേഷം എല്ലാ ഡിസ്ട്രിക്ട്റ്റുകളിലും സഞ്ചരിച്ചു് അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്തുകയുണ്ടായി. എന്നാൽ പൊതുജനാഭിപ്രായവും ഈ ബില്ലും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുന്നു എന്നു ഞാൻ വിശകലനം ചെയ്തു നോക്കി. ഇപ്പോഴത്തെ ബില്ലും സെലക്ട് കമ്മിറ്റിയിൽ കൊടുത്ത മൊഴികളും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. നാരായണൻ]

മെമ്മോറാണ്ടങ്ങളും തമ്മിൽ മോശം മുതിരയും പോലെയുള്ള സാമ്യമുണ്ട്. യഥാർത്ഥത്തിൽ സെലക്ട് കമ്മിറ്റിയിൽ മൊഴികളുടേയും മെമ്മോറാണ്ടങ്ങളുടേയും ഈ രാജ്യത്തെ ഭൂരിപക്ഷം പത്രങ്ങളുടേയും അഭിപ്രായങ്ങൾ കണക്കിലെടുക്കാതെ പല വകുപ്പുകൾക്കും ഭൂപം യഥാർത്ഥത്തിൽ പൊതുജനാഭിപ്രായങ്ങളും മൊഴികളും കിട്ടിയില്ലെപോലെ ആ അഭിപ്രായങ്ങളെ ആദരിച്ചിട്ടില്ല. ആദരിക്കാതിരുന്ന ദോഷം തെറ്റാണോ ശരിയാണോ എന്നുള്ളതല്ല. ഓരോ വിഷയത്തിലും പൊതുജനാഭിപ്രായം ആദരിക്കുവാനും മാനിക്കുവാനും കണക്കിലെടുക്കുവാനും ഭരണകക്ഷിതയാറായിട്ടില്ല. അവരുടെ നിലപാട് ശരിയായിരിക്കാം. ഇപ്പോൾ എടുത്തിരിക്കുന്നനിലപാട് ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നല്ലതാണെന്നു" അവർക്ക്" തോന്നിയിരിക്കാം. എന്നിരുന്നാലും പൊതുജനാഭിപ്രായത്തിനു തുക്കംകൊടുത്തുകൊണ്ട് വേണ്ടിയിരുന്ന ഈ ബിൽ ഇവിടെ കൊണ്ടുവന്നു പാസാക്കുവാൻ, അതിന്റെ ഗുണദോഷത്തിലേക്ക് കടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ പൊതുജനാഭിപ്രായം ആദരിക്കപ്പെടാതിരുന്ന ചില വ്യവസ്ഥകളിലേക്കാണു് അല്പം പ്രകാശം വീശാൻ ഞാൻ ആഗ്രഹിക്കുന്നതു്. ഈ ബില്ലിൽ ഏറ്റവും പ്രധാനപ്പെട്ട.....

ശ്രീ. സി. എച്ച്. കണാരൻ : പൊതുജനാഭിപ്രായം ആദരിക്കാതെ പാസാക്കിയ വകുപ്പുകൾ ഏതെല്ലാമാണെന്നു് ഒന്നു പറഞ്ഞാൽകൊള്ളാം?

ശ്രീ. കെ. ആർ. നാരായണൻ : ഒന്നല്ല, പലതും പറയാം. ഈ ബില്ലിനെ താങ്ങി നിറുത്തുന്ന പ്രധാനപ്പെട്ട തൂണുകളിലൊന്നു് സീലിംഗ് ആണു്. സീലിംഗ് വകുപ്പിനെ സംബന്ധിച്ചിടത്തോളം സെലക്ട് കമ്മിറ്റി മുമ്പാകെ മൊഴികൊടുത്ത ആളുകളിൽ മഹാഭൂരിപക്ഷം ആളുകളും മൊഴി കൊടുത്തതു ഒരു ക്ലാസിഫിക്കേഷൻ ആദായത്തിന്റെ (income) അടിസ്ഥാനത്തിൽ വേണമെന്നാണു്. വിസ്തീർണ്ണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഭൂപരിധി നിർണ്ണയം ചെയ്യുന്നതു തെറ്റാണെന്നും അശാസ്ത്രീയമാണെന്നുമാണു് സെലക്ട് കമ്മിറ്റിയിൽ പൊതുജനാഭിപ്രായം ഉണ്ടായിരിക്കുന്നതു്. ഈ കേരളക്കരയിലെ പ്രധാനപ്പെട്ട പത്രങ്ങളെല്ലാംതന്നെയും മൂന്നോ നാലോ പത്രങ്ങൾ ഒഴിച്ചുള്ള എല്ലാ പത്രങ്ങളും ക്ലാസിഫിക്കേഷൻ ആഫ് ലാൻഡ് ആദായം നോക്കി ചെയ്യണമെന്നാണു് പറഞ്ഞിട്ടുള്ളതു്. സെലക്ട് കമ്മിറ്റിയുടെ തെളിവും ഇവിടത്തെ പത്രങ്ങളുടെ മുഖപ്രസംഗങ്ങളുടെ സ്വഭാവവും എല്ലാം പൊതുജനാഭിപ്രായമാണെങ്കിൽ ആദായം നോക്കാതെ ഇന്നത്തെ പരിധി നിർണ്ണയം ചെയ്തിട്ടുള്ളതു് എന്റെ സ്നേഹിതൻ മി. സി. എച്ച്. കണാരൻ (ഏ) അക്കമായിട്ടു് അതിനെ കണക്കിലെടുക്കണം.

ശ്രീ. കെ. പി. ആർ. ഗോപാലൻ : നാഗപ്പൂർ പ്രമേയത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം ഏക്കറേജ് അടിസ്ഥാനത്തിൽ പരിധി നിർണ്ണയിക്കണമെന്നല്ലേ?

ശ്രീ. കെ. ആർ. നാരായണൻ : എന്റെ സ്നേഹിതൻ ശ്രീമാൻ. കെ. പി. ആർ. ഗോപാലൻ ഞാൻ സംസാരിച്ച പ്രായിൻറ് മനസിലാക്കിയിട്ടില്ല പൊതുജനാഭിപ്രായത്തെ ആദരിക്കാതിരിക്കുന്നതിനുള്ള ഒരു പ്രവണത കാണിച്ചു എന്നാണു് ഞാൻ പറഞ്ഞതു്. നിങ്ങളുടേയും എന്റെയും സ്നേഹിതനായ മി. കണാരൻ ഒരുദാഹരണം പറയാൻ പറഞ്ഞു. ഉദാഹരണം നിരത്തി ഞാൻ വയ്ക്കാൻ തുടങ്ങി. സീലിംഗിനെ സംബന്ധിച്ച കാര്യത്തിൽ ഇവിടത്തെ വർത്തമാനപ്പത്രങ്ങളുടേയും മെമ്മോറാണ്ടങ്ങളുടേയും, ജനങ്ങളുടെ മൊഴിയേയും ഭൂരിപക്ഷാഭിപ്രായത്തേയും അവഗണിച്ചിട്ടുള്ള ഒരു നിലപാടു് എടുത്തു എന്നാണു് ഞാൻ പറഞ്ഞതു്. അങ്ങനെ ഒരു നിലപാടു എടുത്തതു് വ്യക്തമായ പൊതുജനാഭിപ്രായത്തിന്റെ നിഷേധമാണു്. എന്റെ സ്നേഹിതന്മാരായ ശ്രീമാൻ കെ. പി. ആറിനോടും, ശ്രീമാൻ കണാരനോടും നെഞ്ചത്തു കൈവച്ചുകൊണ്ടു് ചോദിക്കുകയാണു് നിങ്ങൾക്കു് ആത്മാർത്ഥതയോടുകൂടി സത്യസന്ധതയോടുകൂടി പറയാൻ സാധ്യമാണോ പൊതുജനാഭിപ്രായത്തിന്റെ നിഷേധമല്ലാ ഇതെന്നു്? സാധ്യമല്ല ആ നിലപാടു്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ആർ. ഗോപാലൻ : ഇതു ഉത്തര ശ്രുപത്തിൽ പറയാൻ നിവൃത്തിയില്ല. പ്രസംഗശ്രുപത്തിലാകാം.

ശ്രീ. കെ. ആർ. നാരായണൻ : ഞാൻ പറയുന്നതു് ശരിയാണു്, ഞാൻ കോട്ടയംവരെയുള്ള മൊഴികളും, മെമ്മോറാണ്ടങ്ങളും വിശകലനം ചെയ്തു നോക്കിയിട്ടു പറയുകയാണു്. തെറ്റാണെങ്കിൽ മി. ഗോപാലൻ പറയാമല്ലോ.

ശ്രീ. കെ. പി. ആർ. ഗോപാലൻ : പൊതുജനാഭിപ്രായമെന്നു പറയുമ്പോൾ സംഘടനകളുടെ അഭിപ്രായംകൂടി കണക്കിലെടുക്കേണ്ടതായിട്ടില്ലേ. മൊഴിതന്നിട്ടുള്ളതിനെമാത്രംവച്ചുകൊണ്ടു് പൊതുജനാഭിപ്രായമാണു് എന്നു് ശ്രീമാൻ കെ. ആർ. നാരായണനേപ്പോലെയുള്ള ആളുകൾ പറയുമ്പോൾ.....

ശ്രീ. കെ. ആർ. നാരായണൻ : ഞാൻ പൊതുജനാഭിപ്രായമെന്നു പറഞ്ഞതു്, സെലക്ടു കമ്മിറ്റി മുമ്പാകെ തന്നിട്ടുള്ള മെമ്മോറാണ്ടങ്ങളും, മൊഴികൾ തന്നിരുന്നവരുടെ അഭിപ്രായവും പത്രങ്ങളുടെ മുഖപ്രസംഗങ്ങളും, പൊതുയോഗതീരുമാനങ്ങളുമെല്ലാം, കണക്കിലെടുത്തുകൊണ്ടാണു്. അതിനെ അവഗണിച്ചിട്ടുണ്ടെങ്കിൽ അതു പൊതുജനാഭിപ്രായത്തിന്റെ നിഷേധമല്ലേ?

ശ്രീ. ടി. എ. തൊമ്മൻ : കമ്മ്യൂണിസ്റ്റുപാർട്ടിയുടെ എലക്ഷൻ മാനിഫസ്റ്റോയിൽ ആദായത്തിന്റെ അടിസ്ഥാനത്തിൽവേണം പരിധി നിശ്ചയിക്കാൻ എന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. കെ. ആർ. നാരായണൻ : ആദായം നോക്കിയാണു് പരിധി നിശ്ചയിച്ചിരിക്കുന്നതെന്നു കാണിച്ചിരിക്കുന്നു. ഇപ്പോൾ സീലിംഗിനെ സംബന്ധിച്ചു് ഇന്നത്തെ നിലപാടു് അശാസ്ത്രീയമായ ഒരു നിലയാണു്. ഇതേ സംബന്ധിച്ചു് ഗവണ്മെന്റിനും ഭരണകക്ഷിക്കും ആദ്യമുണ്ടായിരുന്ന അഭിപ്രായം എന്തോ മറിമായംകൊണ്ടു് ഇപ്പോൾ മാറിയിരിക്കുകയാണു്. ഇങ്ങനെ അശാസ്ത്രീയമായ ഈ സീലിംഗു് ഏർപ്പെടുത്തുന്നതിനു് എന്തെങ്കിലും രാഷ്ട്രീയമായകാരണങ്ങൾ കണ്ടേക്കാം. അതു മാത്രമല്ല, ആറാംമാസംകൂടുമ്പോൾ ഭേദഗതികൾവരുത്തി ഇതു് ശരിയായിരിക്കാം എന്നോ. അതല്ലെങ്കിൽ കാലക്രമേണ ഇതിൽ ദോഷങ്ങളുള്ളതാണെങ്കിൽ അതെടുത്തു് മാറ്റിക്കൊള്ളാം എന്നു വിചാരിച്ചോ അങ്ങനെ അവതരിപ്പിച്ചു് പാസാക്കി. കമ്മ്യൂസ്റ്റുപാർട്ടി ആദ്യം എടുത്ത നിലപാടു് ഇപ്പോൾ മാറിയതായും ഞാൻ വിശ്വസിക്കുകയാണു്.

ഇതിനകത്തു നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥ വച്ചിരിക്കുന്നു. മിച്ചഭൂമിക്കു് നഷ്ടപരിഹാരം കൊടുക്കണമെന്നുള്ള കാര്യത്തിൽ എല്ലാവരും യോജിക്കുകയാണു്. നഷ്ടപരിഹാരമായികൊടുക്കുന്ന സംഖ്യ ഈ രാജ്യത്തെ വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സഹായകമായി തീരുന്നതാണു് എന്നു പറയുന്നതിനോടും ഞങ്ങൾക്കു് യോജിപ്പാണുള്ളതു്. ഒരു കാർഷികരാജ്യമായ കേരളത്തിൽ തുണ്ടു തുണ്ടായി കിടക്കുന്ന ഭൂമിയിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഈ ബില്ലിലെ വ്യവസ്ഥകൾ സഹായകമല്ല. ഈ രാജ്യത്തെ വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പണം മുടക്കുന്നതിനു് മിച്ചഭൂമിക്കു് കൊടുക്കുന്ന പ്രതിഫലം ഉപയോഗപ്പെടുത്താം.എന്നാണെങ്കിൽ അതു മാർക്കറ്റു റേറ്റിന്റെ അമ്പതു ശതമാനം മാത്രമാണു് ഇപ്പോൾ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നതു്. ഈ നഷ്ടപരിഹാരം കൊടുക്കുന്നതു വ്യവസായങ്ങളിൽ മുടക്കുമെന്നുള്ള ധാരണ എത്രമാത്രം സാധിതപ്രായമാകുമെന്നു കണ്ടതന്നെ അറിയിക്കേണ്ടിയിരിക്കുന്നു. ഇതുമൂലം ഈ രാജ്യത്തെ വ്യവസായങ്ങളെ സാരമായി ബാധിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെ വ്യവസായത്തിൽ മുടക്കാൻ കഴിവുള്ളവർ മിച്ചഭൂമിയുടെ പ്രതിഫലം വാങ്ങിച്ചു് ബാങ്കിൽ ഇടുന്ന ആളുകൾ മാത്രമാണു്. ഈ നഷ്ടപരിഹാരം കൊടുക്കുന്ന ഈ രാജ്യത്തെ വ്യവസായീകരിക്കുന്നതിൽ വിനിയോഗിക്കണമെന്നുള്ള രീതിയിലാണു്. ആ രീതിയിലാണെങ്കിൽ മാർക്കറ്റു റേറ്റു് നിശ്ചയിക്കുന്നതും അതുതന്നെ തവണകളായിട്ടു കൊടുക്കുന്നതും വ്യവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. നാരായണൻ]

സായങ്ങളുടെ വളർച്ചയ്ക്ക് സ്തംഭനം ഉണ്ടാക്കുന്നതാണ്. മിച്ചഭൂമിയുടെ പ്രതിഫലം മുഴുവൻ വ്യവസായങ്ങളിൽ മുടക്കുവാനായി തയാറുണ്ടെങ്കിൽ അങ്ങനെ ഭൂമി ഉടമകൾ ഖണ്ഡിതമായി പറഞ്ഞാൽ മുഴുവൻ പ്രതിഫലവും ഒരുമിച്ച് കൊടുക്കാൻതയാറാണെന്നും ഒരു ഗവണ്മെൻറ് വക്താവു പലപ്പോഴും പറയാറുള്ള ഒരു അഭിപ്രായമാണ്. ഭരണകക്ഷിയിലുള്ള ഒരു പ്രമുഖാംഗംതന്നെ ഇപ്രകാരം സെലക്ട് കമ്മിറ്റിയിലും അതു കൂടാതെ ഒന്നോ രണ്ടോ പ്രസംഗങ്ങളിലും പ്രസ്താവിക്കുകയുണ്ടായി. അതും അതുപോലെന്നും ഞാൻ പ്രത്യേകമായി പറയുന്നില്ല. അന്തരിച്ച ശ്രീമാൻ കെ. പി. ആറിനെപ്പോലെയുള്ള വക്കീലന്മാർ ഇപ്പോൾ അതു മാന്യസുഹൃത്തു അവിടെ നിന്നും കാലും സ്വരവും മാറിയിരിക്കുകയാണ്.

ശ്രീ. കെ. പി. ആർ. ഗോപാലൻ: അങ്ങനെ ഒന്നും പറഞ്ഞിട്ടില്ല. മാർക്കറ്റ് വില മുഴുവൻ കൊടുക്കണമെന്നും മാത്രമാണ് പറഞ്ഞിട്ടുള്ളതു.

ശ്രീ. കെ. ആർ. നാരായണൻ: എന്റെ കാതിനു നേരു നേരായിട്ടുതന്നെ കേൾക്കാനുള്ള കഴിവുണ്ടെങ്കിൽ സെലക്ട് കമ്മിറ്റിയിലുള്ള എല്ലാ അഭിപ്രായങ്ങളും അന്നു നടന്നതു മറന്നുപോയിട്ടില്ലെങ്കിൽ മിച്ചഭൂമിയുടെ പ്രതിഫലം വ്യവസായത്തിനു മുടക്കുമെന്നു ഉറപ്പു കിട്ടിയാൽ ആ ഉറപ്പിനെ ആശ്രയിച്ചു കൊണ്ട് പ്രതിഫലം മുഴുവൻ കൊടുക്കാൻ തയാറാണെന്നും അങ്ങനെയാണെങ്കിൽ ജന്മികളും തയ്യാറാണെന്നും കേരളീയൻ ഇതുസംബന്ധിച്ചു എഴുതിയിരുന്ന ഒരു ലേഖനംവഴി അറിയിക്കുകയും ചെയ്തിരുന്നു. ഞാൻ കെ. പി. ആർ. ഗോപാലന്റെ ഉത്തമവിശ്വാസത്തെ ചോദ്യംചെയ്യുന്നില്ല. അദ്ദേഹം പറഞ്ഞ വാചകങ്ങളും അപ്പടി വിഴുങ്ങിക്കളയുന്നതിനേയും ചോദ്യംചെയ്യുന്നില്ല. ഏതായാലും ഈ രാജ്യത്തു വ്യവസായ സ്തംഭനത്തിനു വഴിതെളിക്കുന്ന ഒരു നിലപാടു് എടുത്തിരിക്കുന്നതിനാൽ പ്രതിഫലം ഒരുമിച്ചു് കൊടുക്കുന്ന നിലപാടു് ഗവണ്മെൻറ് അംഗീകരിക്കുന്നതു കൊള്ളാമെന്നും ഈ രാജ്യത്തെ വ്യാവസായിക വളർച്ച അങ്ങേയറ്റം അഭിവൃദ്ധിപ്പെടുത്തണമെന്നും അതിനു സഹായകമായ നിലപാടു് എടുക്കാൻ തങ്ങളും സഹായകമായ നിലയാണ് സ്വീകരിച്ചിട്ടുള്ളതു് എന്നും പറയാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ അതു കണക്കിലെടുക്കാതെ വ്യവസായത്തെ തകർക്കാനും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ അങ്ങേയറ്റം ഉലയ്ക്കാനും ഉള്ള ഒരു നിലപാടാണ് ഈ പ്രതിഫലം ഒരുമിച്ചു കൊടുക്കാത്തതുമൂലം ഗവണ്മെൻറ് കൈക്കൊള്ളുന്നതെന്നു ഞാൻ അനുസ്മരിപ്പിക്കുകയാണ്.

ശ്രീ. ടി. എ. തൊമ്മൻ: ശ്രീ. കെ. പി. ആർ. ഗോപാലൻ: ഈ നിലപാടു് അസംബ്ലിയിലും എടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. ആർ. നാരായണൻ: ശ്രീ. കെ. പി. ആർ. ഗോപാലൻ അസംബ്ലിയിലും ഈ നിലപാടെടുത്തു, സെലക്ട് കമ്മിറ്റിയിലും എടുത്തു.

ശ്രീ. കെ. പി ആർ. ഗോപാലൻ: ഞാൻ അസംബ്ലിയിൽ എന്റെ പ്രസംഗത്തിൽ പറഞ്ഞതു് കട്ടവച്ചിരിക്കുന്നതിനു കൊടുക്കാവുന്നതിനെപ്പറ്റിയാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണെന്നു പറഞ്ഞു. കട്ട എന്നു പറഞ്ഞതു് ശ്രീ നാരായണനും ജന്മികളുടെ സംഘവും ഒരുപോലെ മനസ്സിലാക്കിയതാണ് അത്ഭുതം, മുപ്പതു ശതമാനം കട്ടവച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. നാരായണൻ: ഒന്നുകിൽ ശ്രീ.കെ.പി. ആർ.ഗോപാലൻ അദ്ദേഹം അന്നു പറഞ്ഞ അഭിപ്രായം മാറി പറയേണ്ടിവന്നു. അല്ലെങ്കിൽ ഉള്ളിൽ വിചാരിച്ചതു് വെളിയിൽ പറയാനും മറ്റാളുകളെ ധരിപ്പിക്കാനുള്ള പരിചയക്കുറവുകൊണ്ട് അങ്ങനെ പറഞ്ഞുപോയി. അതാണ് സംഭവിച്ചതു്. ഇതിലേതാണെന്നു് ഊഹിക്കുകയാണ് നല്ലതു്.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഒരു ചോദ്യം?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ആർഡർ, ആർഡർ. ഇടയ്ക്കു സംസാരിക്കാൻ അനുവദിക്കുന്നില്ല. മി. നാരായണൻ തുടരണം.

ശ്രീ. കെ. ആർ. നാരായണൻ: ചില ഭൂമികളും ഒഴിപ്പിക്കാനുള്ള അവശിഷ്ടാധികാരം ഇന്നത്തെ ബിൽപ്രകാരം ഗവണ്മെൻറ കൈവശം വച്ചിരിക്കുകയാണു്. ഈ അവശിഷ്ടാധികാരം ഗവണ്മെൻറിന്റെ കൈവശം വച്ചിരിക്കുന്നതു് ചില ആളുകളെ പ്രീണിപ്പിക്കാനാണെന്നു് ചില ആളുകൾ സംശയിക്കുന്നുണ്ടെങ്കിൽ അതിലെന്താണു് തെറ്റു്. ഇന്നതന്നെ ഒഴിവാക്കേണ്ട ഭൂമിയെല്ലാം ഒഴിവാക്കാം. അങ്ങനെ ഒഴിവാക്കാതെ വച്ചിട്ടു് അവശിഷ്ടാധികാരം പ്രയോഗിക്കാൻ വച്ചിരിക്കുന്നതു് ചില ആളുകളെ പ്രത്യേകം കിട്ടുന്നെങ്കിൽ അവരെ പ്രീണിപ്പിക്കാനാണെന്നു മറ്റാരെങ്കിലും പറയുകയാണെങ്കിൽ എന്തിനാണവരെ കുറ്റപ്പെടുത്തുന്നതു്? ഗവണ്മെൻറിനു് ഒരു അവശിഷ്ടാധികാരം വയ്ക്കാതെ ഇന്നായിന്ന ഭൂമികളും ഒഴിവാക്കുന്നുവെന്നു ഇപ്പോൾതന്നെ പറയാം. ഫാറസ്റ്റായാലും കൊള്ളാം, മറ്റേതെങ്കിലും തോട്ടം ഉടമകളായാലും കൊള്ളാം മറ്റേതെങ്കിലും ജന്മികളായാലുംകൊള്ളാം അതിന്റെയൊക്കെ ഉടമസ്ഥന്മാർ ഗവണ്മെൻറിനെ സമീപിക്കുമെന്നുള്ളതു തീർച്ചയാണു്. ഖണ്ഡിതമായി ഇന്നയിന്ന ഭൂമികളൊക്കെ ഒഴിവാക്കാമെന്നിരിക്കെ—അങ്ങനെ ചെയ്യാതെ പാർട്ടിയിൽപെട്ട ആളുകൾ മുഖാന്തിരമോ മറ്റേതെങ്കിലും വളഞ്ഞ മാർഗ്ഗത്തിൽക്കൂടിയോ വഴിതെറ്റി ആളുകൾ ഗവണ്മെൻറിനെ സമീപിക്കാനാണു്—ഇങ്ങനെയൊരു അധികാരം ഈ ബില്ലിൽ നിക്ഷിപ്തമായിരിക്കുന്നതെന്നു് ആരെങ്കിലും പറഞ്ഞുപോയാൽ അവരെ കുറ്റംപറയേണ്ട കാര്യമില്ല. ആളുകൾ വഴിതെറ്റിപ്പോകും. അതിനുള്ള പാഠം തെളിക്കുന്ന ജോലി ഗവണ്മെൻറിന്റെതാകരുതു്. ഇതു ഭരണകക്ഷി മനസ്സിലാക്കണം. ഒരാളിന്റെ കൈവശം ഇരിക്കുന്ന വാൾ ചില സമ്മർദ്ദത്തിൽ ശത്രുക്കളെ പേടിപ്പിച്ചോടിക്കുന്നതിനുപയോഗിക്കാം. ചിലപ്പോൾ ആത്മഹത്യചെയ്യുന്നതിനുപയോഗിക്കാം. എന്തിനാണീ അവശിഷ്ടാധികാരം ഗവണ്മെൻറ കൈവശം വച്ചിരിക്കുന്നതു്. ശ്രീ. ചാഴിക്കാടനും വേറെ ചില ആളുകളും സംശയിച്ചിരിക്കുന്നതുപോലെ വ്യക്തിപരമായ സംശയംകൂടാതെ ഒരു പാർട്ടി പ്രീണനത്തിനുവേണ്ടിയാണു് ഇതു വച്ചിരിക്കുന്നതെന്നു ഞാൻ കരുതുകയാണു്. വിശദമായ ആശയത്തോടുകൂടി മുൻപോട്ടു പോകുന്നു എന്നു പറയുന്ന ഗവണ്മെൻറിനു് ഇതു ഭീഷണമല്ലെന്നു ഈ ഗവണ്മെൻറിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനി ഇവിടത്തെ കൂടിയായ്മയെക്കുറിച്ചാണു് എനിക്കു പറയാനുള്ളതു്. കൂടിയായ്മ അവസാനിപ്പിക്കുകയെന്നുള്ളതാണു് കമ്മ്യൂണിസ്റ്റ പാർട്ടിയുടെ നയമെന്നു അവർ പറയാറുണ്ടു്. അതിനാണു് അവർ നിൽക്കുന്നതും. പാട്ടം കൊടുക്കുകയും വാങ്ങുകയും ചെയ്യാം ഇപ്പോഴും. ഭൂമി നേരിട്ടു കൃഷിക്കാരൻതന്നെ കൃഷിചെയ്യണമെന്നുള്ളതാണു് തത്വമെങ്കിൽ കൂടിയായ്മ നിലനിൽക്കത്തക്ക രൂപത്തിൽ പാട്ടവ്യവസ്ഥ അംഗീകരിച്ചിരിക്കുന്നതു് തെറ്റാണു് പ്രഖ്യാപിത നയത്തിനു വിരുദ്ധമാണു്. ഒരുകാര്യം അതിനോടുചേർത്തു പറയാനുള്ളതു് നമ്മുടെ കൂടികിടപ്പുകാരുടെ കാര്യമാണു്. ഇതു പറയുമ്പോൾ ഞാൻ പ്രത്യേകം ഒരുകാര്യം ഓർക്കുകയാണു്. അവരുടെ കാര്യം ഇവിടെ ആലോചനയ്ക്കു വന്നപ്പോൾ പ്രതിപക്ഷത്തുള്ള ഒരൊറ്റക്കക്ഷിയെങ്കിലും അവർക്ക അസൗകര്യമുണ്ടാകത്തക്ക രൂപത്തിലോ അവരുടെ അവകാശം ഹനിക്കത്തക്ക വിധത്തിലോ പ്രസംഗിച്ചിട്ടില്ല. ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല. ഞാൻ ഇതയിടെ ചില പ്രസംഗങ്ങളുടെ റിപ്പോർട്ടു കണ്ടു. ചില ആളുകൾ കെ. സി. ഏബ്രഹാമിന്റെ നിയോജകമണ്ഡലത്തിൽനിന്നു് എഴുതിഅയച്ചു പ്രതിപക്ഷം കൂടികിടപ്പുകാർക്കു് എതിരായി നിൽക്കുന്നു എന്നു്. ഇത്തരം തെറ്റായ ധാരണ പരത്താൻ ആരു ശ്രമിച്ചാലും അതു വളരെ തെറ്റാണു്. കൂടികിടപ്പുകാർക്കു് കൂടുതൽ സംരക്ഷണം കിട്ടണമെന്നാണു് ഞങ്ങളും ഇവിടെ വാദിച്ചിട്ടുള്ളതു്. അവർക്കു് കൊടുത്തിരിക്കുന്ന സംരക്ഷണം പോരാ; ഇനിയും കൂടുതൽ സംരക്ഷണം അവർക്കു നൽകണം, അതിനുവേണ്ടി നിയമം അതിശങ്കയ്ക്കിടനൽകാത്ത വിധത്തിൽ ആയിരിക്കണം എന്നുവരെ ഞങ്ങളും വാദിച്ചിട്ടുണ്ടു്. ഞാൻ ഒരുദാഹരണം പറഞ്ഞു വാദിച്ചതു ഓർക്കുന്നു. വൈക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. നാരായണൻ]

ത്തുള്ള കായൽതീരങ്ങളിൽ കുടിവച്ചു താമസിക്കുന്ന മീൻപിടിത്തക്കാരായ ആളുകൾക്ക് ഒരു മൈൽ ദൂരത്തു ഭൂമി കൊടുത്താൽ അവർക്ക് മീൻപിടിക്കുന്നതിനും അസൗകര്യം വരുമെന്നും അതുകൊണ്ട് അവർക്ക് കായൽ നികത്തിയോ മറ്റു തെങ്കിലും വിധത്തിൽ ഭൂമിയുണ്ടാക്കിയോ അവരുടെ തൊഴിലിനു സൗകര്യമുണ്ടാക്കി അവരെ താമസിപ്പിക്കണമെന്നും ഞാൻ വാദിച്ചു. എന്റെ ആശയം ഇന്നു ബില്ലിൽ ഉള്ളതിനേക്കാളും അവർക്കനുകൂലമായ ഒരു നിലപാടായിരുന്നു. എന്നാൽ എന്റെ ആ ഭേദഗതി തള്ളിപ്പോയെങ്കിലും പ്രതിപക്ഷത്തുനിന്നും ഫലത്തിൽ തുല്യമായ മറ്റൊരു ഭേദഗതി കൊടുക്കാതിരുന്നില്ല. 750 രൂപവരെ കൊടുത്തു സർക്കാർ ഭൂമിയുണ്ടാക്കി അവരെ മാറിതാമസിക്കുന്നതിനുവേണ്ടി വരെ തയാറാണെന്നും പ്രതിപക്ഷങ്ങളും ഭേദഗതി വരുത്തിയിരുന്നു. കുടികിടപ്പുകാർക്ക് കുറെക്കൂടി അനുകൂലമായ ഒരു ഭേദഗതിയാണത്. ഇതെല്ലാം കുടികിടപ്പുകാർക്ക് ഈ ബില്ലിൽ നൽകിയിരിക്കുന്നതിൽ കൂടുതൽ സംരക്ഷണം നൽകണമെന്ന ഉദ്ദേശത്തോടുകൂടിയാണെന്നു് ആലോചിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. പ്രതിപക്ഷം കുടികിടപ്പുകാർക്ക് എതിരായി നില്ക്കുന്നുവെന്നു് ഭരണകക്ഷി പറഞ്ഞുപരത്തുന്നതു് നിർഭാഗ്യകരമാണു്.

ശ്രീ. സി. എച്ചു്. കുണാരൻ: മറ്റൊരു സ്ഥലംകൂടെ കൊടുക്കാതെ പണംമാത്രം കൊടുക്കാമെന്നല്ലേ ആ ഭേദഗതി?

ശ്രീ. കെ. ആർ. നാരായണൻ: അങ്ങനെയല്ല.

ശ്രീമതി കെ. ആർ. ഗൗരി: വളരെ അനുകൂലമായ ഭേദഗതി ശ്രീ. നാരായണൻ അവതരിപ്പിച്ചതു ഞാൻ ഇവിടെ വായിക്കാം. അതിൽ പറയുന്നതു് വൈക്കത്തു 10 സെൻറു് എന്നതു് അഞ്ചു സെൻറാക്കണമെന്നാണു്,

ശ്രീ. കെ. കെ. വിശ്വനാഥൻ: അതു മൂവ് ചെയ്തില്ല.

ശ്രീമതി കെ. ആർ. ഗൗരി: 739 മൂവുചെയ്തു. ശ്രീ. കെ. എം. ജോർജു് അവതരിപ്പിച്ചതു് ഇങ്ങനെയാണു്. . . . .

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ശുദ്ധ കള്ളമാണു്. ശ്രീ. ജോർജു് മൂവുചെയ്തില്ല.

ശ്രീമതി കെ. ആർ. ഗൗരി: അതിൽ തർക്കംവേണ്ട. ഈ ഭേദഗതി വായിച്ചുനോക്കിയാൽ ഉദ്ദേശം മനസ്സിലാക്കാം. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ മൂവുചെയ്തിട്ടുള്ളതു്.....

ശ്രീ. കെ. ആർ. നാരായണൻ: ശ്രീ. ജോർജിന്റെയോ അലക്സാണ്ടർ പറമ്പിത്തറയുടേയോ ഭേദഗതികളെപ്പറ്റി എനിക്കൊന്നും പറയാനില്ല. എന്റെ ഭേദഗതികളെക്കുറിച്ചു് എനിക്കു പറയാനുണ്ടു്. കൊല്ലവും വൈക്കവും മുനിസിപ്പാലിറ്റിയുടെ കാര്യമല്ല. കോട്ടയവും ആലപ്പുഴയും മുനിസിപ്പാലിറ്റിയിലെപോലെതന്നെ ആളുകൾ തിങ്ങിത്താമസിക്കുന്നതുകൊണ്ടു്, സൗകര്യമില്ലാതിരിക്കുക, ജനനിബിഡത വർദ്ധിച്ചിരിക്കുക. ഇതുകൊണ്ടു് അഞ്ചു സെൻറാണു് അവിടങ്ങളിൽ കൊടുക്കുന്നതെങ്കിൽ അതുപോലെ അഞ്ചു സെൻറുവീതം കൊടുത്തു് വൈക്കം മുനിസിപ്പാലിറ്റിയേയും അതിലുൾപ്പെടുത്തണമെന്നാണു് എന്റെ ഭേദഗതി. സാധുക്കളായ മീൻപിടുത്തക്കാരെ അവർ താമസിക്കുന്ന സ്ഥലത്തുനിന്നും മാറാതിരിക്കുന്നതിനു അഞ്ചു സെൻറാണെങ്കിൽ അഞ്ചു സെൻറു് എന്നുമാത്രമാണു് ഉദ്ദേശം. അല്ലാതെ 10 സെൻറു് എന്നുള്ളതു് അഞ്ചു സെൻറാക്കണമെന്നാണു് ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയുന്നതു ശുദ്ധഭോഷ്കാണു്. ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് ഞാൻ പറഞ്ഞു കഴിഞ്ഞു. രൂപവരെ കൊടുത്തു് വേണം അല്ലാത്തപക്ഷം അവരെ മാറ്റേ സ്ഥലം വാങ്ങി മാറാനാണെന്നു്. ആലപ്പുഴയ്ക്കു കിട്ടുന്ന ഗ്രാണ്ടു് വൈക്കത്തിനും കൊല്ലത്തിനും കിട്ടണമെന്നുള്ളതാണു്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ഏബ്രഹാം: ഭൂമി കൊടുക്കുന്നതിനു പുറമെ അവിടെ പുരവയ്ക്കുന്നതിനുവേണ്ടി അയിരം രൂപകൂടി കൊടുക്കണമെന്നല്ലേ ആവശ്യപ്പെട്ടിട്ടുള്ളതു?

ശ്രീ. കെ. ആർ. നാരായണൻ: വളരെ വ്യക്തമായി പറഞ്ഞിരുന്നു. പുരയിടം കൊടുക്കണമെന്നും പുരവയ്ക്കുന്നതിനുവേണ്ടി രൂപ കൊടുക്കണമെന്നും ഭേദഗതി കൊടുത്തിരുന്നു.

ശ്രീ. സി. എച്ച്. കണാരൻ: അമ്പതിനായിരം തേങ്ങാ അഞ്ഞൂറു തേങ്ങായാണെന്നു് അന്നു പറഞ്ഞതു് ഓർക്കുന്നുണ്ടല്ലോ.

ശ്രീ. കെ. ആർ. നാരായണൻ: കമ്മ്യൂണിസ്റ്റുപാർട്ടി നേതാവായ മണ്ണറ കുമാരപ്പണിക്കരോടു് ചോദിച്ചാൽ അദ്ദേഹം മറുപടി പറയും.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അദ്ദേഹം കമ്മ്യൂണിസ്റ്റുപാർട്ടി നേതാവല്ല.

ശ്രീ. കെ. ആർ. നാരായണൻ: അല്ലെന്നു പറയുന്നതാണു് പാർട്ടിനയം. ഞാൻ അറിയുന്നതുമുതൽ അദ്ദേഹം കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒരു പ്രവർത്തകനാണു്. അല്ലെന്നു ഗോവിന്ദപ്പിള്ളയും മറ്റു പലരും ഇപ്പോഴും പറഞ്ഞാലും പറയേണ്ടതു് ഇപ്പോഴും ആവശ്യമാണെങ്കിലും കുമാരപ്പണിക്കർ ആ മേഖലയിൽനിന്നു പോകുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. പി. ആർ. ഗോപാലൻ: തിരുവനന്തപുരം, കോട്ടയം മുതലായ മുനിസിപ്പാലിറ്റികളിൽ ഉള്ളതുപോലെ വേണമെന്നു പറയുന്നതു ശ്രീ. നാരായണന്റെ സ്ഥലത്തുള്ള ആനുകൂല്യം നിഷേധിക്കലാണെന്നറിയാമോ?

ശ്രീ. കെ. ആർ. നാരായണൻ: ഒരേക്കറിൽ പതിനഞ്ചു പുരവച്ചു താമസിക്കുന്ന സ്ഥലം ഒഴിവാക്കണമെന്നാണു് എന്റെ വാദം. കാരണം മത്സ്യത്തൊഴിലാളികൾ നിബിഡമായി താമസിക്കുന്ന സ്ഥലമാണവിടം. അവർ കൂട്ടമായി താമസിക്കുന്ന സ്ഥലത്തുനിന്നു അവരെ മാറിയാൽ അവർക്ക് അവരുടെ തൊഴിലിനു് അസൗകര്യമുണ്ടാകും; തൻനിമിത്തം വലിയ ബുദ്ധിമുട്ടുണ്ടാകും. ആ പാവപ്പെട്ടവർക്കു് ഒരു തരത്തിലും ബുദ്ധിമുട്ടുണ്ടാക്കരുതെന്നു ഞങ്ങൾ കരുതി. അതു വിശാലമായാണു് പ്രതിപക്ഷങ്ങൾ കൂടികിടപ്പുകാരുടെ കാര്യം വന്നപ്പോൾ അഭിപ്രായപ്പെട്ടതെന്നും.....

ശ്രീ. ടി. ഏ. തൊമ്മൻ: അതുപോലെ ഒഴിച്ചു് കൊല്ലവും വൈക്കവും ഉൾപ്പെടുത്തണമെന്നല്ലായിരുന്നോ ഭേദഗതി.

ശ്രീ. കെ. ആർ. നാരായണൻ: കൊല്ലം മാത്രമുള്ള ഭേദഗതി മിനിസ്റ്റർ സ്വീകരിക്കുകയാണു് ചെയ്തതു്. അതിൽ എനിക്കു് പരാതിയില്ല. കൊല്ലത്തിനെങ്കിലും രക്ഷകിട്ടിയല്ലോ എന്നു സമാധാനിക്കുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, വൈക്കത്തുള്ള കൂടികിടപ്പുകാർക്കു പത്തുസെന്റു വ്യക്തമായിട്ടു് കിട്ടുന്നതിനു പകരം അഞ്ചുസെന്റു അവർക്കു കൊടുക്കാവു എന്നല്ലേ ശ്രീ. കെ. ആർ നാരായണന്റെ ഭേദഗതികൊണ്ടുവരുന്നതു്? അതു മന്ത്രി സ്വീകരിക്കാത്തതുകൊണ്ടു ശ്രീ. നാരായണനു് ഖേദമുണ്ടോ?

ശ്രീ. കെ. ആർ. നാരായണൻ: ചോദ്യത്തിന്റെ അർത്ഥം, ഒരു നാടകത്തിൽ നടന്റെ അഭിനയം കൊണ്ടെന്നപോലെ മനസ്സിലായി. പക്ഷേ, എന്റെ ഉദ്ദേശം മനസ്സിലാക്കാതെയാണു ചോദ്യം. എല്ലാ മുനിസിപ്പാലിറ്റികളിലും 5 സെന്റു ഭൂമിയെന്നാണു വയ്ക്കുന്നതെങ്കിൽ, അതുപോലെ വൈക്കത്തിനും വേണമെന്നായിരുന്നു ഭേദഗതി. തിരുവനന്തപുരത്തും, കൊല്ലത്തും, ആലപ്പുഴയും എങ്ങനെവേണമെന്നു കമ്മ്യൂണിസ്റ്റുകാരുടെ ഗവണ്മെന്റു ആഗ്രഹിക്കുന്നുവോ, ആ ഗുണമോ ദോഷമോ വൈക്കത്തിനും ഇരിക്കട്ടെ എന്നുകരുതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ശ്രീ. കെ. ആർ. നാരായണന്റെ ഭേദഗതി, മിനിസ്റ്റർ അംഗീകരിച്ചിരുന്നെങ്കിൽ, ഇനം 6 വെക്കത്തെ കൂടി കിടപ്പുകാർക്ക കൊല്ലത്തെ മുനിസിപ്പാലിറ്റിയിൽ കിട്ടുന്നതുപോലെ 5 സെന്റെ കിട്ടുകയുള്ളു എന്ന വസ്തുത സമ്മതിക്കുന്നോ ?

ശ്രീ. കെ. ആർ. നാരായണൻ : മറ്റു മുനിസിപ്പാലിറ്റികളിൽ എന്തു വ്യവസ്ഥചെയ്യാൻ ഈ ഗവണ്മെന്റ വിചാരിക്കുന്നോ, അതു വെക്കത്തിനും കിട്ടണമെന്നേ പറഞ്ഞിട്ടുള്ളു.

സർ, മിച്ചഭൂമി വിതരണം സംബന്ധിച്ച് ഇന്നു ഇതിൽ ചെയ്തിരിക്കുന്ന വ്യവസ്ഥ, ഒട്ടും പുരോഗമനപരമല്ല. ഭൂമി സഹകരണ സംഘങ്ങൾവഴി വിതരണംചെയ്യുക ; സഹകരണാടിസ്ഥാനത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതാണ് ഇന്നത്തെ ഏറ്റവും പുരോഗമനപരമായ ആശയമാകുന്നു. അടുത്ത കാലത്തു് മദിരാശിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു പുതിയ രാഷ്ട്രീയ പാർട്ടിയുടെ, സ്വതന്ത്ര പാർട്ടിയുടെ ഉൽഘാടനവേളയിൽ, അതിന്റെ നേതാവായ ശ്രീ. രാജഗോപാലാചാരി പ്രസംഗിച്ചപ്പോഴും, അതിനെ പരാമർശിച്ചു ശ്രീ. ജവഹർലാൽനെഹ്രു സംസാരിച്ചപ്പോഴും സഹകരണപ്രസ്ഥാനത്തെ വളരെ ഉയർത്തുന്നതിനെപ്പറ്റി ഉന്നംപറഞ്ഞിട്ടുള്ളതായി പത്രത്തിൽ റിപ്പോർട്ടുകണ്ടു. സഹകരണപ്രസ്ഥാനം ചില സ്ഥലങ്ങളിൽ പരാജയപ്പെട്ടുകാണുന്നതു് അംഗീകൃതമായ തത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടാത്തതുകൊണ്ടാണു്. ഈ നിയമത്തിൽ മിച്ചഭൂമി വിതരണംചെയ്യാൻ ഒരുങ്ങുമ്പോൾ തിരുമനസ്സിച്ചതു്, അവശിഷ്ടാധികാരം ഗവണ്മെന്റിൽ വച്ചിരിക്കുന്നതുപോലെതന്നെ സംശയത്തോടുകൂടി വീക്ഷിക്കേണ്ട ഒരു കാര്യമാണു്. സഹകരണപ്രസ്ഥാനത്തിൽ അടുത്തകാലത്തു് വളരെ സഹകരിച്ചുകൊണ്ടിരുന്ന ഒരു പാർട്ടിയാണു് ഇന്നത്തെ ഭരണകക്ഷി. ലേബർ കോൺട്രാക്ടറെ സൊസൈറ്റികളും, കള്ളു സൊസൈറ്റികളും സ്ഥാപിക്കുന്നതിൽ ഈ ഗവണ്മെന്റ് ഒരു സൊസൈറ്റി പ്രേമംതന്നെ പ്രദർശിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ആ സൊസൈറ്റി പ്രേമം ഭൂമി വിതരണം സംബന്ധിച്ച കാര്യത്തിനുകൂടി നീട്ടുക എന്നു പറഞ്ഞാൽ വലിയ തെറ്റില്ലായിരുന്നു. അതു ഏറ്റവും പുരോഗമനപരമായ ഒന്നായിരിക്കുമായിരുന്നു. അങ്ങനെ ചെയ്യാതെയിരിക്കുന്നതു്, പാർട്ടിയുടെ നിലനിൽപ്പിനെസംബന്ധിച്ചിടത്തോളം, പാർട്ടിയിലെ അംഗങ്ങളെ സഹായിക്കുന്നതിനെസംബന്ധിച്ചിടത്തോളം ഭരണകക്ഷിക്കു് പ്രത്യേകം ഉദ്ദേശമുള്ളതുകൊണ്ടാണെന്നു മറ്റാരെങ്കിലും ധരിച്ചാൽ, അതു ധാരണയുടെ ഒരു മാർജിൻ അനുവദിച്ചെതിരു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. അതു സാധ്യമല്ലെങ്കിൽ മറ്റൊന്നും ചെയ്യാമായിരുന്നു. പഞ്ചായത്തുകൾവഴി മിച്ചഭൂമി വിതരണംചെയ്യാൻ വ്യവസ്ഥചെയ്യാമായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ മിച്ചഭൂമി തുണ്ടുതുണ്ടായിപ്പോകുമായിരുന്നില്ല. മിച്ചഭൂമി തുണ്ടുതുണ്ടായിപ്പോകുന്നതു് കാർഷികമായി വളരെ ദോഷം ചെയ്യുമെന്നുള്ള കാര്യം പൊതുവെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്. ഇന്നത്തെരീതിയിലുള്ള മിച്ചഭൂമി വിതരണം ഭൂമി തുണ്ടുതുണ്ടാക്കിത്തീർക്കുന്നതാണെന്നും, അതു് അശാസ്ത്രീയമാണെന്നും മൂക്കിക്കാണിക്കാൻ അഗ്രഹിക്കുന്നു. ഏതായാലും, അവശിഷ്ടാധികാരം ഗവണ്മെന്റ് കാത്തുസൂക്ഷിക്കുന്നതുപോലെ, മിച്ചഭൂമി വിതരണവും സ്വന്തം പാർട്ടിതാൽപര്യത്തെ പരിരക്ഷിക്കാനാണെന്നുള്ള വ്യക്തമായ ആരോപണം ഞാൻ ഉന്നയിക്കുകയാണു്.

സർ, ഭൂമിയുടെ പരിധി, ആദായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണെന്നുള്ള തത്വം, കാമ്പൻസേഷൻ നൽകുന്നതുകൂടി വ്യാവസായികമായി മുടക്കാനുള്ള സാധ്യതയില്ലായ്മ, ഇതെല്ലാമാണു് ഈ ബില്ലിൽ അതിപ്രധാനമായിട്ടുള്ളതു്. അതിനെപ്പറ്റിയെല്ലാം സാമാന്യമായി പറഞ്ഞുകഴിഞ്ഞു. ഞാൻ അവസാനിപ്പിക്കുകയാണു്. ''ചന്ദ്രൻ കടലിൽ മുങ്ങാറായി ; രാഹു ചന്ദ്രനെ ഗ്രസിച്ചുതുടങ്ങിയിരിക്കുന്നു ; ഒരു കരിംകാർ മൂടിയിട്ടുണ്ടു്'' രാഹു ഗ്രസിച്ച ചന്ദ്രനാണെങ്കിലും, കരിംകാർ വ്യാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ കിരണം കുറെനേരം പ്രകാശംപരത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

''പരമത്രചിരമാമഹർമ്മുഖം

പരമധരോപരി കാനനിൽക്കിലും''.

രാഹുഗ്രസ്തനായ ചന്ദ്രൻ കടലിൽ താഴട്ടെ ! ഇനി ഉഭയംചെയ്യാതിരിക്കത്തക്കവണ്ണം അത്ര മറയട്ടെ ||

സർ, കരിംകാറിനിടയിൽക്കൂടി പ്രകാശിക്കുന്ന ഒരു കിരണമാണ് ഈ ബിൽ. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്ലാനിംഗ് കമ്മിഷൻകൊടുത്ത ജീവവായു ആവിഷ്കരിച്ചുകൊണ്ട് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ സാധിച്ചതു തൃപ്തികരമാണെന്നുകരുതാം. ഈ നിയമനിർമ്മാണത്തെ ഒരു പ്രസൂവവേദനപോലെ കണക്കാക്കാം. ഭൂമി കൈവശമുള്ള പലർക്കും ഇതു കൊണ്ട് വേദനയുണ്ടാകും. വളരെക്കാലമായി കൈവശമുള്ള ഭൂമി കൈവിട്ടുപോകുമ്പോൾ സ്വാഭാവികമായും ഒരു വേദന ഉണ്ടാകും. അതൊരു പ്രസവവേദനയാണ് ; ഒരു നല്ല സമുദായത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള പ്രസവവേദന. പ്രസവവേദന ഒരു വേദനയാണെങ്കിലും, മാധുര്യമുള്ള വേദനയാണ്. പ്രസവവേദനയുടെ നിലവിളി കേട്ടാലും അതൊരാഹ്ലാദമായിതോന്നും ; കാരണം അപ്പുറത്തു പുഞ്ചിരിക്കുന്ന ഒരു ഓമനക്കുഞ്ഞിന്റെ മുഖം ദർശിക്കാൻ അവസരം ലഭിക്കുകയാണ്. ആ ശിശു വംശ പാരമ്പര്യം സൃഷ്ടിക്കുമെന്നുള്ള പ്രത്യാശയോടുകൂടി, കൂടെ പ്രസവവേദന സഹിച്ചാലും വേണ്ടില്ല, കുഞ്ഞു വെളിയിൽ വരട്ടെ എന്നാശിക്കുകയാണ്. എന്നാൽ, കുഞ്ഞിനെ കാണണമെന്നുള്ള മോഹത്തിൽ, ആ കാലത്തിൽ, അവിദഗ്ദ്ധമായി ശസ്ത്രക്രിയനടത്തി കുഞ്ഞിനും തള്ളയ്ക്കും ദുർമ്മരണം വരുത്തിയാൽ, ആ പ്രേതങ്ങൾ പാഠശാലമുതൽ, കാസർകോട്ടവരെ ഛുറി നടന്ന് ഉപദ്രവങ്ങൾ ഉണ്ടാക്കുമെന്നും ഓർമ്മയിരിക്കട്ടെ. ഒരു നല്ല നാളേക്കുവേണ്ടിയുള്ള, കേരളത്തിന്റെ ആദ്യത്തെ കാൽവയ്പ്പിൽ ആശംസയോടുകൂടി, എന്തെല്ലാം കുറവുകളും കുറ്റങ്ങളും ഉണ്ടെങ്കിൽക്കൂടെ, ഈ ബില്ലിനു് എന്റെവീതം സംഭാവന നൽകുന്നു.

Shri M. Umesh Rao : Everyone who is a well-wisher of the vast agricultural population of the state and everyone who wishes that the state should be prosperous will and must welcome all healthy reforms. And I am proud to say that I too have had the privilege of working for such healthy reforms for a period of more than 20 years. But now, after the whole bill is passed, I am constrained to say that this is not a healthy bill considering the various aspects. Particularly if you consider it from the standpoint of a pretty large section of the people of the State, namely the landlords, one can have no hesitation to say that it is a regular monster that is tearing in to the entrans of the landlords. Whatever it be, we have come to the last stage. The coffin has been brought to the grave and the only thing remains for us is to perform the last rites. Let me not be misunderstood when I speak of coffin and grave because I have heard some such expression differently worded about Government in this connection. What I mean to say is that this Bill will destroy the peace and harmony in the villages. It may be that there are differences of opinion. My own fears are that this peace, this harmony and happiness are likely to be seriously jeopardized by this bill. At the same time I would submit that if my apprehensions are falsified, I shall be only too glad. Now, Sir it is not my intention to refer to the various clauses which have been discussed at length. I shall refer briefly to the effects of the bill as I consider them to be. There were certain amendments proposed from the Opposition about standardisation etc. What

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

we have done in regard to that is most irrational. The next thing is about the restrictions on resumption, which says that it is only from tenant who has in excess of the ceiling area that land can be removed, which makes it practicably impossible for a landlord to get a single cent of land. Then about purchase price. I may submit Sir, that it will create very very harmful effect on a very large number of people and I have no hesitation in saying that this provision is unjust and of a very exproprietory nature. I am now reminded of the slogan' "ജന്മിത്വം നശിക്കട്ടെ" that the landlord be eliminated or destroyed. Some such thing. If that is to be the ideal I can not find fault with this Bill. If that slogan is taken to be the ideal of the ruling party, I am inclined to think that it is no wonder that ideal is followed by the Government also and has been put into section in this bill.

What I submit is let there be a provision giving permanent tenure to bona fide cultivators. If they want let them be permitted to get at least one acre. But this proposal was rejected. In the case of big landlords it may not work any hardship. But these small holders, and middle class landlords,who are maintaining themselves either partially or entirely by the income that they get as rent from their tenants, what is to be their fate? In the valuation of improvements and in the fixing of purchase price, etc. the landlord who is deprived of the land invariably has to lose. They may get the rent they used to get, get, for a period of 12 years. After that what is to be their fate? If they are given a lump sum they could invest it in some industry and make their position safe. Their position is really precarious. People who have lent money on the security of land will also be hit. They will be hit very hard. Even Land mortgage banks, I am sure, will be affected. We have got already the Debt Relief Act and the Money Lenders Act which have already ruined a great number of Banks. Nobody will even think of lending money to an agriculturist to carry on cultivation. This measure or rather this particular provision will very much disturb the harmony that exists now in villages. I do seriously doubt whether the damage done will not have its repercussions on industries also. It is said that this measure would bring in a bloodless revolution. If by revolution it is meant simply the process of turning topsy turny the existing conditions than really it is a revolutionary measure. We have violated by this legistation—practically all principles of fair play and Justice. We have shown the least respect for the right of owning property which have been held sacred in all these years. We have exhibited sympathy and extended help to only a certain section of the people. We have shown entire disregard to the rights of certain sections of the people, I mean the landlords—who, however bad, have a right to live. Now, will this measure lead to increase in production ? We have before us the example of Malabar where fixity of tenure was granted some years ago. There I am told, production has decreased as a result

LIBRARY ARCHIVES Kerala Legislative Assembly

instead of increasing. People who were once tenants have no enthusiasm to work and have grown more indolent. The only thing that might have weighed with the party that rules to usher in a reform like this must be their desire to make their position secure in the next general election. To gain this end, my submission is they should never jeopardise a vast population.

ശ്രീ. മാലേത്തു ഗോപിനാഥ പിള്ള: സർ, നിയമനിർമ്മാണമാകുന്ന നാടകത്തിന്റെ അവസാനത്തെ രംഗത്തു് നാം എത്തിയിരിക്കുകയാണു്. ഈ ബില്ലിന്റെ മൂന്നാം വായനക്രടി കഴിയുമ്പോൾ ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം അതിന്റെ താൽക്കാലികമായ ചുമതല അവസാനിക്കും. ഈ അവസരത്തിൽ വളരെ ശാന്തമായി, അപ്പുറത്തുനിന്നും ആവശ്യമില്ലാതെ ഉണ്ടായ ആക്രമണങ്ങളൊന്നും കണക്കിലെടുക്കാതെ സംസാരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. എന്റെ സുഹൃത്തു് ശ്രീ. ഇ. പി. ഗോപാലൻ അവർകൾ വളരെയധികം വീകാരഭരിതനായി ഇവിടെ സംസാരിക്കുന്നതു കേട്ടു. കാൺഗ്രസ്സു് ഭൂനയത്തിനെതിരാണെന്നും, പുരോഗമനപരമായ ഭൂനയപരിഷ്കാരങ്ങളെ എതിർക്കുന്നവരാണെന്നും ആയിരുന്നു അദ്ദേഹത്തിന്റെ വാദത്തിന്റെ അവസാനഭാഗം സൂചിപ്പിച്ചതു്. ഗൗളി ഉത്തരം താങ്ങുക എന്നൊരു പഴമൊഴി കേട്ടിട്ടുണ്ടു്. ആ പ്രസംഗം കേട്ടപ്പോൾ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരെ ഗവണ്മെന്റാക്കുന്ന ഗൗളി ഇൻഡ്യയിലെ കാർഷികപരിഷ്കാരമാകുന്ന ഉത്തരം താങ്ങുന്ന ഒരു പ്രതീതിയാണു് എനിക്കുണ്ടായതു്. 1917-ൽ നടന്ന ബീഹാറിലെ ചമ്പാരൻ സത്യാഗ്രഹവും, ഗുജറാത്തിലെ ഖേടാ സത്യാഗ്രഹവും എല്ലാം കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഭൂനയപരിഷ്കാര സംരംഭത്തിൽ എത്രമാത്രം വ്യഗ്രതയാണു് ഉണ്ടായിരുന്നതെന്നും, ഈ കാർഷികപരിഷ്കാരത്തിനുവേണ്ടിയും അതിനായി നടത്തിയിട്ടുള്ള സത്യാഗ്രഹം തുടങ്ങിയ പ്രക്ഷോഭണങ്ങൾക്കുവേണ്ടിയും എത്രമാത്രം യാതനകളാണു് കാൺഗ്രസ്സുകാർ സഹിച്ചിട്ടുള്ളതെന്നും, എത്രമാത്രം ആത്മാർത്ഥതയോടുകൂടിയാണു് കാൺഗ്രസ്സു് കർഷകന്റെയിടയിൽ പ്രവർത്തിച്ചിട്ടുള്ളതെന്നും ഇൻഡ്യയിലെ കഴിഞ്ഞ കാലചരിത്രം ശരിക്കു വായിച്ചു നോക്കീട്ടുള്ള ആളുകൾക്കു് ബോദ്ധ്യപ്പെടാൻ യാതൊരു പ്രയാസവുമില്ല. കഴിഞ്ഞ നാഗപ്പൂർ സമ്മേളനത്തിനുശേഷം കാൺഗ്രസ്സിന്റെ ഭൂനയം സംബന്ധിച്ചുള്ള പരിപാടി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണു്.

Mr. Speaker: Order, Order. The House will now adjourn and meet again tomorrow.

The Assembly adjourned at 5 p. m. to meet again at 8 a. m. on Wednesday the 10th June 1959.

LIBRARY ARCHIVES Kerala Legislative Assembly